Sahrudaya Reading Room.

Reg. No. T. 41. Licence No. 33. Dated 18th June 1926.

# ഭാഷാപോഷിണി

## ചിത്രമാസിക.

"വിദ്യാധനം സർവ്വധനാൽ പ്രധാനം"

K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY
MANNARGHAT



"സീതാജനന"ത്തിലെ ഹൃദയാവർജ്ജകമായ ഒരു രംഗം.

Price As 2. The Bhasha Poshini Illustrated Monthly. വില 2 ണ.

VOL 45. TIRUVALLA—MEENOM, MEDOM 1116. NO 8, 9.

Office—The Bhagyodayam Press Buildings, Pulikeezh— Thiruvalla.

ഒററപ്രതി വില രണ്ടണ.

# വരിസംഖ്യ

ആണ്ടിൽ അഞ്ചലിൽ ഒന്നരരൂപാ, തപാലിൽ രണ്ടു രൂപാ.



## വിഷയവിവരം.


1. മൂകരാഗം (കവിത) വിദ്വാൻ ഗോപാലകൃഷ്ണൻ നായർ. 3
2. മദാമ്മമാരുടെ കൺമയക്കിയ ചിത്രകലാപാടവം—കെ. പി. പത്മനാഭൻ തമ്പി, ബി. ഏ. 4
3. കല്ലും കരിയിലയും (കവിത) ഏറ്റുമാനൂർ എം. എസ്സ്. കുമാരൻനായർ ബി.എ. എൽ. ററി 5
4. ദാമ്പത്യം (ചെറുകഥ) പി. സി. കോരുത്ത് 6
5. ബ്രഹ്മവും ബ്രഹ്മാവും—സി. എൻ. ഏ. രാമയ്യശാസ്ത്രി എം. ഏ. 8
6. പാച്ചുപിള്ള സാർ (ഹാസ്യചിത്രണം) ജി. ഗോപാലപിള്ള ബി. ഏ. എൽ. ററി. 9
7. നാടകവും നാടകവും (കവിത) കവനാലയം 10
8. വൈരാവി—കുര്യൻ തൈക്കടവിൽ ബി. ഏ. ബി. എൽ. 11
9. ചക്രപാദാവതാരം—പി. ജെ. ജോൺ ബി. എ. 12
10. സഹോദരി (ചെറുകഥ) ഡാക്ടർ കെ. ജി. ഗോവിന്ദൻനായർ 14
11. ചിന്ത—എം. കെ. പത്മനാഭൻ ബി. ഏ. 18
12. നമസ്കരിക്കാം (കവിത) വിദ്വാൻ അടയത്തു കൃഷ്ണപിള്ള 20
13. മുഖസ്തുതിയും ആത്മപ്രശംസയും—വിദ്വാൻ ചെന്നിത്തല കെ. കൃഷ്ണയ്യർ. 21
14. അന്തിനക്ഷത്രം (കവിത) എൻ. മാധവൻ മുതുകുളം. 22
15. പ്രേമഭിക്ഷ (ചെറുകഥ) ജോർജ്ജുകരുവിള, തിരുവല്ലാ 23
16. പോർവിളി (കവിത) വെട്ടൂർ എസ്സ്. രാമൻനായർ. 24
17. ഏടദീപം—പ്രയാററു് ശങ്കരൻ പോററി. 25
18. സൗന്ദര്യപൂജ (കവിത) ജി. കുമാർ 26
19. പരസ്യങ്ങൾ.



**അടുത്ത ലക്കം മുതൽ**

റാവുസാഹിബ് ഒ. എം. ചെറിയാൻ അവർകളുടെ

**“മശിഹാനന്ദലഹരി”**

എന്ന ഭാവനാനിർഭരമായ ഖണ്ഡകാവ്യതല്ലജം ഭാഷാപോഷിണിയിൽ തുടച്ചയായി പ്രസിദ്ധീകരിക്കുന്നു

**Students' Note Book**

വിദ്യാർത്ഥികൾക്കാവശ്യമുള്ള എല്ലാവിധ നോട്ടുബുക്കുകളും മിതമായ വിലയ്ക്കു മൊത്തമായും ചില്ലറയായും കൊടുക്കുന്നു. സ്കൂളുകളിലേക്കോ കച്ചവടക്കാർക്കോ തങ്ങളുടെ വിലാസമച്ചടിച്ച ബുക്കുകൾ പ്രത്യേക ഓർഡർ അനുസരിച്ചു ചെയ്തുകൊടുപ്പാൻ തയ്യാർ.

മാനേജർ,

കേരളപബ്ളിഷിംഗ് കമ്പനി, പുളിക്കീഴ്—തിരുവല്ലാ.

# ഭാഷാപോഷിണി

## ചിത്രമാസിക.

ഭാഷാപോഷമശേഷമീഷലകലെപ്പേഷിക്കുവാൻ ശേഷിയും—ഭോഷാകം ധിഷണാവിശേഷവുമെഴും ദോഷജ്ഞത്രയായിതാ.
ഏഷാതോഷദ വേഷഭാഷണ ചണാ സോൽകർഷപോഷം ചിരം—"ഭാഷാപോഷിണി" ശേഷശായി കരുണോന്മേഷാൽ വിളങ്ങീടണം

പുസ്തകം 45. } 1116 മീനം, മേടം. { ലക്കം 8, 9.

# മൃകരാഗം

(വിദ്വാൻ, ഗോപാലകൃഷ്ണൻ നായർ)

—മാരകാകളി—

കോടക്കാർമാസമവസിതമായ് കാററു
ശീതളമായ് വീശിവന്നു;
മന്ദോഷ്ണമായും ചിലപൊഴുതന്തിയിൽ
തെന്നലടിച്ചിരുന്നെങ്ങും!
നഷ്ടമായ് വാനിൻെറ ശൈത്യഭരം,പരി
പുഷ്ടമായ് ലോകസൗഭാഗ്യം;
തുഷ്ടിതൻ മന്ദസ്മിതപ്രകാശത്തിലീ-
വിഷ്ടപം കോരിത്തരിച്ചു!!
ഏറിയകാലത്തെ മൗനം പിളൎന്നുടൻ
ഗ്രാമാന്തരങ്ങളിൽ നിന്നും
മാധുൎയ്യസാരം നിറഞ്ഞു തുളുമ്പിടു-
മോടക്കുഴൽ വിളി കേട്ടു
തോണിക്കാരൊക്കെയുമോടിത്തുഴയാതെ
ആനന്ദമുഗ്ദ്ധരായ് മെല്ലെ
വൃന്ദാവനത്തിലെക്കണ്ണനെക്കൊണ്ടുള്ള
സുന്ദരഗീതങ്ങൾ പാടി!!
മോഹനമാകുമന്നാളിൽ'സുവൎണ്ണ'തൻ
മാനസമന്ദാകിനിയിൽ
വേലിയേററങ്ങളുയൎത്തുമാറങ്ങൊരു
ശാരദചന്ദ്രനുദിച്ചു
'ഗോകുലഗ്രാമ'ത്തിൻ പ്രാന്തസ്ഥമാം ല
നാരായണക്ഷേത്രം തന്നിൽ (ലക്ഷ്മീ-
സുന്ദരനാകുമൊരു യുവസന്യാസി
വന്നണഞ്ഞാൻ ഭജിപ്പാനായ്
അന്നൊരു സായന്തനത്തി,ലമൃതാംശു
മന്ദമായ് പുഞ്ചിരിക്കൊൾകെ;
ഗ്രാമീണനാരിമാരൊത്തു സുവൎണ്ണയു-
മാഗതയായ് യതിമുമ്പിൽ.
മൂലഫലകുസുമാദികളൎപ്പിച്ചു
ലോലാക്ഷിമാർ ഭക്തിയോടെ
ആ യുവയോഗിയെപ്പൂജിച്ചു,നുഗ്രഹ-
മാവതും നേടിഗമിച്ചു
യാത്രാനുവാദമൎത്ഥിച്ചുസുവൎണ്ണയെ
നേത്രാഞ്ചലത്താൽ യതീന്ദ്രൻ
പേൎത്തുമാലിംഗനം ചെയ്കയാൽ, തന്വംഗി
ചാൎത്തുകയായ് രോമഹൎഷം
പിന്നീടവൾനിത്യമെത്തിയിരുന്നിത-
സ്സന്യാസിതൻ ചേവടിയിൽ
അൎച്ചനചെയ്തുപൂജിക്കുവാനായ് നറു-
പിച്ചകമാലയുമേന്തി
തങ്കക്കതിരോനുദിപ്പതിൻ മുന്നമേ
തങ്കുരസേന നീരാടി,
പൂങ്കുളിൎത്തെന്നലുമേററുകൊണ്ടോമലാൾ
പൊൻകിനാവെന്നപോൽപോകും
ഒട്ടുദൂരത്തുചെല്ലുമ്പൊഴേ, സൗഭഗം
മൊട്ടിട്ടു നില്ക്കുമമ്മെയ്യിൽ
തപിട്ടെഴുമദ്ദിവ്യദൎശനത്താലക-
ത്തുട്ടുപെട്ടെന്നു വിരിയും
അൎഘ്യസമൎച്ചനചെയ്തിട്ടുയോഗിതൻ
തൃക്കഴൽവീണുവണങ്ങും;
ചിൽക്കലാസൗന്ദൎയ്യമാസ്വദിച്ചാസ്വദി---
ച്ചുൾക്കാമ്പുമുഗ്ദ്ധമായ് ത്തീരും-
ഗ്രന്ഥപാരായണതല്പരൻ യോഗി ത-
ന്നന്തികത്തിങ്കൽ മരുവി
സാധുപുരാണകഥകൾ ശ്രവിച്ചവൾ
ചേതോവിശുദ്ധിവരുത്തും
നിത്യകൎമ്മങ്ങൾ കഴിഞ്ഞാൽസുവൎണ്ണയെ
പ്രത്യേകമങ്ങു വിളിച്ചു്,
തത്ത്വോപദേശങ്ങൾ നൽകുവാനായതി
ശ്രദ്ധിച്ചുവന്നു നിയതം.
എന്നാലതെല്ലാം ഗ്രഹിച്ചിരിക്കില്ല വ,-
ളെന്നതിൽ കുററമില്ലൊട്ടും.
ശുദ്ധവേദാന്തം മനസ്സിലാക്കാനവ-
ളത്രയ്ക്കു സന്യസിച്ചില്ല
അദ്ധ്യാത്മവൃത്തിയാലാശയം കല്പിച്ചൊ-
രത്തപസേന്ദ്രനിന്നെങ്ങോ-
മുഗ്ദ്ധതാരുണ്യം നിറഞ്ഞുതുളുമ്പുമ-
പ്പൊൽത്താരിൽ മാനിനിയെങ്ങോ-
എന്നാലുമേകാഗ്രശ്രദ്ധയോടായുവ-
സന്യാസിതന്നുപദേശം
സൎവ്വം കേട്ടനുഷ്ഠിച്ചു നിയമേന
നിൎവ്യാജഭക്തികാണിച്ചു
പൂജാകുസുമങ്ങൾ സംഭരിച്ചോമലാൾ
ദേവാൎച്ചനത്തിനു നൽകും;
നിത്യാഭിഷേകത്തിനുള്ള നദീജലം
കൃത്യമായ് ക്കൊണ്ടു വന്നീടും
പഞ്ജരപ്രാന്തത്തിൽ ചുററിപ്പറന്നിടും
മഞ്ഞക്കിളിയെന്നപോലെ
അക്കൊച്ചുയോഗിതൻ പാർശ്വത്തിലെ
മക്കീരവാണി ലസിച്ചു (പ്പൊഴും
വീണ്ടും വസന്തമണഞ്ഞു,ലതികകൾ
പൂങ്കുലയെങ്ങുമണിഞ്ഞു,
മാനസമെല്ലാം വിടൎന്നു, ഭുവനമൊ-
രാനന്ദസ്വപ്നമായ് തീൎന്നു
ചേണാളുമന്നൊരുനാളിൽ സുവൎണ്ണയെ
ക്കാണുവാൻ സാധിക്കാതായി,
ദേവാലയത്തിലുമിപ്പുഴവക്കിലു-
മാവാമ വന്നിരുന്നില്ല (മറുവശം)

(മറുവശം)

# മദാമ്മമാരുടെ കൺമയക്കിയ ചിത്രകലാപാടവം

## ചിത്രമെഴുത്തു് രവിവൎമ്മ കോയിത്തമ്പുരാനും രവിവൎമ്മചിത്രങ്ങളും.

(കെ. പി. പത്മനാഭൻ തമ്പി ബി. എ.)

ഉത്സാഹിയായ രവിവൎമ്മ, വിഖ്യാതങ്ങളായ ഹൈന്ദവപുരാണേതിഹാസങ്ങളിലുള്ള രസസമ്പൂൎണ്ണങ്ങളായ ഘട്ടങ്ങൾ ചിത്രീകരിയ്ക്കാൻ തുടങ്ങി. ഇദംപ്രഥമമായി അദ്ദേഹം ആലേഖ്യരൂപത്തിൽ പ്രദൎശിപ്പിച്ച കഥാരംഗം, ദുഷ്യന്തനിൽ അനുരക്തയായി തീൎന്ന മുനികന്യകയായ ശകുന്തളയുടെ കാമലേഖനമായിരുന്നു. ഈ ചിത്രം രവിവൎമ്മ അക്ഷരംപ്രതി അനുഷ്ഠിച്ചുപോന്ന കലാസിദ്ധാന്തങ്ങളിൽ പ്രഥമവും, പ്രധാനവും ആയതിനെ വിശദീകരിയ്ക്കുന്നു. എല്ലാ ചിത്രങ്ങളിലും ദൈവികവും, ആദ്ധ്യാത്മികവുമായ ഒരു ചൈതന്യപ്രസരം, സൗന്ദൎയ്യസ്ഫുരണം ഉണ്ടായിരിയ്ക്കണം. അതിന്റെ അഭാവം ഏതു ചിത്രത്തേയും വെറും ഉപരിപ്ലവചിത്രീകരണം മാത്രമാക്കി തീൎക്കുന്നു എന്ന കലാസിദ്ധാന്തത്തിന്റെ ഉത്തമപ്രകടനമാണു് പ്രസ്തുത ആലേഖ്യം. 1878-ൽ ഗവൎണ്ണരുടെ സ്വൎണ്ണമെഡലിനൎഹമായ ഈ ചിത്രം കലാനിരൂപകാഗ്രണിയായിരുന്ന ബക്കിംഗ്ഹാം പ്രഭുവിന്റെ പ്രത്യേകശ്രദ്ധയ്ക്കു് വിഷയീഭവിയ്ക്കുയും, അദ്ദേഹം ഉടൻതന്നെ ഗണ്യമായ ഒരു തുക നൽകി അതു് വിലയ്ക്കു വാങ്ങുകയും തന്റെ രമ്യഹൎമ്മ്യത്തിലെ അതിഥിസൽക്കാരമുറിയെ അലങ്കരിയ്ക്കാൻ അതിനെ ഉപയോഗിക്കയും ചെയ്തു. അടുത്ത വൎഷം ഗവൎണ്ണർ സായ്പിന്റെ ഒരു എണ്ണച്ഛായപ്പടം രവിവൎമ്മ എഴുതുകയും അതു ഗവൺമെന്റു് മന്ദിരത്തിൽ ആഡംബരസമന്വിതം സ്ഥാപിക്കുകയും ചെയ്തു. ഈ ചിത്രം രവിവൎമ്മയുടെ കലാകുശലതയെ പ്രകീൎത്തിയ്ക്കുന്നു. അഖിലലോകപ്രശസ്തി സമ്പാദിച്ച ചിത്രകാരന്മാരാൽ വരയ്ക്കപ്പെട്ട ആലേഖ്യങ്ങളുടെ ഇടയിൽ ഒരു മഹനീയസ്ഥാനം തിരുവിതാംകൂർകാരനായ ഒരു കലാകാരന്റെ ചിത്രത്തിനു് ഇദംപ്രഥമമായി ലഭിച്ചു. പ്രസ്തുത ചിത്രത്തിലെ വൎണ്ണസങ്കലനവും, തന്മയത്വവും, യാഥാൎത്ഥ്യസമ്പൂൎണ്ണമായ ചൈതന്യവും കണ്ടു് നാട്ടുകാരും വിദേശികളും അത്ഭുതപരതന്ത്രരായി. ബക്കിംഗ്ഹാം പ്രഭു സന്തോഷാധിക്യം ഹേതുവായി രവിവൎമ്മയെ ഹാൎദ്ദമായി അനുമോദിയ്ക്കുകയും, താൻ യൂറോപ്പിലെ അതിപ്രശസ്തനായ ഒരു ചിത്രകാരനു് ഫവ്വ-ൽ പരം സൗകൎയ്യങ്ങൾ നൽകീട്ടും, അയാൾക്കു് രവിവൎമ്മയ്ക്കു വരയ്ക്കാൻ കഴിഞ്ഞതുപോലെ -ജീവചൈതന്യം വഴിഞ്ഞൊഴുകുന്ന ഒരു ഛായാചിത്രം എഴുതാൻ സാധിച്ചില്ലെന്നും ഉള്ള പരമാൎത്ഥം പ്രഖ്യാപനം ചെയ്യുകയും ചെയ്തു.

വിശാഖം തിരുനാൾ മഹാരാജാവിന്റെ ആജ്ഞയനുസരിച്ചു് രവിവൎമ്മ അടുത്തതായി സീതയുടെ "അഗ്നിപ്രവേശം" ചിത്രീകരിച്ചു. വികാരസമ്പൂൎണ്ണവും, സ്തോഭജനകവും ആയ ഈ ആലേഖ്യം നിരൂപകാഗ്രേസരനായിരുന്ന മഹാരാജാവിന്റെ സവിശേഷമായ അഭിനന്ദത്തിനു പാത്രമായി. രാജാ സർ ടി മാധവരായർ ഈ ചിത്രം കാണുകയും, അതിൽ ആകൃഷ്ടനായി അതു വാങ്ങുകയും ചെയ്തു. 1880-ൽ പ്രസ്തുത ആലേഖ്യം പൂനായിലെ കലാപ്രദൎശനത്തിൽ പ്രദൎശിപ്പിയ്ക്കപ്പെടുകയും, ഗയിക്കുവാർ മഹാരാജാവിന്റെ സ്വൎണ്ണമെഡലിനു് അൎഹമാകുകയും ഭാരതീയകലാലോകത്തിൽ ഒരു സമ്പൂജ്യസ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. ബോംബെ സംസ്ഥാനത്തിലെ ഗവൎണ്ണരായിരുന്ന ജയിംസ് ഫർഗ്ഗുസൻ ഈ ചിത്രം കണ്ടു് അത്ഭുതപരതന്ത്രനായി അതു തനിയ്ക്കു തന്നെ വേണമെന്നു ശഠിയ്ക്കുകയും അതിനു വിലയായി എന്തു തന്നെയും നൽകാമെന്നു പ്രസ്താവിയ്ക്കുകയും ഉണ്ടായി. ചിത്രത്തിന്റെ ഉടമസ്ഥൻ രാജാ-സർ ടി മാധവരായരാണെന്നറിഞ്ഞു് ഫർഗ്ഗുസൻ ഭഗ്നോത്സാഹനായി. സായ്പിന്റെ നിൎബന്ധപൂൎവ്വമായ അപേക്ഷയുടെ ഫലമായി രാജാ സർ ടി മാധവറാവു രവിവൎമ്മയെക്കൊണ്ടു് അതേമാതിരി വേറൊരു ആലേഖ്യം എഴുതിച്ചു കൊടുത്തു് ഗവൎണ്ണരെ സന്തുഷ്ടനാക്കി. അപഹൃതചിത്തനായ ഫർഗ്ഗുസൺ കലാകൃത്തിനു് ഗണ്യമായ ഒരു തുകയ്ക്കു പുറമെ ആംഗ്ലേയരാജകുടുംബത്തിലെ അംഗങ്ങളുടെ ചിത്രങ്ങളടങ്ങിയ ഒരു ചിത്രസമുച്ചയം സമ്മാനിയ്ക്കുകയും ചെയ്തു.

മദ്രാസിൽ കലാപ്രദൎശനം നടന്നുകൊണ്ടിരിയ്ക്കുന്ന കാലത്തു് രവിവൎമ്മയ്ക്കു് മററു സുപ്രശസ്തരായ ചിത്രകാരന്മാരുമായി പരിചയപ്പെടാനിടയായി. പ്രകൃതിരാമണീയകത്വം നിസൎഗ്ഗസുന്ദരമായി ചിത്രീകരിക്കുന്നതിൽ അതിശയകരമായ വൈദഗ്ദ്ധ്യം നേടീട്ടുള്ള ഇററലിദേശക്കാരായ ചില സ്ത്രീകൾ അക്കാലത്തു മദ്രാസിൽ ഉണ്ടായിരുന്നു. അവരുടെ ക്ഷണമനുസരിച്ചു് ഒരു ദിവസം രവിവൎമ്മ തനി മലയാളി വേഷത്തിൽ അവർ നിവസിച്ചിരുന്ന രമ്യഹൎമ്മ്യത്തിലേക്കു പോയി. പ്രശസ്തനായ അതിഥിയെ യഥോചിതം സ്വീകരിയ്ക്കുന്നതിനു് ചിത്രകലാനിപുണകളായ ലലനാമണികൾ കോണിപ്പടിയുടെ ചുവട്ടിൽ കാത്തു നിൽക്കുകയായിരുന്നു. രവിവൎമ്മ തന്റെ കുടയും ചെരിപ്പും കോണിപ്പടിയുടെ ചുവട്ടിൽ വെച്ചിട്ടു് മുകളിലേക്കു പോയി. കുറേ നേരത്തെ സരസസംഭാഷണത്തിനു ശേഷം രവിവൎമ്മ ആതിഥേയകളാൽ അനുഗതനാ

---

സന്ത്യജിച്ചെന്നാം യതീന്ദ്രന്റെ പാവന
സമ്പൽസൗഖ്യപ്രകാണ്ഡം;
സന്തുഷ്ടികിട്ടാതെപോയിരിക്കാമവൾ
ശാന്തിലഭിപ്പാൻ മറെറങ്ങോ-:
അന്തസ്സമാധാനമേകിയജ്ഞാലതൻ
സന്താപവഹ്നികെടുത്താൻ
സിദ്ധനാമദ്വിവ്യസന്യാസിവൎയ്യനും
ശക്തനല്ലെന്നുതാൻ വന്നോ?-
ദുഃഖസുഖങ്ങളും പുണ്യപാപങ്ങളു-
മൊക്കെയൊന്നിച്ചു പുണരും
സ്വൎഗ്ഗീയസങ്കേതം തേടിയാകന്യക
നിൎഗ്ഗമിച്ചെന്നും വന്നീടാം!
പ്രേമമേ, നിൻഗതിപേൎത്തുമനൗചിത്യ
സീമകൾതോറുമാണെങ്കിൽ
ഈ മട്ടിലെത്രയോ പാവനാത്മാവുകൾ
പോയ് മറഞ്ഞിടുമിരുളിൽ!!!

---

യി താഴോട്ടു വന്നു. രവിവമ്മ തൻെറ കുടയും ചെരിപ്പും കൈകാലുകൾ കൊണ്ടു് തപ്പാൻ തുടങ്ങി. സൂക്ഷിച്ചു നോക്കിയപ്പോഴാണു് തനിയ്ക്കു പററിയ കളിപ്പു് അദ്ദേഹത്തിനു് മനസ്സിലായതു്. വാസ്തവത്തിലുള്ള കുടയ്ക്കും ചെരിപ്പിനും പകരം അവിടെ കണ്ടതു് അവയുടെ ചിത്രങ്ങളായിരുന്നു. കുസൃതികളായിരുന്ന വനിതമാർ രവിവമ്മയുടെ പരുങ്ങൽ കണ്ടു് പൊട്ടിച്ചിരിച്ചു പോയി. പിന്നീടു് അവർ ക്ഷമായാചനം ചെയ്യുകയും അദ്ദേഹത്തിൻെറ കുടയും ചെരിപ്പും കൊടുക്കുകയും ചെയ്തു. കുസൃതിക്കുട്ടുകളായ ഈ യുവതികളെ ഒരു പ്രതീകാരകലാകൗശലം കൊണ്ടു് മര്യാദ പഠിപ്പിയ്ക്കണമെന്നു് രവിവമ്മ അപ്പോൾ തന്നെ നിശ്ചയിച്ചു.

കുറേദിവസങ്ങൾക്കുശേഷം രവിവമ്മ ഇററാലിയൻ യുവതികളെ പ്രതി സന്ദർശനത്തിനു ക്ഷണിച്ചു. അവരെ സ്വീകരിയ്ക്കുന്നതിനായി രവിവമ്മ തൻെറ രണ്ടു നിലക്കെട്ടിടത്തിൻെറ ഗേററിനടുക്കൽ നിൽക്കുന്നുണ്ടായിരുന്നു. അദ്ദേഹം അവരെ സ്നേഹാദരസമന്വിതം സ്വീകരിച്ചു് മുകളിലേക്കാനയിച്ചു. മുകളിലെ രണ്ടുനിലകളും ചേതസ്സമാകർഷകമാംവണ്ണം അലങ്കരിയ്ക്കപ്പെട്ടിരുന്നു. ഒരു മുറിയിൽ പ്രവേശിച്ചതിനു ശേഷമെ അതിനെതിരിലുള്ള അടുത്ത മുറിയിലേക്കു കടക്കുവാൻ സാധിയ്ക്കുകയുള്ളു. രണ്ടാമത്തെ മുറിയിലേക്കുള്ള വാതിലിനെ ഒരു നേരിയ സിൽക്കുകർട്ടൻ ആച്ഛാദനം ചെയ്തു കിടപ്പുണ്ടായിരുന്നു. അതിഥികളോടൊന്നിച്ചു് രവിവമ്മ ആദ്യത്തെ മുറിയിലേക്കു പ്രവേശിച്ചു. എന്നിട്ടു് ഏതോ അത്യാവശ്യമായ സംഗതി പൊടുന്നനവേ ഓമ്മിച്ചതുപോലെ അദ്ദേഹം അവരോടു ഇപ്രകാരം പറഞ്ഞു. "എനിയ്ക്കു് അത്യാവശ്യമായ ഒരു കമ്പിസന്ദേശം വീട്ടിലേക്കയയ്ക്കാനുണ്ടു്. നിങ്ങൾ ദയവുചെയ്തു് ഈ എതിരേ കാണുന്ന സൽക്കാരമുറിയിൽ അല്പനേരം വിശ്രമിയ്ക്കണം" രവിവമ്മ സന്ദേശം എഴുതുന്നതിൽ വ്യാപൃതനായി. അതിഥികൾ കുടകൊണ്ടും കൈകൾകൊണ്ടും സൽക്കാരമുറിയുടെ വാതലിൽ കിടന്നിരുന്ന ലോലമായ കർട്ടൻ മാററുന്നതിനു് ഉദ്യമിച്ചു. വാസ്തവത്തിലുള്ള കർട്ടനുപകരം അവർ അവിടെ കണ്ടതു് അതിചതുരതയോടുകൂടി ഭിത്തിയിൽ തന്നെ വരച്ച ഒരു കർട്ടനായിരുന്നു. നാണിച്ചു തളന്ന അവർ ദയനീയമായി രവിവമ്മയെ നോക്കി. സുസ്മേരവദനനായി അദ്ദേഹം അവരോടു പറഞ്ഞു. "ഹി

# "കല്ലും കരിയിലയും."

(ഏററുമാന്നൂർ എം. എസ്സ്. കുമാരൻനായർ ബി. എ. എൽ. ററി.

—ഗീതിക—

1

വഴിയിൽക്കിടക്കുമീച്ചെറുകല്ലേവം ചൊൽവൂ:—
"പഴിവാക്കോതുന്നെന്നെനോക്കിയിപ്പഥികന്മാർ.
'വഴിയാധാരസ്ഥിതി' വന്നിട്ടും പരദ്രോഹം
കഴിയും വിധം ചെയ്യും വൻപാപിയല്ലോ ഞാനും!
വെറുതേ വിധിയിങ്ങോട്ടെറിഞ്ഞൂ: മാറാൻ സ്വയം
തിറമില്ലിവിടേവം കേഴുകതന്നേ ഗതി·
ആതപം പഴുപ്പിക്കും, മഴയാൽക്കുട്ടം മൂച്ച്,
സാധുഞാൻ പ്രകൃതിക്കു കയ്യിലൊരുഗ്രായുധം!
പല്ലവമൃദുപാദപീഡഞാൻ ചെയ്യുന്നുണ്ടോ,
മല്ലലാലെൻ ചിത്തവും നീറുന്നുണ്ടല്ലൊപ്പൊഴെല്ലാം
കല്ലിനും കണ്ണീരുണ്ടു്, കാണുവാൻ കണ്ണില്ലാത്തോ-
രല്ലയോ ഗത്യന്തരഹീനനെപ്പഴിക്കുവോർ?
ശഷ്പപാളിയാൽ പച്ച നീരാളം പുതച്ചെൻെറ
ശപ്തമാം ജനുസ്സ്,തിലെന്നേയ്ക്കും മറഞ്ഞെങ്കിൽ!! ....."

II

കാററടിച്ചതുണ്ടോട്ടമീശുഷ്കപത്രം ചില
ച്ചേററവും വിനീതമായൎത്ഥിക്കയാവാമേവം
"വന്ദനം ജഗൽപ്രാണ! നിൻമതം പോലെങ്ങേങ്ങോ
ചെന്നുവീണടിഞ്ഞോളാം സ്വശക്തിവിഹീനൻ ഞാൻ
എങ്കിലും പരന്മാക്കെൻ ശുഷ്കമെമം ജഡമല്ല-
മെങ്കിലും പ്രയോജകീ ഭവിക്കിൽ കൃതകൃത്യൻ!
നല്ലകാലത്തു വർണ്ണപ്പകിട്ടോ പ്രഭാവമോ
തെല്ലുമേ കാംക്ഷിക്കാത്തോരെന്നന്ത്യമേവം പോരും!
ക്ഷുദ്രപാഷാണാകീർണ്ണകാപഥമൊന്നിൽ ച്ചെന്നു
വിദ്രുതം വീഴട്ടേഞാ,നൊട്ടതിൽപ്പരിതുപ്പൻ
മഞ്ഞുനീക്കണങ്ങളാൽ കുതിന്നും, ദ്രവിച്ചു, മ-
ങ്ങഞ്ജസാ പഥിമൃദുവിരിപ്പായ് ഭവിക്കാവൂ!
അചിരാൽത്തൃണജാലമങ്ങെങ്ങും പടരുമ്പോ
ളവതൻ ചെറുവേരിന്നുരമായ് മറയാവൂ!!

---

ന്ദുപുരാണങ്ങളിൽ" "സ്ഥലജലഭ്രമം" എന്നൊരുകലാകൌശലത്തെപ്പററി പ്രതിപാദിയ്ക്കുന്നുണ്ടു്. ഈ വിദ്യ എനിക്കു വശമല്ലെന്നു തന്നെയിരിയ്ക്കട്ടെ! ദയവുചെയ്തു് ഈ കമ്പിസന്ദേശം വായിയ്ക്കു. എന്താ! ഇത്രയും കൊണ്ടു മതിയായില്ലേ" ഇതായിരുന്നു കമ്പിസന്ദേശം "ആഗ്രഹിച്ചിരുന്നതുപോലെ ഇററാലിയൻ യുവതികളോടു് ശരിയായി പകരം വീട്ടാൻ കഴിഞ്ഞു. അവർ ചുവരിൽ എൻെറ മുമ്പിൽവെച്ചു് തലതല്ലുന്നു." വാസ്തവത്തിൽ മുകളിൽ ഒരു മുറിമാത്രമെ ഉണ്ടായിരുന്നുള്ളു. പിന്നൊരു മുറിയും ഉണ്ടെന്നു തോന്നിയ്ക്കത്തക്കവണ്ണം ഒരു മുറിയുടെ പ്രവേശനദ്വാരവും, കർട്ടനും, ചിത്രങ്ങൾ കൊണ്ടു് നിമ്മിയ്ക്കുകയായിരുന്നു ഭാവനാകുശലനായ രവിവമ്മ ചെയ്തതു്.


# ഭാരതീയ കഥകൾ

വിജ്ഞാനപ്രദങ്ങളും വിനോദകരങ്ങളും തന്മയത്വസമ്പൂർണ്ണങ്ങളുമായ 26 ചെറുകഥകളുടെ സമുച്ചയം. വില 1 ക. കുറച്ചു പ്രതികൾ മാത്രം. ഉടൻ ആവശ്യപ്പെടുക.

മാനേജർ,
കേരളപബ്ലിഷിംഗ് കമ്പനി
പുളിക്കീഴ്—തിരുവല്ലാ.

ചെറു കഥ.

# ദാമ്പത്യം

പി. സി. കോരുത്.

"ഭാര്യാരൂപവതീ ശത്രു"— വക്കീൽ ശങ്കരമേനോൻ ആത്മഗതം ചെയ്തു:—"ഇത്ര സുന്ദരിയായ ഭാര്യയെ ഞാൻ വിവാഹം ചെയ്യേണ്ടിയിരുന്നില്ല. എല്ലാവരും അവളെ നോക്കുന്നു. എല്ലാവരും അവളെ പ്രശംസിക്കുന്നു. എല്ലാവർക്കും അവളുടെ കാര്യമേ പറയുവാനുള്ളു."

മേനോൻ ദീർഘമായി നിശ്വസിച്ചിട്ട് റിക്ഷായിൽ കയറി കച്ചേരിയിലേക്കു പോയി. വികാരങ്ങളുടെ സമ്മർദ്ദംമൂലം ഹൃദയത്തിലുണ്ടായ വിപ്ലവത്തിന്റെ നേരിയ ലാഞ്ഛനങ്ങൾ പോലും പുറത്തു പ്രകാശിപ്പിക്കാതെ അദ്ദേഹം സ്നേഹിതന്മാരായ മററു വക്കീലന്മാരുമായി സല്ലപിച്ചു; വെടിപറഞ്ഞു; തീവയ്പുകേസിലെ പ്രതികൾക്കുവേണ്ടി കോടതിയിൽ വാദിച്ച്, അവർക്കു ജാമ്യമനുവദിപ്പിക്കുകയും ചെയ്തു. കോടതിയിലെ ജോലി കഴിഞ്ഞപ്പോൾ വീണ്ടും ആ പഴയ വിചാരം അദ്ദേഹത്തെ ഗ്രസിച്ചു. മീനാക്ഷിയമ്മയുടെ സ്വഭാവത്തിൽ ഇതുവരെ യാതൊരു കുററവും കണ്ടുപിടിക്കുവാൻ സൂക്ഷ്മദൃക്കായ ആ യുവഭർത്താവിനു കഴിഞ്ഞിട്ടില്ല. തന്നോടുള്ള പെരുമാററത്തിൽ ഒരിക്കലെങ്കിലും ഒരു അനാദരവോ, സ്നേഹരാഹിത്യമോ അലസതയോ അവൾ കാണിച്ചിട്ടില്ല. ഗൃഹഭരണഭാരത്തെപ്പററി യാതൊരു വിധമായ പരാതിയും ഇന്നുവരെ പറഞ്ഞിട്ടുമില്ല. എപ്പോഴും സംതൃപ്തിയും ഹൃദയം കുളർപ്പിക്കുന്ന ഒരു മധുരമന്ദഹാസവും—എങ്കിലും ശങ്കരമേനോന്റെ ഉള്ളിൽ അടിസ്ഥാനമില്ലാത്ത ഒരു സംശയം അങ്ങനെ മുളച്ചുവളർന്നുവന്നു. ഒരു സായാഹ്നത്തിൽ പാർക്കിൽവച്ച് ഐസക്കുവക്കീൽ തന്നെക്കണ്ടപ്പോൾ "മീനാക്ഷിയമ്മയ്ക്കും സുഖം തന്നെയല്ലേ?" എന്നു കുശലം ചോദിച്ചു. പിന്നൊരിക്കൽ സിനിമാഹാളിൽവച്ച് "എന്താ വീട്ടുകാരിയെ കൊണ്ടുവരാതിരുന്ന"തെന്നു നാരായണപിള്ള വക്കീൽ അന്വേഷിച്ചു. മറെറാരിക്കൽ മഹിളാമന്ദിരത്തിലെ കൗതുകവിൽപ്പന സ്ഥലത്തുവച്ചു "തനിച്ചു പോന്നതു ശരിയായില്ല. മിസ്സിസ്സ് എവിടെ?" എന്നു ഒരു പുഞ്ചിരിയോടുകൂടി സെക്രട്ടറി ആരാഞ്ഞു:—ഇതെല്ലാം ശങ്കരമേനോന്റെ സംശയത്തിനു മാററുകൂട്ടി.

നബിദിനം പ്രമാണിച്ച് അന്നു കോടതികൾക്കവധിയായിരുന്നു. മുസ്ലീം മജിലിസ്സിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന മഹാസമ്മേളനത്തിനു ഗംഭീരമായ ഒരുക്കങ്ങൾ ചെയ്തിരുന്നു. ആ മഹായോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതിനു ഒരു ധനികനായ കക്ഷിയുടെ നിർബന്ധത്താൽ ശങ്കരമേനോനു പോകേണ്ടിവന്നു. പോകുമ്പോൾ അദ്ദേഹം വേലക്കാരനെ വിളിച്ച് ഇങ്ങനെ പറഞ്ഞു:—

"മാധവാ ഞാൻ അഞ്ചുമണികഴിഞ്ഞേ തിരിച്ചു വരുകയുള്ളു. നീ ഇവിടെത്തന്നെയുണ്ടായിരിക്കണം."

മേനോൻ പോയി. അദ്ദേഹം പോകുന്നതു മീനാക്ഷിയമ്മ ജനലിന്റെ അഴികൾക്കിടയിൽക്കൂടെ നോക്കിക്കൊണ്ടു നിന്നു. അടുത്ത കുറച്ചുകാലങ്ങളായി ഭർത്താവിന്റെ നർമ്മസംഭാഷണങ്ങളിലും പെരുമാററങ്ങളിലും അതിസൂക്ഷ്മങ്ങളായ ചില കുറവുകൾ അവൾ ദർശിക്കുന്നുണ്ട്. പക്ഷെ അതിനുള്ള കാരണം കേവലം അജ്ഞാതമാണു താനും. ഈയിടെ കേസ്സുകൾ ധാരാളമായിക്കിട്ടിത്തുടങ്ങിയതുകൊണ്ടു ജോലി കൂടുതലായിരിക്കാം ഒരുവേള ഇതിന്റെ കാരണമെന്ന് അവൾ സംശയിച്ചു. ഒരു നെടുവീർപ്പോടുകൂടി മീനാക്ഷിയമ്മ കട്ടിലിൽ പോയി കിടന്നു. അങ്ങനെ കിടന്ന് ഉറങ്ങിപ്പോയി.

നബിദിനാഘോഷം സംബന്ധിച്ചു പൊതുയോഗം രണ്ടുമണിക്കവസാനിച്ചു. അനന്തരമുള്ള തേയിലസൽക്കാരത്തിൽ ഭാഗഭാക്കാകണമെന്നുള്ള ഭാരവാഹികളുടെ വിനീതമായ അപേക്ഷകളെ അവഗണിച്ചു മേനോൻ സ്വവസതിയിലേക്കു തിരിച്ചു. അദ്ദേഹത്തിന്റെ സംശയദൃഷ്ടികൾ ഗൃഹപരിസരങ്ങളിലും അനന്തരം അങ്കണപ്രദേശങ്ങളിലും ഉഴറിപ്പാഞ്ഞു. ഒരു കാഴ്ച—ഹൃദയം നടുക്കുന്ന ഒരു കാഴ്ച—തന്റെ സകല സംശയങ്ങളെയും അഷ്ടഗന്ധമിട്ടുറപ്പിക്കുന്ന ഒരു കാഴ്ച—വക്കീൽ ശങ്കരമേനോൻ കണ്ടു. നീണ്ടു കറുത്ത കോട്ടിട്ട ഒരാൾ അടുക്കളഭാഗത്തുകൂടി ഓടിമറയുന്നു!

അനുമാനങ്ങൾകൊണ്ടു തെളിവു ശേഖരിക്കുന്ന അപസർപ്പകന്മാരെ അമ്പരപ്പിക്കുന്ന ആ അഭിഭാഷകന്റെ തലമണ്ടയിൽക്കൂടി ഒന്നു, രണ്ടു, മൂന്നു എന്നിങ്ങനെ അനേകമനേകം ചലച്ചിത്രങ്ങൾ ഒന്നിനുപുറകെ ഒന്നായി മിന്നൽവേഗത്തിൽ പാഞ്ഞുപോയി. ആ യുവഭർത്താവിന്റെ നാവു വരണ്ടു, ശരീരം തളർന്നു. ഹൃദയത്തിന്റെ ഇടിപ്പുകൾ ശക്തിയായി തെറിച്ചു തെറിച്ചു നിന്നു. എങ്കിലും അഭ്യസ്തവിദ്യനും സംസ്ക്കാരസമ്പന്നനുമായ അദ്ദേഹം സകല മനസ്സാന്നിദ്ധ്യത്തെയും സ്ഥൈര്യത്തെയും ധൈര്യത്തെ കേന്ദ്രീകരിച്ചു വിശേഷവിധിയായി യാതൊന്നും സംഭവിച്ചിട്ടില്ലെന്നുള്ള ഭാവേന വീട്ടിൽ ചെന്നുകയറി. അല്പം മുമ്പുമാത്രം ഉണർന്നുവെങ്കിലും ഉറക്കം തെളിയാതെ കിടക്കയിൽതന്നെ അഴിഞ്ഞുലഞ്ഞ തലമുടിയോടും തുടുത്ത കൺപോളകളോടും പതിവില്ലാത്ത പകലുറക്കംമൂലം അല്പമൊന്നു വിളറി നിറം മങ്ങിയ കവിൾത്തടങ്ങളോടും കിടക്കുന്ന താരുണ്യമനസുഭഗയായ സ്വഭാര്യയെ മേനോൻ ഒന്നു നോക്കി. ആ നോട്ടത്തിൽ ദൃശ്യമായ നൈഷ്ഠുര്യവും ക്രൗര്യവും മീനാക്ഷിയുടെ ദാമ്പത്യജീവിതത്തിൽ ഇദംപ്രഥമമായ കാഴ്ചയായിരുന്നു. ഭർത്തൃസന്നിധിയിൽ ഒരു പുഞ്ചിരിയെങ്കിലും സമർപ്പിക്കുവാനുള്ള അവളുടെ ശ്രമം വിഫലമായി. അദ്ദേഹം യാതൊന്നും സംസാരിക്കാതെ വസ്ത്രങ്ങൾ മാറിയിടുന്നതിനായി മററൊരു മുറിയിലേക്കു പോയി. പോകുമ്പോൾ അടക്കുവാൻ വയ്യാത്ത രോഷത്തോടെ അദ്ദേഹം പല്ലുകടിക്കുന്നതായി അവൾ കണ്ടു.

വക്കീൽ ശങ്കരമേനോന്റെ ജീവിതത്തിൽ വലിയ പരിവൎത്തനമുണ്ടായി. ഏകാഗ്രചിത്തനായി കേസുകൾ പഠിക്കുവാൻ അദ്ദേഹത്തിനു സാധിക്കാതെവന്നു. ഉത്സാഹപ്രകടനങ്ങളും വിനോദഭാഷണങ്ങളും വളരെക്കുറഞ്ഞു. കക്ഷികൾ, മററു വക്കീലന്മാരെ അന്വേഷിക്കുവാനും തുടങ്ങി. മീനാക്ഷിയമ്മയുടെ സ്ഥിതി പരമദയനീയമായി. ഈ മൂന്നുമാസത്തിനിടയ്ക്കു് ഭൎത്താവു് ഒരിക്കലെങ്കിലും അവൾക്കു് ദർശനം നൽകിയിട്ടില്ല. ഈ നീണ്ട മൂന്നു മാസത്തിനിടയ്ക്കു്, 'നീ വനിതാസമാജത്തിനു് ഇനി പൊയ്ക്കൂടാ: ഈ വീടിനു പുറത്തിറങ്ങുവാൻ പാടില്ല.' – എന്നൊരു ശാസനം മാത്രമാണു് ഭൎത്താവിൽനിന്നു് അവളെ ഉദ്ദേശിച്ചു പുറപ്പെട്ടിട്ടുള്ള വാക്കുകൾ.

ഉറവു വററിപ്പോയ നദിപോലെയായി അവളുടെ സ്ഥിതി. കണ്ണുനീരിനു് ഉപ്പു നോക്കിക്കൊണ്ടു് അവൾ ദിനരാത്രങ്ങളെ പിൻതള്ളി. താൻ വല്ല തെററും ചെയ്തിട്ടുണ്ടെങ്കിൽ സവിശേഷമായി വിചാരിച്ചു തന്നോടു ക്ഷമിക്കണേ എന്നു് ഭർതൃപാദങ്ങളിൽ വീണു കരയുവാൻ അവൾ പലവട്ടം ആഗ്രഹിച്ചു. പക്ഷെ അങ്ങനെയൊരു കൂടിക്കാഴ്ചയ്ക്കുപോലും അവൾക്കവസരം ലഭിച്ചില്ല. അവളുടെ ഹൃദയം മെഴുകുപോലെ ഉരുകിക്കുറഞ്ഞു. തന്റെ ജീവിതം പരമദുർബലമായ ഒരു ലോലതന്തുവിൽ തൂങ്ങുകയാണെന്നും അവൾക്കു മനസ്സിലായി. രോഗശയ്യയിൽ അസ്ഥിമാത്രശേഷയായി, മരണത്തിന്റെ കരാളവക്ത്രഗഹ്വരത്തിലേക്കു അനിമേഷം നോക്കിക്കൊണ്ടിരിക്കുന്ന മീനാക്ഷിയമ്മയെ ഒന്നു നോക്കുവാൻപോലും, കൃത്യശതവ്യഗ്രനായ ശങ്കരമേനോനു സന്മനസ്സുണ്ടായില്ല.

അവസാനം ആ അന്ത്യവിനാഴികയും വന്നു ചേൎന്നു. തന്റെ പ്രേമസർവ്വസ്വമായ ഭൎത്താവിന്റെ കൃശഗാത്രം കണ്ണുനീരിന്റെ മറവിൽക്കൂടി നിർഭാഗ്യവതിയായ ആ ഭാൎയ്യ കണ്ടു. അവളുടെ സകല ആശയങ്ങളും ആ കാഴ്ച കൊണ്ടവസാനിച്ചു. ഭർത്തൃമുഖത്തേക്കു മാത്രം ചാഞ്ഞ ആ കണ്ണുകൾ തൽക്ഷണം ചലനരഹിതമായി. വരണ്ട ചുണ്ടുകളിൽ അല്പപ്രഭ ചൊരിഞ്ഞു നിന്ന പുഞ്ചിരി, രാഹുഗ്രസ്തനായ ചന്ദ്രന്റെ പ്രകാശംപോലെ വിളറി മങ്ങി മറഞ്ഞു.

ശങ്കരമേനോൻ കരഞ്ഞില്ല. ഒരൊററ തുള്ളി കണ്ണുനീർ അദ്ദേഹത്തിന്റെ കുഴിഞ്ഞ നേത്രങ്ങളിൽ പൊടിയുകപോലും ചെയ്തില്ല. ആ കറുത്ത കോട്ടുകാരൻ ഓടി മറിയുന്ന ആ രംഗം എപ്പോഴും സജീവമായി അദ്ദേഹത്തിന്റെ ഹൃദയത്തിൽ സ്ഥലം പിടിച്ചിരുന്നു.

ഭാൎയ്യയുടെ ദേഹവിയോഗാനന്തരം ശങ്കരമേനോൻ സംസാരവിരക്തനായിത്തീൎന്നു. അദ്ദേഹം ഭൃത്യൻ മാധവനെവിളിച്ചു് അന്നുവരെയുള്ള ശമ്പളം കണക്കുതീൎത്തു കൊടുത്തു "മാധവാ"—അദ്ദേഹം ഗദ്ഗദത്തോടുകൂടിപ്പറഞ്ഞു.—"ഞാൻ ലോകത്തിൽ ഏകനായിത്തീൎന്നു. ഇനിയെനിക്കു് അജ്ഞാതനായി ജീവിതം കഴിച്ചുകൂട്ടണമെന്നേ ആഗ്രഹമുള്ളു. നിന്റെ വകയായി ഇവിടെയുള്ള സമാനങ്ങളെല്ലാമെടുത്തുകൊണ്ടു, നിനക്കു നാളെ രാവിലെ പുതിയ ഒരു ജോലി അന്വേഷിച്ചു് എവിടേക്കെങ്കിലും പോകാം."

ഭൃത്യനും യജമാനനും കരഞ്ഞു. അടുത്ത ദിവസം രാവിലെ മാധവൻ അവന്റെ ഭാണ്ഡവുമായി യാത്രക്കു തയ്യാറായി. അവൻ വിനീതനും സങ്കടവിവശനുമായിപ്പറഞ്ഞു.

'യജമാനനേ ഞാൻ പോകുന്നു. എന്റെ ഭാണ്ഡത്തിൽ ഇവിടത്തേ വക വല്ലതുമുണ്ടോ എന്നു നോക്കിക്കൊള്ളണം?

മാധവന്റെ മാറാപ്പു് അദ്ദേഹം പേരിനുമാത്രം പരിശോധിച്ചു. അതിൽ ഒരു തേഞ്ഞ ക്ഷൗരക്കത്തി, ഒരു സ്ലേററുകഷണം, ഒരു മുറിപ്പെൻസിൽ, അരച്ചുക്രത്തിന്റെ ചില ഹരിനാമകീൎത്തനങ്ങൾ, രണ്ടു കീറിയ ബനിയനും ഒരു പഴയ മുണ്ടും പത്രക്കടലാസിൽ പൊതിഞ്ഞ ഒരു ഫോട്ടോ–ഇത്രമാത്രമായിരുന്നു അവന്റെ സമ്പാദ്യം. അവയിൽ ഫോട്ടോമാത്രം ശങ്കരമേനോൻ എടുത്തുനോക്കി. 'ഇതെന്താണു മാധവാ.'–അദ്ദേഹം ഒന്നു ചിരിക്കുവാൻ ശ്രമിച്ചുകൊണ്ടു ചോദിച്ചു.

മാധവൻ നമ്രമുഖനായി മറുപടി പറഞ്ഞു:—"എല്ലാവരുംപടമെടുപ്പിക്കുന്നതു കണ്ടപ്പോൾ എനിക്കും ഒരാഗ്രഹം തോന്നി എടുപ്പിച്ചതാണു്."

എടുത്തിട്ടു് എത്ര നാളായി-? മേനോൻ അന്വേഷിച്ചു.

'മൂന്നുനാലു മാസമായി യജമാനനേ കച്ചേരി ഒഴിവുള്ള ദിവസം അങ്ങു മഹമ്മദീയന്മാരുടെ യോഗത്തിൽ പ്രസംഗിക്കാൻ പോയല്ലോ. അന്നാണിതെടുപ്പിച്ചതു്. യജമാനന്റെ കറുത്ത കോട്ടു്, കൊച്ചമ്മ അറിയാതെ ഞാൻ എടുത്തിട്ടു. കോട്ടു് എനിക്കുചേരുമോ എന്നു നോക്കുമ്പോഴാണു് അങ്ങു പ്രസംഗം കഴിഞ്ഞു് നേരത്തേ വന്നതു്.

ഞാൻഉടനെഓടിമാറിക്കളഞ്ഞു. യജമാനൻ അന്നൊന്നോ കണ്ടുവെന്നാണു ഞാൻ വിചാരിച്ചതു്,-മാധവൻ ഒരു കഥ പറയുന്നതുപോലെ അവന്റെ പരമാൎത്ഥം തുറന്നുപറഞ്ഞു.

വക്കീൽ ശങ്കരമേനോനു ശ്വാസംമുട്ടലുണ്ടായി. ആ കറുത്ത കോട്ടുകാരൻ മാധവനായിരുന്നുവെന്നറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം തകൎന്നു. പശ്ചാത്താപതാഡിതനായ അദ്ദേഹം തലയടിച്ചുകൊണ്ടു നിലവിളിച്ചു:-ഹാ! മീനാക്ഷി, നിരപരാധിനിയായ നിന്നെ ഞാൻ തെററിദ്ധരിച്ചു. ഞാൻ നിന്നെ കദനാഗ്നിയിലിട്ടു് ചുട്ടെരിച്ചുകൊന്നു. അയ്യോ ദൈവമേ, എന്റെ ഭയങ്കരമായ പ്രവൃത്തി എന്നോടു ക്ഷമിക്കണമേ ഹാ...'

കഥയറിയാതെ പരിഭ്രമിച്ചുനിന്ന മാധവന്റെ ബലിഷ്ഠകരങ്ങളിലേക്കു്, വക്കീൽ ശങ്കരമേനോന്റെ തളൎന്ന ശരീരം ചരിഞ്ഞു വീണു. അപ്പോഴും അദ്ദേഹത്തിന്റെ കൈയിൽ കറുത്തകോട്ടിട്ട മാധവന്റെ ഫോട്ടോ മുറുകെപ്പിടിച്ചിരുന്നു.


## ഭജന ഗാന മഞ്ജരി.

ഭജനഗാനയോഗാംഗങ്ങൾക്കും മററും പ്രയോഗക്ഷമമായ വിധം പുതിയ വൎണ്ണമട്ടുകളിൽ എഴുതപ്പെട്ടിട്ടുള്ള മുപ്പത്തി ഒന്നു ഒന്നാംതരം കീൎത്തനങ്ങളുടെ സമാഹാരം. നല്ല വെള്ള മേനിക്കടലാസിൽ അച്ചടിച്ചു തയ്യാറാക്കിയിട്ടുള്ള ഈ പുസ്തകത്തിനു് വില 2 ണ മാത്രം. കച്ചവടക്കാൎക്കു് ആകൎഷണീയമായ കമ്മീഷൻ.

ആവശ്യപ്പെടുക.

ആർ. ശങ്കരപ്പിള്ള, ശങ്കരമംഗലം
തമ്പലക്കാട്ടു്, കാഞ്ഞിരപ്പള്ളി A · O·

## ബ്രഹ്മവും ബ്രഹ്മാവും.

### പാരത്രികമായ ആയുസ്സ്വർണ്ണന.

(സി. എൻ. എ. രാമയ്യാശാസ്ത്രി എം. ഏ)

ബ്രഹ്മത്തിൻെറ അമൃതയായ പുരിയെ സ്വാമൃതം കൊണ്ടു് ആരറിയുന്നുവോ അയാൾക്കു് ബ്രഹ്മവും ബ്രഹ്മാവും ആയുസ്സിനേയും കീർത്തിയേയും, പ്രജയേയും നൽകും.

ഈ അർത്ഥത്തിലുള്ള ഒരു ശ്ലോകം പുരോഹിതൻ അനുഗ്രഹിച്ചു കൊടുക്കുന്ന വൈദികവാക്യങ്ങളിൽ വച്ചു് ഏററവും പ്രധാനമാകുന്നു.

യോവൈതാം ബ്രഹ്മണോ വേദ
അമൃതേനാമൃതാം പുരീം
തസ്മൈബ്രഹ്മച ബ്രഹ്മാച
ആയുഃകീർത്തിം പ്രജാം ദദുഃ

(യോവാ അമൃതാംപുരീം ഏതാം അമൃതേന വേദ തസ്മൈ ബ്രഹ്മ ച ബ്രഹ്മാ ച ആയുഃ കീർത്തിം പ്രജാം ദദുഃ)

അമൃതശബ്ദവും അമൃതാശബ്ദവും പ്രയോഗിച്ചിട്ടുള്ളതിലും നപുംസകബ്രഹ്മശബ്ദവും പുല്ലിംഗബ്രഹ്മശബ്ദവും പ്രയോഗിച്ചിട്ടുള്ളതിലും ഉള്ള രസികത്വം വാചാമഗോചരമാണു്.

സാക്ഷാൽ അദ്വൈതം വിശിഷ്ടാദ്വൈതദ്വൈതങ്ങളിലുള്ള മുറകൾക്കു് എങ്ങനെ മകുടം ചാർത്തി ലോകോത്തരമായിരിക്കുന്നു എന്നു് ഇതിൽ പ്രകാശിക്കുന്നു.

അമൃതശബ്ദവും അമൃതാശബ്ദവും പ്രയോഗിച്ചിട്ടുള്ള ശ്ലോകത്തിൽ ആയുഃകീർത്തിം പ്രജാം എന്നു പ്രതിലോമരീതിയിൽ സാരാലങ്കാരത്തോടെ ചിരന്തനായുസ്സിൻെറ മഹനീയത പ്രതിപാദിച്ചിരിക്കയാൽ അമൃതശബ്ദവും അമൃതാശബ്ദവുംകൊണ്ടും ബ്രഹ്മ,ബ്രഹ്മണീ, ബ്രഹ്മാണീ എന്നു പ്രഥമാരൂപങ്ങൾ വരുന്ന ബ്രഹ്മശബ്ദവും ബ്രഹ്മാ, ബ്രഹ്മാണൌ ബ്രഹ്മാണഃ എന്നു പ്രഥമാരൂപങ്ങൾ വരുന്ന ബ്രഹ്മശബ്ദവും കൊണ്ടും ലഭ്യമാകുന്ന സമാലങ്കാരം സംസൃഷ്ടിരീതിയിൽ സാരാലങ്കാരത്തെ പരിപോഷിപ്പിക്കുന്നു.

രണ്ടു സ്ഥലങ്ങളിലുള്ള സമാലങ്കാരങ്ങൾ തമ്മിൽ അംഗാംഗിഭാവം കൂടാതെ സമരീതിയിൽ തന്നെ സങ്കരവും ഇതിൽ ഉണ്ടായിട്ടുണ്ടു്.

ആയുശ്ശബ്ദം കൊണ്ടു് ഐഹികമായിട്ടുള്ള ആയുസ്സിനോളം മാത്രമല്ല അതിൽ കൂടുതലായി പാരത്രികമായ ആയുസ്സിനേയും ഗണിച്ചിരിക്കുന്നുവെന്നുള്ളതു് അമൃതാംപുരീം എന്നുള്ളതുകൊണ്ടു സുവ്യക്തമത്രേ.

ഒന്നാം പാദത്തിലല്ല മൂന്നാം പാദത്തിലും സ്വരംകൊണ്ടവസാനിക്കുന്ന പദങ്ങൾ ഉണ്ടായിരിക്കെ അവയ്ക്കടുത്തുള്ള പദങ്ങളിലെ ആദിയിലുള്ള സ്വരങ്ങളോടു് അവയെ ചേർത്തു സന്ധിചെയ്യാത്തതു വൃത്തത്തിൻെറ ആവശ്യംകൊണ്ടു് ആർഷസ്വാതന്ത്ര്യം അവലംബിക്കയാലാണു്.

യുതസ്മൈ എന്നു പുല്ലിംഗരൂപമാണു പ്രയോഗിച്ചിട്ടുള്ളതെന്നു വരികിലും "he includes she" എന്നു ഇംഗ്ലീഷിൽ പറയുന്നതുപോലെ സ്ത്രീജനത്തേയും ഇതിൽ പരാമർശിക്കുന്നുണ്ടു്.

ജനശബ്ദം സംസ്കൃതത്തിൽ നിത്യപുല്ലിംഗമാണെന്നുള്ള വിവരവും ഇവിടെ ചിന്തനീയമാണു്. സ്ത്രീയെപററി പറകയാണെങ്കിൽ തന്നെയും അയംജനഃ എന്നേ പറവാനൊക്കുകയുള്ളു "കപപരോക്ഷമന്മഥോ ജനഃ" എന്നു ശകുന്തളയെ ഉദ്ദേശിച്ചു് ദുഷ്ഷന്തൻ പറയുന്നതിൽ സന്ദർഭം കൊണ്ടുള്ള കരുമചിത്ര്യം കൂടി സ്ത്രീലിംഗപ്രയോഗനിരസനത്തിൽ കടന്നുകൂടിട്ടുണ്ടു്


## ഹംസോദയരസായനം.

അസ്ഥിസ്രാവം, പൂയമേഹം (Gonorrhea) എന്ന പേരുകളാൽ അറിയപ്പെടുന്ന ഗുഹ്യരോഗങ്ങൾ എത്ര പഴക്കമുള്ളതാണെങ്കിലും നിശേഷം നശിപ്പിച്ചു് നഷ്ടപ്പെട്ട ആരോഗ്യത്തെ വീണ്ടെടുക്കുവാൻ പശ്ചാത്യവും പാരമ്പര്യമായി ലഭിച്ചിട്ടുള്ള ഉപദേശപ്രകാരം അനേകം ദിവ്യമൂലികൾ ചേർത്തു് തയ്യാർ ചെയ്തിട്ടുള്ളതും; അത്ഭുതഫലപ്രദവുമായ ഏക സിദ്ധൌഷധം. മുപ്പതു ദിവസത്തേക്കുള്ള മരുന്നിനു് മൂന്നു രൂപാ മാത്രം. വി. പി. ചെലവു പുറമേ.

Dr. പി. നീലകണ്ഠപ്പിള്ള D. Sc. A. വൈദ്യകലാനിധി
ശ്രീ ധന്വന്തരിവിലാസം സക്കാർ ആയുർവ്വേദവൈദ്യശാല
(പലയക്കുന്നേൽ) ചിറക്കടവു്, പൊൻകുന്നം A. O.
കാഞ്ഞിരപ്പള്ളി. P. O.

## ആയുർവ്വേദാചാര്യൻ സി. രാമകൃഷ്ണൻ നായർ അവർകളുടെ സുപ്രസിദ്ധ
## ശിരോരഞ്ജിനിതൈലം.

തലമുടിയെ കറുപ്പിക്കുകയും വളർത്തുകയും ശിരോരോഗങ്ങളെ മാററുകയും ചെയ്യുന്നു. തലയ്ക്കു കുളുർമ്മയുണ്ടാക്കുന്നു.
ഹൃദ്യമായ പരിമളം. വില കുപ്പി 1-നു് 10 ണ മാത്രം.
എല്ലാ വിധ ആയുർവേദ ഔഷധങ്ങളും ഇവിടെയും,
മുണ്ടക്കയം 35-ാം മൈലിലുള്ള ബ്രാഞ്ചിലും കിട്ടുന്നതാണു്.
ചെറുവള്ളി രാമകൃഷ്ണവിലാസം സക്കാർ അംഗീകൃതവൈദ്യശാല
ചിറക്കടവു് A. O. കാഞ്ഞിരപ്പള്ളി P. O. തിരുവിതാംകൂർ

## ഹാസ്യചിത്രണം.

# പാച്ചുപിള്ളസാർ.

## ഗ്രാമീണരുടെ ഒരു സാധനപാഠം.

(ജി. ഗോപാലപിള്ള ബി. എ. എൽ. ററി.)

പാച്ചുപിള്ളസാറിനെ അറിഞ്ഞുകൂടാത്തവർ ആ നാട്ടിലാരുമില്ല. വിജ്ഞാനഭണ്ഡാഗാരമായി നാട്ടിനും നാട്ടാൎക്കും മുപ്പതുവൎഷക്കാലമായി കഴിഞ്ഞുകൂടി ഉദ്യോഗത്തിൽ നിന്നും പിരിഞ്ഞുപോകാൻ ഇനി ഒന്നരക്കൊല്ലം മാത്രമുള്ള മഹാപണ്ഡിതനാണദ്ദേഹം.

തനിക്കഭിപ്രായമില്ലാത്ത യാതൊന്നും ഇല്ലെന്നാണ് തന്റെയും മററുള്ളവരുടെയും വിശ്വാസമെന്നദ്ദേഹത്തിനറിയാം. ഹിററ്ലരും, മുസ്സോളിനിയും, റൂസ്‌വെൽററും അദ്ദേഹത്തിന്റെ അയൽക്കാരാണെന്നദ്ദേഹം എത്രപ്രാവശ്യം സ്ഥാപിക്കാൻ ശ്രമിച്ചിട്ടുണ്ടെന്നോ! ആലപ്പുഴ കടൽപ്പുറത്തുള്ള തന്റെ വീട്ടിൽനിന്നും ശബരിമലവരെ പോയി വരുന്ന സമയംകൊണ്ട് മുസ്സോളിനിയെ വേണമെങ്കിൽ പോയികണ്ട് മടങ്ങാമെന്ന് പല തവണ തന്റെ പ്രസംഗങ്ങളിൽ അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്.

സ്വന്തം നാട്ടിലെ തന്റെ പ്രാബല്യവും പൊതുജനസമ്മതിയും എത്ര വിസ്തരിച്ചാലും അധികമായിപ്പോകുകയില്ലെന്ന് അനേകം പ്രാവശ്യം തനിക്കും മററുള്ളവർക്കും സുഗ്രാഹ്യമല്ലാത്ത ഭാഷയിൽ അദ്ദേഹം തട്ടിവിട്ടിട്ടുണ്ട്. വീട്ടിലേക്കു യാത്രയാകാത്തതെന്താണെന്ന് ഇന്നുവരെ ഈ സ്വദേശനേതാവിനോടാരും ചോദിക്കുന്നതിനു ധൈൎയ്യപ്പെട്ടിട്ടില്ല.

താൻ സ്ഥലം മാറിവന്ന വിദ്യാലയത്തിലെ തന്റെ ഉയൎന്ന സ്ഥാനവും വിദ്യാൎത്ഥികൾക്കു തന്നോടുണ്ടായിരുന്ന സ്നേഹാധിക്യവും, അന്ന് അവരിൽ നിന്നു തനിക്കു കിട്ടിവന്ന കാഴ്ചകോപ്പുകങ്ങളും, തുണിത്തരങ്ങളും, ദക്ഷിണയും ക്ലാസ്സിൽ പല സന്ദൎഭങ്ങളിലെയും പ്രസംഗവിഷയമായി ഭവിച്ചിട്ടുണ്ട്. ഇന്നത്തെ വിദ്യാൎത്ഥികൾക്കു ആ സ്വഭാവഗുണം ഇല്ലാത്തതുകൊണ്ട്, അഭിവൃദ്ധിക്കാവശ്യമുള്ളിടത്തോളം 'ഗുരുത്വം' അവൎക്കു കിട്ടുന്നില്ലെന്നും മററും എത്ര പ്രാവശ്യം സാധുക്കളായ വിദ്യാൎത്ഥികളെ ശപിച്ചിട്ടുണ്ട്.

പരീക്ഷ ജയിച്ച ഒരു കുട്ടി, സാറിനെ കാണാൻ ചെന്നപ്പോൾ എന്നുമുള്ളതുപോലെ പണത്തിന് കറങ്ങിയിരുന്ന സാർ—

'എന്താ ചാക്കോ ഇങ്ങനെയൊക്കെയാണോ പരീക്ഷ ജയിച്ചാൽ സാറിനെ കാണാൻ വരുന്നതു്?

ചോദ്യമുണ്ടാകുമെന്ന് നേരത്തെ അറിയാമായിരുന്ന കുട്ടി ഒരു ദക്ഷിണ കൊടുത്തു അനുഗ്രഹത്തിന് മാറിനിൽക്കുന്നു. വെററിലയും പാക്കും ഒരു പണവും സാറിന് വേണ്ടത്ര തൃപ്തി നൽകുമോ?

'പുകയില എന്താ കൊണ്ടുവന്നിട്ടില്ലേ? പിന്നേ- കൃഷ്ണപിള്ളസാറിന് കൊടുക്കാനെന്തോന്നുണ്ട്, ഇങ്ങോട്ടു തന്നാൽ മതി സാറിനിതൊന്നും വാങ്ങുന്നതത്ര ഇഷ്ടമല്ല.

വേണ്ടാത്ത കൃഷ്ണപിള്ള സാറിന് കൊടുക്കാൻ വീട്ടിൽ നിന്നും കൂടുതൽ തുക വാങ്ങി അനാമത്താവശ്യം കാണാനിറങ്ങിയിരിക്കുന്ന ചാക്കോയുണ്ടോ അതു കൂടി കൊടുത്താലും തികയാത്ത പാച്ചുപിള്ളസാറിനതു കൊടുക്കാൻ പോകുന്നു!

'മുറുക്കാത്തയാളാണേ. അതു കണ്ടാൽ അയാൾ എന്നെ കൂടെ വകവക്കൂല്ല. അതു കൊടുക്കുന്നതു് സൂക്ഷിച്ചു വേണം അതുകൊണ്ടു് പറഞ്ഞതാ.

മത്തെളു് പറിച്ചു് കുറേ നാളു് മുൻപു് സാർ ഇങ്ങനെ പറഞ്ഞതായി നാട്ടിൻപുറത്തു ഒരു സംസാരമുണ്ട്.

ഒന്നാം സാറായി പ്രമോഷൻ കിട്ടിയതു് ശുക്രദശയുടെ ആരംഭത്തിലാണ്. മീനമാസവും കൊയ്ത്തുകാലവും ആയിട്ടുണ്ട്. ഇടയ്ക്കു കുരുമ്പുപ്പുദേഹാന്ധഫലങ്ങളും കിട്ടാതെയില്ല. പ്രമോഷന് കുട്ടിയൊന്നിന് മൂന്ന് വാഴക്കുല, ഒരു ചേന, രണ്ടു് തുലാം കാച്ചിൽ എന്നതു ചുരുങ്ങിയ നിരക്കാണ്. ഏതു കുട്ടിയും ജയിക്കുന്നതിന് ഒരു മുണ്ടും നേര്യതും (പഴയതും സ്വീകാൎയ്യമാണ്) മാത്രം മതി. സ്കൂളിൽ പുതിയതായി തന്റെ ശിഷ്യനാകാൻ പോകുന്ന കുട്ടി ദക്ഷിണയായി കൊടുക്കേണ്ടതു 1 ചക്രം. 2 വെററില, 1 പാക്കു അരക്കാൽ റാത്തൽ കാലിപ്പുകയില എന്നിതു സ്ഥിരം റേയ്ററാണ്. ഇങ്ങനെ പല കാൎയ്യങ്ങൾക്കും ക്ഷേത്രത്തിലെ വഴിപാടുനിരക്കുപോലെ ഓരോന്നിനും ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. തുക കൂടുതൽ ഉണ്ടെങ്കിൽ അദ്ദേഹം പ്രത്യേകമായി ക്ലാസ്സിൽവച്ചു പരസ്യമായ അനുഗ്രഹപ്രസംഗങ്ങൾ നടത്തുക നിശ്ചയമാണ്. ഏതിനങ്ങളിലായാലും തരക്കേടില്ല. ഒരു വൎഷത്തിൽ കുട്ടിയൊന്നിന് ഒരു തുക അദ്ദേഹത്തിന്റെ മടിശീലയിൽ എത്തണമെന്നുള്ള നിബന്ധന അപൂൎവ്വമായിട്ടുപോലും ലംഘിക്കപ്പെടാൻ അദ്ദേഹം ഇടയാക്കിയിട്ടില്ല.

സാർ അപൂൎവമായി ചില വീടുകൾ സന്ദൎശിക്കാറുണ്ട്. നിന്റെ വീട്ടിൽ ഈയാണ്ടിൽ ഏത്തവാഴ എത്ര നട്ടിട്ടുണ്ടെടാ? കാച്ചിൽ പറിച്ചോ? കരിമ്പു് വെട്ടി തുടങ്ങിയോ? ചെറുവഴുതന വേരു അവിടെ എവിടെ കിട്ടും? എന്നിത്യാദി ഏതെങ്കിലും കാൎയ്യം ഒരു കുട്ടിയോടു് ചോദിച്ചാൽ ആ കുട്ടിയുടെ ഭവനം അടുത്ത ദിവസം സാർ സന്ദൎശിക്കുമെന്ന് നിശ്ചയിക്കാം. വീട്ടിൽ ചെന്നാൽ ജോസപ്പി വിടില്ലിയ്യോ? മറുപടിയുമായി രക്ഷാകൎത്താവു് പ്രത്യക്ഷപ്പെട്ടു ഉപചരിക്കുകയായി. സാർ തുടങ്ങും. ജോസപ്പ് തരക്കേടില്ല. നല്ല ബുദ്ധിയുള്ള കൂട്ടത്തിലാണേ! എത്ര നല്ല പ്രകൃതമാണെന്നോ? ആ ക്ലാസ്സിലില്ല ഇങ്ങനെ ഒരു കുട്ടി!

രക്ഷാകൎത്താവു് ഒന്ന് ചിരിച്ചു തുടങ്ങും. ഇവിടെ അവന്റെ മൂത്തതു രണ്ടു പേരുണ്ട്. ഒന്നും ഇത്ര തങ്കം പിടിച്ച സ്വഭാവമല്ല. എനിക്കിതു വരെ ഒന്നു തല്ലുകപോലും വേണ്ടി വന്നിട്ടില്ല! ഇന്നാളു് അവിടത്തെ ഒരു കൃഷ്ണപിള്ള സാർ ഇവൻ ബീഡി വലിച്ചെന്നു പറഞ്ഞു തല്ലിയത്രേ! സാറന്മാർ കള്ളം പറയാൻ തുടങ്ങിയാൽ എന്തു ചെയ്യും. ഒന്നാംസാറിന് ഉശിർപ്പു കൂടി ഇളകും. അങ്ങേരു ഒരു മുശടൻ. അകത്തു കത്തിയും പുറത്തു പത്തിയുമായി നടക്കുന്ന വിഷം നിറഞ്ഞ പൊൻകുടം. ഒരു ബീഡി ഒന്നു പിടിച്ചാൽ തന്നെ എന്നാ. നമ്മളൊക്കെത്തന്നെ മുറുക്ക

# നാടകവും നാടകവും.

(കവനാലയം)

പാടാനും പറയാനുമാടാനുമെഴുതാനും
പാടവമുണ്ടാം നിനക്കെങ്കിലും സഹോദരാ
കേവലമൊരു പൊട്ടപ്പെണ്ണിന്റെ കയ്യിൽവിഷ്ണു-
പ്പാവയായ് വട്ടം ചുററാൻ മാത്രമോ നിൻ ജീവിതം?
അമ്മതൻ ഗർഭത്തിൽ വച്ചുക്കലാലക്ഷ്മികെഴും
നിർമ്മലദൃഗഞ്ചലം നിന്നിലൊന്നേശീടിലാം
അല്ലെങ്കിൽ പ്രപഞ്ചത്തെപ്പഠിപ്പിക്കുവാൻ കിട്ടി
ദുർല്ലഭം നിനക്കൊരുഹൃദയോത്തമഗ്രന്ഥം
ഫലമില്ലെന്നാലും നീ ക്ഷണികവ്യമോഹത്തി-
ന്നലയിലവിവേകനൗകയായലഞ്ഞീടിൽ
ഗിരിതൻ കൃപാരസ്യമാവോളമൊഴുകട്ടെ
മരുഭൂപുൽകാൻപോകും നിമ്നഗേ! നിൻസാഹസം

2

പ്രണയം–ഇജ്ജീവിതനാടകത്തിന്റെ സാക്ഷാൽ
പ്രാണൻ–ആ നവരസചൈതന്യാത്മികപ്രാണൻ.
ആടുവാൻ കെല്പില്ലാത്തോനാരിലുമപരാധം
തേടിടാംപിന്നെ സ്വയം വഞ്ചിതനായെന്നുമാം
യൗവനം–മായാവനം–മാനും വ്യാഘ്രവും മേയും–
പൂവനം മദരസവാസന്തോത്സവസ്ഥാനം!
വ്യഗ്രമാം പ്രേമപ്രതോദ്ദീപ്തശുദ്ധമീവനം
ഉഗ്രമാംകൊലനിലം മായാസംഗരരംഗം!
സൗഷ്ഠവംഗാത്രത്തിനു മാത്രമുണ്ടായാൽപോരാ
സൗഷ്ഠവം നേത്രത്തിനും ഹൃദയത്തിനും വേണം
മാനസം കൂടാത്തൊരത്തനുവിൻ സുഖത്തിൽവീ-
ണാനന്ദോന്മദഭ്രാന്തിൽ മുങ്ങൊലാ യുവാക്കന്മാർ
കേവലമൊരുപെണ്ണിൻകൺകോണിൻകറക്കത്തിൽ.
ജീവിതംതൊട്ടത്തൊരു തുമ്പിപോൽ കറങ്ങുവാൻ
കേവലമൊരുത്തിതൻ പുഞ്ചിരിച്ചെഞ്ചായത്തിൽ
ജീവിതാനന്ദം കണ്ണീർധാരയായൊഴുക്കുവാൻ
പകലും കിനാവുകണ്ടോരോരോ സാങ്കല്പിക
സുഖിതത്രിശങ്കു സ്വർഗ്ഗങ്ങളിൽ പറക്കുവാൻ
യൗവനമദാലസമാദകമധുവിധു
ജീവിതാസ്വാസ്ഥ്യപ്രാരബ്ധങ്ങളിലുരുക്കുവാൻ
ആശതൻ വർണ്ണച്ചിറകററു ഹാ നിരാശയാ-
ലാശ്രുപാതാളക്കുണ്ടിൽ നീ പതിച്ചുഴലുവാൻ
“നിസ്തുലേ! പൊന്നേ! മാനേ” എന്നോതി വാഴ്ത്തുംനാവിൽ
‘നിർദ്ദയേ! നിശാചരീ വഞ്ചകീ’–എന്നും വാഴ്ത്താൻ
‘നിദ്രയേ കിടന്നോനെയേല്പിച്ചില്ലത്താഴമെ-
ന്നാക്കി’യെന്നയ്യോനെഞ്ചിലൈപ്പൊവച്ചുവിലപിപ്പാൻ
ദുഃഖിയായ് വിമൂഢനായ് മൗനിയായൊടുവിലി-
ങ്ങൊററച്ചാൺകയറുകൊണ്ടെക്കെയും സമാപിപ്പാൻ
ലോകജീവിതം പൊള്ളെന്നോതി വേദാന്തംനടി-
ച്ചാകുലങ്ങളിലവിവേകിയായ് ചാടുന്നവൻ
അവനും കലാകാരൻ! അവനും വിദ്യാകാരൻ!
അവനും സത്യപ്രേമാരാധകൻ!–ആദർശവാൻ!

3

ലജ്ജയില്ലയോ നിനക്കെങ്കിലും സഹോദരാ
സജ്ജനായ് വ്യഭിചരിച്ചീടുവാൻ പ്രണയത്തെ
സൽക്കലാരസത്തിന്റെ മാധുരീസാരം വേപ്പിൻ
കൈക്കുമ്പിൾ തന്നിൽവ ിളമ്പീടുവാൻ മുതിർന്നാലോ
കവി–ആരവൻ ലോകഗുരുവാണക്കാര്യം നീ
അവിതർക്കിതം ഹാ ഹാ നിർദ്ദയം മറന്നാലോ.
നിന്നെയുമുൾക്കൊണ്ടീടും പട്ടിണിപ്രപഞ്ചത്തെ
ഉന്നയിക്കുവാനുള്ള കൈപ്രേമപ്രതംഃപറൽ!!
പേനകൊണ്ടായില്ലെല്ലാമിന്നിയുമതിൻമുന
കാണാത്തതായിട്ടുണ്ടിങ്ങെത്രയോ ലോകംവേറെ?
നിന്നെത്തന്നെയും കാണാത്തോരുനീ മററൊന്നുക-
ണ്ടെന്നഹങ്കാരം പൂണ്ടന്തഭിമാനിപ്പാൻ സഖേ!?
പ്രണയം–പവിത്രമഗ്ഗായത്രി ജപിപ്പാനുൾ-
ത്രാണിയും സംശുദ്ധിയുമുള്ളവൻ യുവാവവൻ!
അത്യനല്പമാരത്തം പിഴ്നരച്ചാത്തെന്നു താ-
നോത്തഹോ ശപിച്ചീടാം ഭ്രാന്തന്മാർ സമുദ്രത്തെ

---

ത്തില്യേ? പോലയുണ്ടെങ്കിൽ കുറച്ചിങ്ങെടുക്കാരുന്നല്ലോ? തിരിച്ച് ചെല്ലമ്പോഴെക്കു കടയടക്കും. പോല വാങ്ങിക്കാണുമോ എന്നു സംശയമാണു്” ജോസപ്പ് സന്തുഷ്ടനായിട്ടവിടെ പ്രത്യക്ഷനാകും. ‘എന്താ ജോസപ്പേ! ഞാൻ കഴിഞ്ഞാൽ പിന്നെ യാരൊണ്ടവിടെ പഠിപ്പിക്കാൻ? വിരുതൻ ജോസഫ് മറുപടി റെഡിയായിക്കൊടുത്തു കഴിയും. ‘അടുത്തുപോലും ആരും വരികയില്ല’ മററദ്ധ്യാപകന്മാരുടെ കുറവുകളും കുററങ്ങളും സംസാരവിഷയമാക്കി ചർച്ചചെയ്തു സ്വന്തം മേന്മയേ സ്ഥാപിച്ചതായി ഭാവിച്ചിങ്ങനെ ഉപസംഹരിക്കും. ‘ജോസഫ്’ നല്ലവണ്ണം പഠിച്ചാൽ ഈയാണ്ടിൽ ഒന്നാമതു ജയിക്കാം.

“ഇവിടെ കൂട്ടാൻ വെക്കാനുള്ളതൊക്കെ ധാരാളമല്ലാ. ഏത്തക്കുലയുള്ള കാ കറവാ. ഇല്ല്യോ വേറെ? ചക്ക ഇത്ര നേരത്തേ വിളഞ്ഞോ? അടുതലേ നാരങ്ങ പറിക്കാറായില്ല്യോ?” എന്നിത്യാദി ചോദ്യങ്ങളാകും. പലതും മുകളിലത്തേ ക്ലാസ്സിൽ പഠിക്കുന്ന മഹമ്മദ്കുഞ്ഞിനെ എടുപ്പുകാരൻ മേനോനും കൂടെ തലച്ചുമടായി സാറിന്റെ കുടുംബിനീപാദത്തിൽ കാഴ്ച വച്ച് പിരിയും.

മാഴ്സ്ഡൻ എഴുതിയ ഇൻഡ്യാചരിത്രത്തിലെ ഷജാഡൗളയുടേതുപോലെ ഒരു മീശ, സാർ വച്ചുപിടിപ്പിച്ചിട്ടുണ്ട്. അതിൽ തടവിക്കൊണ്ട് ഭാര്യയുടെ ഗുണഗണങ്ങളെപ്പററി എത്രപ്രാവശ്യം അദ്ദേഹം പ്രസംഗിച്ച് ക്ഷീണിച്ചിട്ടുണ്ടെന്നോ? എല്ലാപ്രകാരത്തിലും ഭാര്യ ഭർത്താവിന്റെ പ്രതിബിംബമായിട്ടാണ് കഴിയുന്നതു്. സാർ കരഞ്ഞാൽ ഭാര്യയും കരയും. ചിരിച്ചാൽ ചിരിക്കും ഉണ്ടാൽ ഉണ്ണും. എന്തിനു്? വഴക്കിനു് വഴക്കു, അടിക്കു് അടിതന്നെ. ഇങ്ങനെയൊക്കെയാണു് ആ ധർമ്മപത്നി കഴിഞ്ഞുകൂടുന്നതു്. ആ മഹതിയുടെ ശുപാർശകൾ അദ്ദേഹം ഇന്നുവരെ നിഷേധിക്കുകയൊ അവിടെ നിന്നും പുറപ്പെടുന്ന ആജ്ഞകളെ ഇന്നു വരെ ധിക്കരിക്കയോ ഉണ്ടായിട്ടില്ല.

സാറിനെപ്പററി നാട്ടുകാർക്കു വലിയ മതിപ്പും സഹതാപവും ഉണ്ടു്. ഷഷ്ടിപൂർത്തി കഴിഞ്ഞാലും അദ്ദേഹത്തിനു് ഇപ്പോഴുള്ള പതിനൊന്നെണ്ണത്തിനു പുറമേ മൂന്നോ നാലോ പെൺകുട്ടികളുണ്ടായി സന്താനസമൃദ്ധിയോടുകൂടി ദീർഘായുസ്സായിട്ടദ്ദേഹത്തെ കാണാനാഗ്രഹിക്കാത്തവരാരും ആ നാട്ടിലില്ല.

# വൈരാവി

## അവരെ സംബന്ധിച്ച ചില ചരിത്രകഥകൾ.

(കുര്യൻ തൈയ്ക്കൂടവിൽ ബി. ഏ. ബി. എൽ)

പരുപരുത്ത ചെമ്പൻജട ഒരു ക്രന പോലെ ഉച്ചിയിൽ കെട്ടിവച്ച്, താടിമീശയും വളർത്തി കഴുത്തിൽ രുദ്രാക്ഷമാലകളും ശംഖുമാലകളും അണിഞ്ഞു് സർവാംഗം പച്ചകുത്തി കയ്യിൽ ശൂലവുമേന്തി ആപാദചൂഡം ഭസ്മലേപനം ചെയ്ത് അർദ്ധനഗ്നരായി ഭിക്ഷയ്ക്കു നടക്കുന്ന വൈരാവികൾ എന്നൊരു കൂട്ടരെ മുമ്പൊക്കെ ധാരാളം കാണാറുണ്ടായിരുന്നു. ഇപ്പോൾ ചുരുക്കമാണു്. അവരുടെ വേഷവും ഭാവവും പഴയതിൽനിന്നും വളരെ വ്യത്യാസപ്പെട്ടിട്ടുമുണ്ടു്. "അമ്മാ ധർമ്മംകൊടുക്കണേ" എന്നു വിളിച്ചുകൊണ്ടാണു് വൈരാവി വീടുകളിൽ കയറിവരുന്നതെങ്കിലും, അയാളെക്കാണുന്ന മാത്രയിൽ കുട്ടികൾ ഭയവിഹ്വലരായി ഗൃഹാന്തർഭാഗങ്ങളിൽ ഓടിഒളിക്കുക അസാധാരണമല്ല. മുമ്പൊക്കെ കുട്ടികൾക്കുതന്നെയല്ല, മുതിർന്നവർക്കും വൈരാവിയെക്കാണുമ്പോൾ അൽപ്പം കൂടുതൽ ചങ്കിടിപ്പുണ്ടാകാതെയിരിക്കുകയില്ല.

'വൈരാവി', 'വൈരാഗി', 'വൈരാകി' എന്നൊക്കെ പലയിടത്തും പലരും പലവിധം പറയാറുണ്ടു്. 'വൈരാവി' എന്നുള്ളതാണു ശരിയെന്നു തോന്നുന്നു. വൈരാഗ്യം കൂടുതലുള്ള കൂട്ടരാകയാൽ 'വൈരാഗി' എന്നു പറയുന്നതിലും അബദ്ധമില്ലായിരിക്കാം. വൈരാവികൾ തിരുവനന്തപുരം, കൊല്ലം മുതലായ ചില സ്ഥലങ്ങളിൽ സ്ഥിരതാമസക്കാരായിട്ടുണ്ടു്. ഹൈന്ദവസമുദായത്തിലെ മററു വിഭാഗങ്ങളുമായി യാതൊരു സമ്പർക്കവും ഇവർക്കില്ലെന്നാണു് അറിയുന്നതു്. പക്ഷെ നമ്മുടെ ജാതിപ്പട്ടികയിൽ ഇവരുടെ പേരു കണ്ടതായി ഇപ്പോൾ ഓർക്കുന്നില്ല. ഈയിടെ ഒരു വൈരാവിവൃദ്ധനുമായി പരിചയപ്പെടുന്നതിനു ഇടയായി. അയാളിൽനിന്നും ലഭിച്ച വിവരങ്ങളാണു് ഈ ലേഖനത്തിനു വിഷയീഭവിച്ചിട്ടുള്ളതു്.

പാണ്ടിദേശത്തു്, എന്നു പറഞ്ഞാൽ സഹ്യാദ്രിയ്ക്കപ്പുറം തിരുനൽവേലി രാമനാഥം മുതലായ ജില്ലകളിൽ, 'വൈരവർ' എന്ന പേരിൽ അറിയപ്പെട്ട രണശൂരന്മാരായ ഒരു വർഗ്ഗക്കാർ അതിപ്രാചീനകാലങ്ങൾമുതൽക്കേ പാർത്തിരുന്നു. ഉത്തരഭാരതത്തിൽ രജപുത്രന്മാരെന്നവണ്ണം ദക്ഷിണത്തിൽ വൈരവന്മാർ സമരതന്ത്രത്തിനും ആയുധപ്രയോഗത്തിനും സുപ്രസിദ്ധരായിരുന്നുവത്രെ. സമരം മാത്രം തൊഴിൽ; അതില്ലാത്ത കാലത്തു സ്വസ്ഥം. അഷ്ടിക്കു കിട്ടിയാൽ ആർക്കുവേണ്ടിയും ആയോധനത്തിനു പുറപ്പെടുവാൻ അവർ സന്നദ്ധരായിരുന്നു. ഇവരിൽ പ്രമുഖന്മാർക്കു നാടുവാഴികളിൽനിന്നും ഇടപ്രഭുക്കന്മാരിൽനിന്നും കാലയാപനത്തിനുള്ള വകകൾ ലഭിച്ചുകൊണ്ടിരുന്നു. എങ്കിലും സൗകര്യം കിട്ടുമ്പോഴെല്ലാം പൗരജനങ്ങളെ കൊള്ളയിടുവാൻ ഇവർ മടിച്ചിരുന്നില്ല.

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്തു് എട്ടുവീട്ടിൽപിള്ളമാരുടെയും തമ്പിമാരുടെയും നേതൃത്വത്തിൽ വഞ്ചിനാടു് ഒരു മഹാവിപ്ലവരംഗമായി പരിണമിച്ചപ്പോൾ പരസഹായം കൂടാതെ ശത്രുധ്വംസനം സാദ്ധ്യമല്ലെന്നു് മഹാരാജാവിനും ദളവാ രാമയ്യനും ബോദ്ധ്യമായി. വൈരിവൃന്ദത്തിന്റെ വംശവിച്ഛേദം വരുത്തുന്നതിനു് അതിനിഷ്ഠുരന്മാരായ ഒരു സംഘം യോദ്ധാക്കളെത്തന്നെ ആവശ്യമായിരുന്നു. പാണ്ടിരാജ്യത്തെ വൈരവന്മാരുടെമേൽതന്നെയാണു് രാമയ്യന്റെ ദൃഷ്ടികൾ പതിഞ്ഞതു്. തിരുമനസ്സിലെ അനുമതിയോടുകൂടി ആ സചിവശ്രേഷ്ഠൻ പാണ്ടിയിൽനിന്നും പത്തുകുടി വൈരവന്മാരെ കൂട്ടിക്കൊണ്ടുവന്നു. രാമനാഥമായിരുന്നുവത്രെ ഇവരുടെ സ്വദേശം. ദളവാ ഇവരെ തിരുവനന്തപുരത്തിനടുത്തുള്ള മണക്കാട്ടു പാർപ്പിച്ചു. ഇങ്ങനെയാണു് വൈരവന്മാർ അഥവാ വൈരാവികൾ തിരുവിതാംകൂറിൽ പ്രഥമമായി പ്രവേശിച്ചതു്. എട്ടുവീടരേയും അവരുടെ സഹായികളെയും കൊള്ളയിടുകയും നിർദ്ദാക്ഷിണ്യം അരിഞ്ഞൊടുക്കുകയും അവരുടെ സ്ത്രീകളെ പിടിച്ചു് ദാശന്മാർക്കു കൊടുക്കുകയും മററും ചെയ്തു് വിപ്ലവകാരികളെ നാമാവശേഷമാക്കിയതു് ഈ വൈരാവികളായിരുന്നു.

ശത്രുബാധയൊഴിഞ്ഞു് വഞ്ചിനാട്ടിൽ സമാധാനം പുനഃസ്ഥാപിതമായി. പാണ്ടിയിൽനിന്നും കൊണ്ടുവന്ന വൈരവന്മാരെക്കൊണ്ടുള്ള ആവശ്യം തീർന്നു. എങ്കിലും അവരെ തിരിച്ചയയ്ക്കുവാൻ മഹാരാജാവു തിരുമനസ്സിലേക്കു മനസ്സുണ്ടായില്ല. അവർക്കു പാർക്കുന്നതിനും കൃഷി ചെയ്യുന്നതിനും തിരുമനസ്സുകൊണ്ടു കുറെ സ്ഥലങ്ങൾ കരമൊഴിവായി കൊടുത്തു. പക്ഷെ കൃഷിയും കച്ചവടവും നാമമാത്രമായി പോലും ശീലിച്ചിട്ടില്ലാത്ത വൈരവനുണ്ടോ ഈ തൊഴിലുകൾകൊണ്ടു് കാലം കഴിക്കുവാൻ പോകുന്നു? ആയതിനാൽ സങ്കടമുണർത്തിച്ചു് വൈരവന്മാർ തിരുമേനിയോടു് ഒരു നീട്ടു വാങ്ങി. ശത്രുബാധയിൽനിന്നും രാജ്യത്തെ രക്ഷിച്ചതു നിമിത്തം രാജ്യവാസികളെല്ലാം വൈരാകികളോടു കടപ്പെട്ടിരിക്കുന്നതിനാൽ 'കടകമ്പോളങ്ങളിൽനിന്നും ഒരു ചക്രം മുതൽ പത്തു ചക്രം വരെയും, നാട്ടിൻപുറത്തെ വീടുകളിൽനിന്നും നാഴി അരി മുതൽ ഇടങ്ങഴി അരി വരെയും പിരിച്ചെടുത്തുകൊള്ളുവാൻ' വൈരാവികൾക്കു രാജശാസനപ്രകാരം അനുമതി ലഭിച്ചു. കൊടുക്കാത്തവരോടു ബലം പ്രയോഗിച്ചു വാങ്ങാനും അവർക്കു് അധികാരമുണ്ടായിരുന്നുവത്രെ:

അക്കാലങ്ങളിൽ വൈരാവിയെ പടിക്കൽ കാണുമ്പോഴെ വീട്ടുകാർ ഭയന്നു് അയാൾക്കാവശ്യമുള്ളതുകൊടുത്തുകൊള്ളുമായിരുന്നു. "ഇപ്പുക്കത്തും വൈരാവി" എന്നു പറഞ്ഞു് ശൂലവും വിറപ്പിച്ചുകൊണ്ടായിരുന്നു അയാളുടെ വരവുതന്നെ. അബാലവൃദ്ധം ജനങ്ങളും വൈരാവിയെക്കാണുമ്പോൾ കിലുകിലാ വിറയ്ക്കുമായിരുന്നു. പക്ഷെ ആ കാലമൊക്കെ പോയി; ഇന്ദ്രനെയും ചന്ദ്രനെയും വകവയ്ക്കാത്ത ഇക്കാലത്തുണ്ടോ വൈരാവിയുടെ പിട്ടും തട്ടിപ്പും നടപ്പിലാകുന്നു? അധികാരവും അവകാശവും എല്ലാം കാലപ്പഴക്കത്തിൽ തേഞ്ഞുമാഞ്ഞു് നഷ്ടപ്പെട്ടു് വൈരാവി ഇന്നു വെറും നികൃഷ്ടനായ ഒരു ഭിക്ഷുവായി രൂപാന്തരപ്പെട്ടിരിക്കുന്നു. "അമ്മാ ധർമ്മംകൊടുക്കണേ" എന്നു വിളിച്ചുകൊണ്ടാണു് ഇന്നത്തെ വരവു്. തിരുവിതാംകൂറിലേക്കു വന്ന പത്തു കുടികളിൽപെട്ട ഭൂരിഭാഗം [illegible]കളും കാലാന്തരത്തിൽ പാണ്ടിയിലേക്കുതന്നെ മടങ്ങിപ്പോയതായിപറയുന്നു. പ[illegible] മട്ടൊക്കെ വിട്ടു് ഇപ്പോൾ ഇവർ [illegible]യും വ്യവസായങ്ങളും തമിഴ്നാട്ടിൽ [illegible]ടരുന്നു.

എനിക്കു പരിചയപ്പെട്ട വൃദ്ധവൈരാവി പറഞ്ഞറിഞ്ഞ വിവരങ്ങളാണു മുകളിൽ ചേർത്തിരിക്കുന്നതു്. ഇതൊക്കെ തെറേറാ ശരിയോ എന്നു കാര്യജ്ഞാനമുള്ളവരാരെങ്കിലും പരിശോധിച്ചാൽ കൊള്ളാം.

# "ചക്രപാദാവതാരം."

## ട്രാൻസ്പോർട്ടുബസ്സും ശ്രീകൃഷ്ണനും

### -വിനോദഭാവന-

(പി. ജെ. ജോൺ ബി. ഏ)

അമ്പാടിയിൽ ചെന്ന് ശ്രീകൃഷ്ണനെക്കണ്ടപ്പോൾ അക്രൂരനുണ്ടായ അനുഭവമാണ് തിരുവിതാംകൂർ ഗവൺമെന്റ് ട്രാൻസ്പോർട്ട് ബസ്സ് ഇദംപ്രഥമമായി ഈയിടെ കണ്ടപ്പോൾ എനിക്കുണ്ടായത്. ഭഗവൽഭക്താഗ്രേസരനായിരുന്ന അക്രൂരൻ ശ്രീകൃഷ്ണനെക്കാണ്മാൻ വളരെ വളരെ ആഗ്രഹിച്ചിരുന്നു; കണ്ടപ്പോൾ ആനന്ദാതിരേകത്താൽ ഭഗവൽപാദസ്പർശം കൊണ്ടു പരിപാവനമായ മണ്ണിൽക്കിടന്ന് അദ്ദേഹം ഉരുണ്ടു. അതുപോലെ ഉദരംഭരണവ്യഗ്രതമൂലം വിദേശവാസം ചെയ്തിരുന്ന ഞാൻ ട്രാൻസ്പോർട്ട് ബസ്സ് കാണ്മാൻ വളരെ ആഗ്രഹിച്ചിരുന്നു:കണ്ടപ്പോൾ എനിക്കു വളരെ സന്തോഷം തോന്നി. അക്രൂരനെപ്പോലെ ഞാൻ മണ്ണിൽക്കിടന്ന് ഉരുണ്ടില്ലെങ്കിലും ആ ശകടശ്രേഷ്ഠന്റെ ചക്രപാദസ്പർശം കൊണ്ടു പരിപൂതമായ പൊടിപടലം എന്റെ ശരീരമാസകലം വ്യാപിക്കയും നാസാരന്ധ്രങ്ങളിൽക്കൂടി ശ്വാസകോശത്തിൽ പ്രവേശിച്ച് എനിക്ക് ജീവിതനിർവൃതി പ്രദാനം ചെയ്കയും ചെയ്തു.

അല്പം അവധാനപൂർവ്വം ആലോചിച്ചാൽ ശ്രീകൃഷ്ണനും ട്രാൻസ്പോർട്ടുബസ്സുമായുള്ള ഈ സാദൃശ്യം കൂടുതൽ വ്യക്തമാകുന്നതാണ്. ഹിന്ദുമതവിശ്വാസപ്രകാരം ശ്രീകൃഷ്ണൻ ഈശ്വരന്റെ ദശാവതാരങ്ങളിൽ ഒന്നത്രെ. അവതാരങ്ങളുടെയെല്ലാം ഉദ്ദേശം, സംസാരപഥികരായ മനുഷ്യർക്ക് അവരുടെ പരമലക്ഷ്യമായ സായൂജ്യപ്രാപ്തി സുഗമമാക്കിത്തീർക്കയും, ദുഷ്ടനിഗ്രഹവും ശിഷ്ടപരിപാലനവും ചെയ്തു അധർമ്മത്തെ ധ്വംസിക്കുകയും ധർമ്മത്തെ സംരക്ഷിക്കുകയുമാണ്. സൂക്ഷ്മമായി ആലോചിച്ചാൽ ഈ ട്രാൻസ്പോർട്ടു ബസ്സിന്റെ നിലയും ഏതാണ്ടിതുപോലെതന്നെയല്ലെ?. ഒരു രാജ്യത്തെ ഈശ്വരനാണ് അവിടുത്തെ ഗവൺമെന്റ്. ഈശ്വരന് പ്രപഞ്ചത്തിലുള്ള സൃഷ്ടിസ്ഥിതിസംഹാരകൃത്യങ്ങൾ രാജ്യത്തിൽ ഗവൺമെന്റിനുണ്ട്. അതുകൊണ്ടു നമ്മുടെ ഗവൺമെന്റ് നമ്മുടെ രാജ്യത്തിലെ ഈശ്വരനാണെന്നു പറയുന്നതിൽ വലിയ അബദ്ധമില്ല. ആ ഗവൺമെന്റിന്റെ അധികാരശക്തിതന്നെയല്ലെ ഇങ്ങനെ ഗവൺമെന്റു ട്രാൻസ്പോർട്ടു ബസ്സായി അവതരിച്ചിരിക്കുന്നത്? അതിന്റെ ഉദ്ദേശം യാത്രക്കാരെ അവരുടെ ലക്ഷ്യസ്ഥാനത്തു എത്തിക്കയുമാണ്. അതോടൊന്നിച്ചു ശിഷ്ടപരിപാലനവും ദുഷ്ടശിക്ഷയും അതു നിർവ്വഹിക്കുന്നുമുണ്ട്.

ഹിന്ദുപുരാണപ്രകാരം അവതാരപുരുഷന്മാർ കംസൻ, മഹാബലി, രാവണൻ മുതലായ അസുരന്മാരെ നിഗ്രഹിക്കുവാനാണ് അവതരിച്ചത്. അതുപോലെ ഈ ട്രാൻസ്പോർട്ടു ബസ്സു അസുരപ്രകൃതികളായ പഴയ ബസ്സുസർവ്വീസുകളെ സംഹരിച്ച് യാത്രക്കാരെ അവരുടെ ഉപദ്രവങ്ങളിൽനിന്നും രക്ഷിച്ച് അവരെ ഉദ്ദിഷ്ടസ്ഥാനത്തു സസുഖം എത്തിക്കുന്നതിനാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ആ കർത്തവ്യം അതു ഏററക്കുറെ അനുഷ്ഠിച്ച് അതിന്റെ അവതാരോദ്ദേശത്തെ നിർവ്വഹിക്കുന്നുണ്ട്. പഴയബസ്സുകൾയാത്രക്കാർക്കു അത്രഉപദ്രവകരങ്ങളായിരുന്നു. ബസ്സുകാർ ചോദിക്കുന്നിടത്തോളം പണവും കൊടുത്തു ഡ്രൈവർ ചക്രവർത്തിയും കണ്ടക്ടർ കമാൻഡർ ഇൻചീഫും ക്ലീനർ മന്ത്രീന്ദ്രനും കൂടി സ്വേച്ഛാഭരണം നടത്തുന്ന ആ ബസ്സു സാമ്രാജ്യത്തിൽ പ്രവേശിച്ച് പോയാൽ നാം യഥാസമയം, ഉദ്ദിഷ്ടസ്ഥാനത്ത് എത്തുകയില്ലെന്നു മാത്രമല്ല; ഹാസസാഹിത്യസാമ്രാട്ടായിരുന്ന ഇ. വി. പറഞ്ഞിട്ടുള്ളതുപോലെ നമ്മുടെ പ്രാണത്തോടൊപ്പം നമ്മുടെ വ്യക്തിത്വവും സ്ഥാനമാനങ്ങളും നഷ്ടപ്പെടുകകൂടി ചെയ്യുന്നു. നാമെത്ര വലിയവരാകട്ടെ എത്രമാനനീയരാകട്ടെ വീട്ടിലും നാട്ടിലും എത്ര സ്ഥാനമുള്ളവരാകട്ടെ; നാം കാക്കി ഉടുപ്പുകാരോ അവരുടെ പാർശ്വവർത്തികളോ അല്ലെങ്കിൽ, നാം വെറും ചരക്കുകളായിത്തീരുന്നു. നമുക്കു തിരുവനന്തപുരത്തു ചെന്ന് എന്തത്യാവശ്യകാര്യം സാധിക്കാനുണ്ടെങ്കിലും അവർക്കു തിരുമനസ്സാകുന്നതുവരെ കൊട്ടാരക്കരെക്കവലയിൽക്കിടന്നു കഷണിച്ചേ മതിയാവൂ. വീട്ടിലും, നാട്ടിലും എന്തധികാരശക്തിയുള്ളവരായിരുന്നാലും ശരി ബസ്സിൽ കയറിക്കഴിഞ്ഞാൽ അവർ പറയുന്നിടത്തു പറയുന്നതുപോലെ അനങ്ങാതെയും മിണ്ടാതെയും ഇരുന്നുകൊള്ളണം. ആജ്ഞാലംഘനം ചെയ്താൽ അവരുടെ മധുഗന്ധോദ്ഗമിയായ വക്ത്രഗഹ്വരങ്ങളിൽനിന്നു പുറപ്പെടുന്ന അസഭ്യഭാഷണങ്ങളെ ക്ഷമയോടു കൂടി കേട്ടുകൊള്ളണം. നാം അവരുടെ അപ്രീതി സമ്പാദിച്ചു പോയാൽ, അവർ നമ്മെ ബസ്സിൽ കയററുകയേ ഇല്ല. മുപ്പത്തിരണ്ടുപേരെ കയററുന്ന അവരുടെ എയിററ്സീററിൽ അപ്പോൾ നാലുപേരെയുള്ളെങ്കിലും "സ്ഥലമില്ല. പോട്ട് പോട്ട്" എന്നായിരിക്കും കണ്ടക്ടരുടെ കമാൻഡ്. ലേലം നിർത്തിവെപ്പിക്കാനോ പ്രസവക്കേയിസിന് ഡാക്ടറെ വിളിക്കാനോ നാം പ്രാണനും ഉപേക്ഷിച്ചുപോകാൻ തത്രപ്പെട്ടു നിൽക്കുകയായിരിക്കും. പക്ഷെ അതൊന്നും ഗൗനിക്കുവാൻ അവർ തയാറില്ല. അതാണ് ബസ്സുസാമ്രാജ്യത്തിലെ നീതി. ഇങ്ങനെയുള്ള മഹാസുരന്മാരിൽ നിന്ന് തിരുവിതാംകൂറിലെ യാത്രക്കാരെ രക്ഷിച്ച ഈ ഗവൺമെന്റുബസ്സ് ഒരീശ്വരാവതാരമെന്നു പറയുന്നത് അവതാരകഥകളെ അവഹേളിക്കുകയാണെന്നു ഹിന്ദുമതഭ്രാന്തന്മാർ പോലും പറയുകയില്ല.

അത്രമാത്രമല്ല ട്രാൻസ്പോർട്ടു ബസ്സിനെ ശ്രീകൃഷ്ണാവതാരത്തോടു ഉപമിക്കുന്നതിൽ പ്രത്യേകം ഔചിത്യം ഉണ്ടെന്നാണ് എനിക്കു തോന്നുന്നതു. ഭഗവാൻ കപടഗോപാലനായി അമ്പാടിയിൽ താമസിച്ചിരുന്ന കാലത്ത് അദ്ദേഹത്തെപ്പററി ആളുകൾ എന്തെല്ലാം അപവാദങ്ങൾ പറഞ്ഞുപരത്തിയിരുന്നു! "വെണ്ണയും പാലും കക്കുന്ന കള്ളനാണ്". മുലകൊടുക്കാൻ വന്ന നിരപരാധിനിയായ സ്ത്രീരത്നത്തെ ചതിച്ചുകൊന്ന നിഷ്കണ്ടകനാണ്? പെണ്ണുങ്ങളുടെ ഉടുതുണി എടുത്തുകൊണ്ടുപോയ വിടാഗ്രേസ

രനാണു്. അമ്പാടിയിലെ പതിവ്രതകളുടെ പാതിവ്രത്യം നശിപ്പിച്ച സ്ത്രീലമ്പടനാണു്'' ഇങ്ങനെ പരമസാത്വികനായ ആ ഭഗവാനെപ്പററി ആരെല്ലാം എന്തെല്ലാം ദൂഷ്യം പറഞ്ഞുപരത്തി. ട്രാൻസ്പോർട്ട ബസ്സിനെപ്പററി ഒരു “നേതാവു്'' പറഞ്ഞു:—“ട്രാൻസ്പോർട്ട ബസ്സെല്ലാം ഫർവൻ മോഡലാണു്. അവ പുകയും ദുർഗ്ഗന്ധവും വമിച്ചു് തിരുവിതാംകൂറിലെ പരിശുദ്ധമായ അന്തരീക്ഷം മലീമസമാക്കുന്നു. അവ മനുഷ്യരുടെ പുറത്തുകൂടിയാണു് സഞ്ചരിക്കുന്നതു്. ബസ്സല്ല വഴിനീളെ ഓട്ടുന്നതു്. ഗവൺമെൻറാണു്. അതുകൊണ്ടു അതു കയററി ആരു ചത്താലും കേസില്ല. സ്ത്രീകളെ ആ ബസ്സുകളിൽ കയററുന്നതു് ജനനനിയന്ത്രണത്തിനു് ഉത്തമമാർഗ്ഗമാണു്'' ഇതും ഇതിലപ്പുറവും അദ്ദേഹം പറഞ്ഞു. പരമസാത്വികനായി പൊതുജനസംരക്ഷകനായി അവതരിച്ച ട്രാൻസ്പോർട്ട് ബസ്സിനെപ്പററിയുള്ള ഈ ദുശ്ശാപവാദങ്ങൾ ട്രാൻസ്പോർട്ട ബസ്സിൻെറ മഹിമയേയും ഒരവതാരമായി പരിഗണിക്കപ്പെടുവാനുള്ള അതിൻെറ യോഗ്യതയേയും വർദ്ധിപ്പിക്കുകയാണു് ചെയ്യുന്നതു്. ദുഷ്ടന്മാരുടെ ദ്രോഹകാര്യങ്ങൾ അവസാനം അവർക്കുതന്നെ നാശകരമായി പരിണമിക്കും എന്ന തത്വത്തിനു് ഇതും ഒരു ഉദാഹരണമാണു്. പണ്ടത്തെ ബസ്സുകൾക്കു് എന്തെല്ലാം ന്യൂനതകളുണ്ടായിരുന്നു എങ്കിലും അവയ്ക്കു ആകർഷണീയമായ, വൈചിത്ര്യമുണ്ടായിരുന്നു. വൈചിത്ര്യം പ്രകൃതിസൗന്ദര്യത്തിൻെറ പ്രധാനാംശമാണു്. ഈശ്വരാവതാരങ്ങളിൽ പോലും ഈ വൈചിത്ര്യം കാണ്മാനുണ്ടു് അല്ലെങ്കിൽ പിന്നെ എന്തിനാണു് ഈശ്വരൻ മത്സ്യകൂർമ്മവരാഹാദികളായി അവതരിച്ചതു്? സർവ്വശക്തനായ ഈശ്വരനു് മത്സ്യമായും കൂർമ്മമായും അധ:പതിക്കാതെ അല്ലെങ്കിൽ അവതരിക്കാതെ ധർമ്മസംസ്ഥാപനം നിർവ്വഹിക്കാമായിരുന്നില്ലേ? പിന്നെ എന്തിനാണു് അങ്ങനെ ചെയ്തതു്? വെറും വൈചിത്ര്യത്തിനുവേണ്ടി മാത്രം. ആ സ്ഥിതിക്കു ഈ കലികാലാവതാരത്തിനും ഒരു വൈചിത്ര്യം വരുത്താമായിരുന്നില്ലേ. ഒന്നോർത്തു നോക്കുക. പണ്ടത്തെ ബസ്സുകൾക്കു ആകൃതിയിലും പ്രകൃതിയിലും എത്ര വൈചിത്ര്യമുണ്ടായിരുന്നു. നാഴികയ്ക്കു നാല്പതുവട്ടം ചുമയ്ക്കുന്ന ക്ഷയരോഗികളും, വഴിനീളെ ഉടനുടൻ മൂത്രവിസർജ്ജനം ചെയ്യുന്ന പ്രമേഹരോഗികളും ഗ്രണിതസർവ്വാംഗരായ കുഷ്ഠബാധിതരും, വഴിയിൽ നിശ്ചേഷ്ടരായി കിടക്കുന്ന അപസ്മാരരോഗികളും അവരുടെ ഇടയിൽ ഉണ്ടായിരുന്നു. മുപ്പത്തിരണ്ടുപേരെ കയററുന്ന എയിററ്സീററർ അറുപത്തിനാലുപേരെ കയററുന്ന സിക്സ്റ്റീൻസീററർ ഇങ്ങനെ വലിപ്പത്തിൽ മറെറാരു വൈവിധ്യം. ഫോർഡ് ഷവർലെററ് മുതലായി “മേക്കി”ൽ വൈചിത്ര്യം. പിന്നെ ബോഡിയുടെ നിർമ്മാണത്തിലുള്ള വ്യത്യാസം. ആകപ്പാടെ ഒരു വമ്പിച്ച മോട്ടോർ പ്രദർശനത്തിനുള്ള വിഭവങ്ങൾ അന്നു വഴിനീളെ “അങ്ങോട്ടിങ്ങോട്ട്” ഓടി നടന്നിരുന്നു. ഇന്നാകട്ടെ സമ്പൂർണ്ണമായ ഏക രീതിത്വം. അതു ആകൃതിയിലും പ്രകൃതിയിലും ആമൂലാഗ്രം.

എന്നാൽ ബസ്സുകളോടു ചെയ്ത ഈ അനീതി ക്ഷന്തവ്യമാണു്. അവയുടെ സാരഥികളായ ആ മഹാന്മാരോട്ട—ഡ്രൈവർ സാറന്മാരോട്—ചെയ്ത അനീതിയാണു് അസഹനീയവും അക്ഷന്തവ്യവും. അഖിലലോകവന്ദ്യരായി, വിശ്വവശ്യരായി, വിജയിച്ചരുളിയിരുന്ന ആ കലികാലകാമദേവന്മാരായ മഹാനുഭാവന്മാരുടെ വ്യക്തിമാഹാത്മ്യത്തെ നശിപ്പിച്ചു് അവരെയെല്ലാം പട്ടാളക്കാരെയും പോലീസുകാരെയും പോലെ ഏകരൂപമായ കാക്കിവേഷം കൊണ്ടു ആച്ഛാദനം ചെയ്തു, ദൈവം ദൈവദൂതന്മാരെ പിശാചുക്കളാക്കിയതുപോലെ, അധ:പതിപ്പിച്ചതോർക്കുമ്പോൾ ഏതു സൗന്ദര്യാരാധകൻെറ ഹൃദയമാണു് തപിക്കാത്തതു്? സിൽക്കുഷർട്ട് സ്വർണ്ണക്കണ്ണട റിസ്റ്റ്‌വാച്ച് പട്ടുകൈലേസ്സ് തുടങ്ങി പ്രേക്ഷകലോകത്തെ അപഹൃതചിത്തവൃത്തികളാക്കിത്തീർക്കുന്ന വേഷവിധാനങ്ങളോടും മോഹിനിമാരെ പരാജിതരാക്കുന്ന ഭാവഹാവങ്ങളോടും കൂടി അഴകിയ രാവണന്മാരായി നിയന്ത്രണയന്ത്രമാകുന്ന തൃച്ചക്രവും പിടിച്ച മന്ദഹാസസുന്ദരാനനരായി, കടാക്ഷവിക്ഷേപസമ്പന്നരായി എഴുന്നരുളിയിരുന്ന ആ ഡ്രൈവർ വിഷ്ണുക്കളെവിടെ? ഇന്നത്തെ കാക്കിക്കുട്ടുകാരെവിടെ?

ട്രാൻസ്പോർട്ട ബസ്സിൻെറ മറെറാരു പോരായ്മ അതിനു പേരില്ലെന്നുള്ളതാണു്. പേരില്ലെങ്കിലെന്താണെന്നു പലരും ചോദിച്ചേക്കും. അവർ അരസികന്മാരും ഭാവനാശൂന്യരുമാണെന്നേ എനിക്കു പറവാനുള്ളൂ. പേരു നിരർത്ഥവും നിഷ്പ്രയോജനവും ആണെങ്കിൽ എന്തിനാണു് നാം തങ്കമ്മ, പൊന്നമ്മ, കാമാക്ഷി, മീനാക്ഷി എന്നിത്യാദി മനോഹരങ്ങളായ നാമങ്ങൾ നമ്മുടെ ഇഷ്ടജനങ്ങൾക്കു നൽകുന്നതു്? സുന്ദരയ്യൻ എത്ര വിരൂപിയും ദുഷ്ടനുമായാലും അയാളുടെ പേരു കേൾക്കുമ്പോൾ നമുക്കു് എന്തൊരാനന്ദവും അയാളെ ഒന്നു കാണുവാൻ എന്തൊരാഗ്രഹവുമാണു്? പേരു തീരെ നിസ്സാരമോ നിരർത്ഥകമോ അല്ല. അതുകൊണ്ടാണു് കാര്യവിവരമുള്ള പണ്ടത്തെ ബസ്സുകാർ അവരുടെ ബസ്സുകൾക്കു് ഒന്നാംതരം പേരുകൾ നൽകിയിരുന്നതു്. “പങ്കജം” എന്നതു് ഒരു ബസ്സിൻെറ പേരാണു്. ആ പേരു കേൾക്കുമ്പോൾ നമുക്കെന്തൊരാനന്ദം! ഭാവനയുടെ കണികയുള്ളവർക്കു് അപ്പോൾ നിർമ്മലസരോവരത്തിൽ ഭ്രമരപരിവൃതമായി ഇളം തെന്നലിൽ മന്ദംമന്ദം ചാഞ്ചാടിക്കൊണ്ടിരിക്കുന്ന ഒരു ചെന്താമരപുഷ്പത്തിൻെറ അനുസ്മരണമല്ലേ ഉണ്ടാകുന്നതു്? ആ ബസ്സു പങ്കം നിറഞ്ഞതായിരിക്കുമെന്നല്ലാതെ പങ്കജവുമായി അതിനു യാതൊരു ബന്ധവുമുണ്ടായിരിക്കുകയില്ലെങ്കിലും ആ പേരു നമ്മെ അപഹൃതചിത്തവൃത്തികളാക്കിത്തീർക്കുന്നു. “സരസ്വതി” എന്നു് മറെറാരു ബസ്സിൻെറ പേരു്. അതിൽ കയറിയാൽ മദ്ധ്യമത്തനായ ഡ്രൈവരുടെ “സരസ്വതി” കേൾക്കാമെന്നല്ലാതെ ജഗന്മോഹിനിയായ ആ ബ്രഹ്മപുത്രിയുമായി ആ ബസ്സിനു യാതൊരു ചാർച്ചയുമില്ലെങ്കിലും ആ പേരു് എത്ര മനോമോഹനം! “മീനാക്ഷി” മറെറാരു പേരു്. ആ ബസ്സിൽക്കയറിയാൽ പലപ്പോഴും മീൻ മണക്കുമെന്നല്ലാതെ ആ പേരിടുന്നതിനു് യാതൊരു കാര്യവുമില്ല. എങ്കിലും “മീനാക്ഷി വരുന്നു” എന്നു പറയുന്നതു കേൾക്കുമ്പോൾ സാക്ഷാൽ മീനാക്ഷിയെക്കണ്ട ഒരു പ്രതീതിയാണു് നമുക്കുണ്ടാകുന്നതു്.- ചാമ്പ്യൻ, പയനിയർ” മുതലായ ഇംഗ്ലീഷ് പേരുകളും എത്ര ഗംഭീരങ്ങളും ആകർഷണീയങ്ങളുമായിരുന്നു? അവയ്ക്കു പകരം പോലീസുകാർക്കുള്ളതുപോലെ വെറും നമ്പരുകൾ–കവിതയില്ലാത്ത നമ്പരുകൾ– മാത്രമാണു് ഈ ബസ്സുകൾക്കുള്ളതു്. എന്തൊരു പോരായ്മ! പഴയ ബസ്സുകൾ ചിതൽ തിന്നു് തീരുന്നതോടുകൂടി ആ പഴയ പേരുകളും വിസ്മൃതങ്ങളായിത്തീരുന്നപക്ഷം അതു് ഭാവിതലമുറയ്ക്കു് എന്തൊരു നഷ്ടമായിരിക്കും. അതുകൊണ്ടു ആ പേരുകൾ എഴുതിയ പലകക്കഷണങ്ങൾ നശിച്ചുപോകാതെ വേലുത്തമ്പിയുടെ വാളോടൊപ്പം മ്യൂസിയത്തിൽ സൂക്ഷിക്കേണ്ടതു് അ

# സഹോദരി

ചെറു കഥ.

(ഡാക്ടർ കെ. ജി. ഗോവിന്ദൻനായർ)

(ഹൃദയസ്പർശകങ്ങളായ രംഗങ്ങളാം സംവിധാനം ചെയ്യപ്പെട്ടിട്ടുള്ള ഈ രസികൻ കഥയുടെ കർത്താവിനെ ഞങ്ങളും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു —പത്രാധിപർ)

അവർ രണ്ടുപേരും ബോംബേ മെഡിക്കൽകോളേജിൽ വായിക്കുകയാണു്. മോഹനൻ നാലാംവർഷവും നിശീഥിനി മൂന്നാംവർഷവും. മോഹനനേക്കാൾ ഒരു വർഷം കഴിഞ്ഞാണു് നിശീഥിനി കാളേജിൽ ചേർന്നതെങ്കിലും അവൾ വന്നുചേർന്നു് ഏതാനും ദിവസത്തിനകം അവർ തമ്മിൽ പരിചയമായി. ഒരു ദിവസം നിശീഥിനി അനാട്ടമിഹാളിൽ ശരീരാവയവങ്ങളെക്കുറിച്ചു പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. അന്നാണു് അറുത്തുകീറാൻ ഒരു ശരീരം ആദ്യമായി അവൾക്കു ലഭിച്ചതു്. ആ ശരീരം മറ്റൊരാൾക്കുകൂടിയാണു കൊടുത്തിരുന്നതു്; എന്നാൽ അവളുടെ കൂട്ടുകാരി അന്നു് ഹാജരായിരുന്നില്ല. ശവശരീരം ലഭിക്കുന്ന ദിവസംതന്നെ ജോലി ആരംഭിക്കണമെന്നായിരുന്നു കാളേജിലെ നിയമം. നിശീഥിനിയാകട്ടെ മുമ്പൊരിക്കലും ആപ്പറേഷൻ ചെയ്തിരുന്നില്ല. അതിൽ അവൾക്കു വളരെ വെറുപ്പുമുണ്ടായിരുന്നു. ആപ്പറേഷനിൽ വിജയം സിദ്ധിക്കയില്ലെന്നു് ഒരു വിചാരം എങ്ങിനെയോ അവളുടെഉള്ളിൽ കടന്നുകൂടി.

മററുള്ളവർ കണ്ടാൽ കളിയാക്കുമെന്നു ഭയന്നു് വയ്യുന്നേരംവരെ അവൾ ആപ്പറേഷനു ഭാവിച്ചില്ല. എല്ലാ വിദ്യാർത്ഥികളും അവരവരുടേ ജോലി അവസാനിപ്പിച്ചുപോയശേഷമാണു് അവൾ "ഡിസെക്ഷൻഹാളി"ൽ പ്രവേശിച്ചതു്. കരുവിയും മുള്ളും എടുത്തു് അവൾ ശവത്തേ സമീപിച്ചു. അവളുടെ കൈയ്യും കാലും വിറച്ചുതുടങ്ങി. ജീവനുള്ള ശരീരത്തിലല്ലല്ലോ ആപ്പറേഷൻ നടത്തുന്നതു് എന്നുള്ളതു മാത്രമായിരുന്നു അവൾക്കാശ്വാസം. അവൾ "ഡിസെക്ഷൻ ഗൈഡ്" എടുത്തു മുമ്പിൽ നിവർത്തുവച്ചു്, കരുവി തേച്ചു്, ജോലി ആരംഭിച്ചു. "ആദ്യമായി തൊലി കീറുക, അതിനു കീഴിൽ ഞരമ്പുകളുണ്ടു്" എന്നു് ഗൈഡിൽ പ്രസ്താവിച്ചിരുന്നു. തൊലിക്കു വളരെ കട്ടിയുണ്ടായിരിക്കുമെന്നു നിശീഥിനി ഊഹിച്ചു. റൊട്ടി മുറിക്കുംപോലെ ആഞ്ഞൊരു കീറു കൊടുത്തു. തൊലിയാണെന്നു വിചാരിച്ചു കീറിയ ഭാഗം പൊക്കിനോക്കിയപ്പോൾ ഞരമ്പൊന്നുമേയല്ല കണ്ടതു്; അസ്ഥിയായിരുന്നു.

കരുവി മേശപ്പുറത്തു വെച്ചുശേഷം വിചാരമഗ്നയായി നിശീഥിനി സ്റ്റൂളിൽ ഇരുന്നു. അവളുടെ പുറകിൽ ഒരു യുവാവു് മന്ദഹസിച്ചുകൊണ്ടുനിൽക്കുന്ന കഥ അവൾ അറിഞ്ഞതേയില്ല. ഈ അവസരത്തിൽ മണിയടിച്ചു. ഒരു മിനിട്ടിനുള്ളിൽ ഡിസെക്ഷൻ ഹാൾ അടയ്ക്കും. നിശീഥിനി എഴുന്നേററു. അവളുടെ ദൃഷ്ടി പുറകിൽ നിന്നിരുന്ന യുവാവിൽ പതിഞ്ഞു. ആയാളുടെ മുഖത്തു് അപ്പോഴും മന്ദസ്മിതം കളിയാടിക്കൊണ്ടിരുന്നു. അതു കണ്ടപ്പോൾ നിശീഥിനിക്കല്പം ലജ്ജയുണ്ടായി. യുവാവു് ശവശരീരം സൂക്ഷിച്ചുനോക്കിയിട്ടു ചോദിച്ചു.

"ജൂനിയർ ആണോ?"

നിശീഥിനി സമ്മതഭാവത്തിൽ തലകുലുക്കുകമാത്രം ചെയ്തു. യുവാവു് ചിരിച്ചുകൊണ്ടു പറഞ്ഞു. "ഇതു് ഡിസെക്ഷനോ! അതോ കറിക്കുവെട്ടോ? ചർമ്മവും മാംസപേശികളും എല്ലാംകൂടി ഒററ ഒരടിക്കു ശരിപ്പെടുത്തിക്കളഞ്ഞല്ലോ?"

"ഇതിൽ ചിരിക്കാനെന്താണുള്ളതു്? നിങ്ങളും ഒരിക്കൽ ജൂനിയർ ആയിരുന്നില്ലേ?' നിശീഥിനി അൽപ്പം ഈർഷ്യയോടുകൂടി ചോദിച്ചു. യുവാവു്, അറുത്തുകീറിയിരുന്ന ഭാഗം ശരിയാക്കാൻ ഭാവിക്കുന്നതു കണ്ടിട്ടു് നിശീഥിനി പറഞ്ഞു:- "വേണ്ട, വേണ്ട. എങ്ങിനെ എങ്കിലും ഞാൻ അതു സ്വയം ചെയ്തുകൊള്ളാം. അല്ലെങ്കിൽ നാളെ ട്യൂട്ടറോടു ചോദിച്ചു ശരിപ്പെടുത്തിക്കൊള്ളാം."

"നിങ്ങൾ ദേഷ്യപ്പെടുകയാണോ?"

"എന്തുകൊണ്ടു് ദേഷ്യപ്പെടാൻ പാടില്ല? നിങ്ങൾ സീനിയറാണു്. എന്നാൽ ജൂണിയറിനെക്കളിയാക്കണമെന്നു് അതുകൊണ്ടർത്ഥമില്ല. കുറേക്കഴിഞ്ഞാൽ ഞാനും സീനിയറാകും."

"ക്ഷമിക്കണം. ഞാൻ വെറും നേരംപോക്കു പറയുകയായിരുന്നു. ഞാനൊരിക്കലും ജൂനിയേഴ്സിനെ കളിയാക്കുകയോ അവരെ നിസ്സാരമായിക്കരുതുകയോ ചെയ്യാറില്ല. നിങ്ങൾ ഈ സംഭവം ഗൗരവമായിക്കരുതുന്നുണ്ടോ?"

"നിങ്ങളുടെ പ്രവൃത്തിയെ മറേറതു തരത്തിലാണു് മനസ്സിലാക്കേണ്ടതു്?"

"ഞാൻ ഇതിൽ നിർവ്യാജം വ്യസനിക്കുന്നു. നമ്മളുടെ ഈ "ലയിൻ" തീരെ വിരസവും ശുഷ്ക്കവുമാണു്. കുറേ ചിരി

---

ത്യാവശ്യമാണു്. ചരിത്രാന്വേഷികൾക്കു് അവ അമൂല്യനിക്ഷേപങ്ങളായിരിക്കും.

ട്രാൻസ്പോട്ടു ബസ്സിൻെറ മററൊരു ന്യൂനത അതിൽ ആളുകളെ കയററുകയും ഇറക്കുകയും ചെയ്യുന്ന സമ്പ്രദായമാണു്. പണ്ടത്തെ ബസ്സുകൾ അണുജീവികളെപ്പോലെ സർവ്വാംഗവക്ത്രരും സർവാംഗഗുദരുമായിരുന്ന അവയ്ക്കു് യാത്രക്കാരാകുന്ന ഭക്ഷണസാധനങ്ങളെ എതിലേ വേണമെങ്കിലും വലിച്ചുകയററി അവരുടെ പണമാകുന്ന പോഷകാംശങ്ങൾ സ്വീകരിച്ചതിനുശേഷം എതിലേവേണമെങ്കിലും വിസർജ്ജിക്കാമായിരുന്നു. ട്രാൻസ്പോർട്ടു ബസ്സാകട്ടെ ഭക്ഷിക്കുന്നതും വിസർജ്ജിക്കുന്നതും കഴുനാകളെപ്പോലെ വായിൽക്കൂടെത്തന്നെയാണു്. ക്ഷുദ്രജീവിയായ ആ നിസ്സാരജന്തുവിനു് അതൊരു ന്യൂനതയല്ലായിരിക്കാം. എന്നാൽ മെയിൻസെൻട്രൽറോഡിൽക്കൂടി സൈ്വരസഞ്ചാരം ചെയ്യുന്ന ചക്രപാദർക്കു് അതൊരു ഭൂഷണമല്ലതന്നെ.

ച്ചോ നേരംപോക്ക പറഞ്ഞോ മനസ്സിന ല്പം ഉന്മേഷം കൊടുക്കാത്തപക്ഷം പുരോഗതി വളരെ പ്രയാസമാണ്. ഇതു മാത്രമാണ പരമാർത്ഥം."

നിശീഥിനി ഒന്നും പറഞ്ഞില്ല.

യുവാവു്—"നിങ്ങൾക്ക കാര്യം മനസ്സിലായെന്നു് ഞാൻ വിശ്വസിക്കുന്നു."

"ഉവ്വ്; ഇപ്പോൾ മനസ്സിലാക്കാൻ തുടങ്ങി."

"ക്ഷമിക്കുമല്ലോ?'

''മറന്നുകളയണം."

"മണിയടിച്ചുകഴിഞ്ഞല്ലോ. ആകട്ടെ നാളെ രാവിലെ വരാമെങ്കിൽ ഈ ഭാഗം അറുത്തുകീറേണ്ട രീതി ഞാൻ മനസ്സിലാക്കിത്തരാം."

"വന്ദനം."

''വരുന്ന കാര്യം തീർച്ചപ്പെടുത്തിയോ?

"ഉവ്വ്."

"കൊള്ളാം. ഈ സ്വഭാവം ഒരു മെഡിക്കൽവിദ്യാർത്ഥിക്ക് അത്യാവശ്യമാണ്.

നിശീഥിനി പോകാൻ ഭാവിച്ചു.

"നിങ്ങൾ രാവിലെ വന്നാൽ ആരെ അന്വേഷിക്കും?" യുവാവു ചോദിച്ചു.

അവൾ മറുപടി ഒന്നും പറഞ്ഞില്ല.

"നിങ്ങൾ എന്നോടു കോപിച്ചു. വാസ്തവത്തിൽ ഞാൻ തെറെറാന്നും ചെയ്തില്ല. എങ്കിലും ഞാൻ ക്ഷമായാചനം ചെയ്തു. നിങ്ങൾക്ക അതു് അംഗീകരിക്കയും ചെയ്തു. ആ സ്ഥിതിക്കു് ഞാൻ ആരാണെന്നുപോലും അറിയാതെ പോകാൻ ഭാവിച്ചതു് എൻെറ കുററത്തോടു താരതമ്യപ്പെടുത്തുമ്പോൾ വളരെ വലിയ മര്യാദകേടല്ലേ?" യുവാവു് പുഞ്ചിരിയോടുകൂടി ചോദിച്ചു.

യുവാവു പറഞ്ഞതു് ശരിയാണെന്നവൾക്ക തോന്നി. വിശേഷിച്ചു് തന്നേ സഹായിക്കാൻ തയ്യാറായ ആളിനെക്കുറിച്ചു് യാതൊന്നും ചോദിക്കാഞ്ഞതു് തെററുതന്നെയാണെന്നവൾക്കറിയാം. എങ്കിലും കുററം സമ്മതിക്കാൻ അവൾ തയ്യാറില്ലായിരുന്നു. അവൾ പറഞ്ഞു:—"അല്ല; നിങ്ങളുടെ പേരും മററും ചോദിക്കുന്നതു് ശരിയായിരിക്കയില്ല. നാം തമ്മിൽ അല്പ സമയത്തെ പരിചയം മാത്രമല്ലേയുള്ളു?"

യുവാവു്- ശരി എന്നാൽ പോകാം" നിശീഥിനി എന്തു ചെയ്യണമെന്നറിയാതെ അല്പം കുഴങ്ങി. യുവാവിൻെറ പേരിനിയും ചോദിക്കുന്നതെങ്ങനെ? അറിയാതെ പോകുന്നതു ശരിയാണോ?

അവളുടെ നിലയും ഭാവവും കണ്ടു് യുവാവു് ഉള്ളുകൊണ്ടു ചിരിച്ചു." അയാൾ ചോദിച്ചു. "നിങ്ങൾക്കു് പോകാൻ താമസമുണ്ടായിരിക്കും"

"ഇല്ല"

"പിന്നെ, എന്താണു നില്ക്കുന്നതു്?"

നിശീഥിനി മറുപടി ഒന്നും പറഞ്ഞില്ല. അവൾ യുവാവിൻെറ മുഖത്തൊന്നു നോക്കി. ആ നോട്ടത്തിൻെറ അർത്ഥം അയാൾ ഗ്രഹിച്ചു.

"എൻെറ പേരറിയണമായിരിക്കും" അയാൾ ചോദിച്ചു.

"പറഞ്ഞാൽ ഉപകാരമായി"

"മോഹനൻ" എന്നു പറഞ്ഞുകൊണ്ടു് അയാൾ കോട്ടിൻെറ പാക്കററിൽ നിന്നു് കാർഡെടുത്തു നീട്ടി. നിശീഥിനി കാർഡു വാങ്ങി. "നിങ്ങളുടെ കാർഡോ?" മോഹനൻ ചോദിച്ചു.

നിശീഥിനി പുഞ്ചിരിയോടുകൂടി പറഞ്ഞു. "എനിക്ക കാർഡില്ല. ഇപ്പോൾ ജൂണിയറാണു്; ബി. എസ്സ്. സിയും അല്ല."

"എങ്കിലും പേരുണ്ടായിരിക്കുമല്ലോ?" മോഹനൻ ചോദിച്ചു.

''നിശീഥിനി"—അവൾ മറുപടി പറഞ്ഞു.

"അന്ധകാരമയമോ പ്രകാശമാനമോ?" മോഹനൻ അർത്ഥഗർഭമായി ചിരിച്ചുകൊണ്ടു ചോദിച്ചു. നിശീഥിനിയും ചിരിച്ചു. അവൾ മറുപടി ഒന്നും പറഞ്ഞില്ല.

ആപ്പറേഷനെ സംബന്ധിച്ചു് നിശീഥിനിക്കു് വളരെ ഭയമുണ്ടായിരുന്നു. പരീക്ഷയിൽ ആ വിഷയത്തിനു ജയിക്കുമെന്നു് അവരം അശേഷമാശിച്ചിരുന്നില്ല. എന്നാൽ മോഹനൻ ആ ഭയവും ആശങ്കയും നശിപ്പിച്ചു. അയാളുടെ സഹായത്തോടുകൂടി അവൾ "അനാട്ടമി" വിഷയത്തിൽ പ്രശസ്തമാംവണ്ണം വിജയം നേടി.

നിശീഥിനിയും മോഹനനും തമ്മിലുള്ള പരിചയം ക്രമേണ വർദ്ധിച്ചു. മോഹനനേ സംബന്ധിച്ചിടത്തോളം ആ വികാരം ഉച്ഛൃംഖലമായിരുന്നു. ചിലപ്പോൾ ഉന്മാദമായും മററു ചിലപ്പോൾ ഉദാസീനമായും അതു പ്രത്യക്ഷപ്പെട്ടിരുന്നു. എന്നാൽ നിശീഥിനിയുടെ പ്രേമമാകട്ടെ ശാന്തവും മൂകവും ആയിരുന്നു.

## II

നിശീഥിനിയുടെ മാതാപിതാക്കന്മാർ മരിച്ചുപോയിരുന്നു. അവർ രണ്ടു സഹോദരികൾ മാത്രമേ ഉണ്ടായിരുന്നുള്ളു- നിശീഥിനിയും ഇളയ സഹോദരി ലീലയും. ലീല സ്വദേശമായ ധാരാപുരിയിൽ ഇൻറർമീഡിയററു് ക്ലാസ്സിൽ പഠിക്കയാണു്. അവരുടെ പിതാവു് ധാരാളം ധനം സമ്പാദിച്ചിരുന്നു. അതുകൊണ്ടാണു് നിശീഥിനി തൻേറയും സഹോദരിയുടേയും ചെലവു നടത്തിവന്നതു്. നിശീഥിനി, ലീലയെ ഇതുവരെ ബാംബയിൽ കൊണ്ടുവന്നിരുന്നില്ല. ലീലയുടെ സ്വഭാവം നിശീഥിനിക്കുനല്ലവണ്ണമറിയാമായിരുന്നു. ബാംബയിലെ സ്ഥിതിഗതികൾ ലീലയ്ക്കു ദോഷകരമായി അവസാനിക്കുമെന്നു് അവൾ നേരത്തെ തന്നെ ഊഹിച്ചു. അതിനാൽ അവധിക്കാലത്തു് വീട്ടിൽ പോയി സഹോദരികൾ ഒന്നിച്ചു കഴിഞ്ഞുകൂടുകയായിരുന്നു പതിവു്.

ലീല അക്കൊല്ലം പരീക്ഷയിൽ ജയിച്ചു. അവളുടെ ആഗ്രഹം ഡാക്ടർപരീക്ഷയ്ക്കു പഠിക്കണമെന്നായിരുന്നു. അതിനു ബോംബെക്ക വരേണ്ടിയിരുന്നതിനാൽ അവളെ ബി. എസ്സ്. സി. ക്കയക്കാൻ നിശീഥിനി നിശ്ചയിച്ചു. ഒരു വീട്ടിൽ രണ്ടു ഡാക്ടന്മാരുടെ ആവശ്യമില്ലെന്നും മററും കാണിച്ചു് ലീലയെ സമ്മതിപ്പിക്കുന്നതിനു് നിശീഥിനി രണ്ടു മൂന്നെഴുത്തയച്ചു. ബി. എസ്സ്. സി. കഴിഞ്ഞാൽ അവളെ ശീമക്കയക്കാമെന്നും വാഗ്ദാനം ചെയ്തു. ലീലയാകട്ടെ ആ കത്തുകൾക്ക മറുപടി അയച്ചില്ല. അതിനാൽ അവൾ അനുസരിച്ചിരിക്കുമെന്നു നിശീഥിനി വിചാരിച്ചു. എന്നാൽ ഒരു ദിവസം അവൾക്കിപ്രകാരം ഒരു കമ്പി കിട്ടി. "ബാംബയ്ക്കു പുറപ്പെടുന്നു. നാളെരാത്രി എക്സ്പ്രസ്സിൽ എത്തും. സ്റ്റേഷനിൽ കാത്തു നില്ക്കുക. ലീല"

നിശീഥിനി എന്തുചെയ്യും! സ്റ്റേഷനിൽ പോകാൻ തയ്യാറായി വാതുക്കൽ എത്തിയപ്പോൾ മോഹനനും അവിടെ വന്നുചേർന്നു.

"ഇത്ര ധൃതിയായി എങ്ങോട്ടാണു പുറപ്പെടാൻ ഭാവിക്കുന്നതു്?- അയാൾ ചോദിച്ചു.

"ഇതു വായിച്ചുനോക്കണം." അവൾ കമ്പി കയ്യിൽകൊടുത്തു.

കമ്പി വായിച്ചശേഷം മോഹനൻ ചോദിച്ചു "ഈ ലീല ആരാണു്?"

"എന്റെ സഹോദരി"

"സഹോദരിയോ?"

"അതെ"

"ഇങ്ങനെയൊരു സഹോദരിയുണ്ടെന്നിതുവരെ എന്നോടു പറഞ്ഞിട്ടില്ലല്ലോ!"

"നിങ്ങളെ വീട്ടിൽക്കൊണ്ടുപോയി അവളുമായി പരിചയപ്പെടുത്താമെന്നായിരുന്നു വിചാരിച്ചിരുന്നതു്."

"ഇളയതോ?"

"അതേ"

"അവിവാഹിതയോ?"

"എന്റെ വിവാഹമേ കഴിഞ്ഞില്ലല്ലോ."നിശീഥിനി ചിരിച്ചുകൊണ്ടു പറഞ്ഞു.

"ഇവിടെ എന്തിനു വരുന്നു? ബാംബേ കാണാനോ?

"നിശ്ചയമില്ല. ഈ കമ്പിമാത്രമാണു് എനിക്കുള്ള അറിവു്. വണ്ടി വരാറായി; നമുക്കു സ്റ്റേഷനിലേക്കു പോകാം."

രണ്ടുപേരും വണ്ടിയിൽക്കയറി സ്റ്റേഷനിലെത്തി. എക്സ്പ്രസ് വണ്ടി വരുന്നതിനു് [അഞ്ചു മിനിട്ടേ താമസമുണ്ടായിരുന്നുള്ളു. മോഹനനും നിശീഥിനിയും പ്ലാറ്റുഫാറത്തിൽ പ്രവേശിച്ചു. വണ്ടിവന്നു. രണ്ടാംക്ലാസ്സുമുറിയിൽ നിന്നും ഒരു തരുണി ഇറങ്ങുന്നതു മോഹനൻ കണ്ടു.

"അതാണോ ലീല" അയാൾ ചോദിച്ചു.

"അതെ"

അവർ അങ്ങോട്ടു നടന്നു. ലീലയെ സമീപിച്ചു. സഹോദരിയോടൊന്നിച്ചു് അപരിചിതനായ ഒരു യുവാവിനെക്കണ്ടു ലീല അല്പം സംശയിച്ചു നിന്നുപോയി.

"ഇദ്ദേഹമാണു് മി: മോഹനൻ. എന്റെ ഒരു സ്നേഹിതൻ"-നിശീഥിനി ലീലയോടു പറഞ്ഞു. ലീല മോഹനനെ സൂക്ഷിച്ചുനോക്കി; മോഹനൻ ലീലയേയും. അവർ ചിരിച്ചുകൊണ്ടു പരസ്പരം കൈകൊടുത്തു.

രണ്ടു ദിവസം കഴിഞ്ഞു് നിശീഥിനിയുടെ മുറിയിൽ മൂന്നുപേർ ചായ കുടിച്ചുകൊണ്ടിരിക്കുന്നു. മോഹനനും, ലീലയും, നിശീഥിയും. മോഹനൻ നിശീഥിനിയേയും ലീലയേയും മാറി മാറി നോക്കിക്കൊണ്ടിരുന്നു. രണ്ടു സഹോദരികൾ; രണ്ടുപേരും സുന്ദരികൾ; അഭ്യസ്തവിദ്യർ; മധുരഭാഷിണികൾ; എങ്കിലും മോഹനൻ അധികം നോക്കിക്കൊണ്ടിരുന്നതു ലീലയേയാണു്. യാതൊരു തരുണിയിലും—നിശീഥിനിയിൽപോലും—അയാൾ ദർശിച്ചിട്ടില്ലാത്ത ഒരു അത്ഭുതചൈതന്യം അവളുടെ മുഖത്തു് അയാൾ കണ്ടു.

"ലീല എത്രനാൾ ഇവിടെ താമസിക്കും?" മോഹനൻ നിശീഥിനിയോടു ചോദിച്ചു.

"ഞാനെങ്ങനെ പറയും? അവൾ വന്നതെന്റെ അറിവോടുകൂടിയല്ല. പോകുന്നതിനെക്കുറിച്ചും എനിക്കറിഞ്ഞുകൂടാ."

"അറിയാം." ലീല ചിരിച്ചുകൊണ്ടു പറഞ്ഞു.

"എന്താണതു്?" മോഹനൻ ചോദിച്ചു.

"ഞാനിവിടെനിന്നു പോകുന്നില്ല."

"വളരെ നല്ലതു്."

"മോഹനൻ!"—നിശീഥിനി വിളിച്ചു.

"നിങ്ങൾ ലീലയുടെ വാക്കു വിശ്വസിക്കേണ്ടാ."

"എന്തുകൊണ്ടു്?"

"ലീലയെ ഇവിടെ താമസിപ്പിക്കാനല്ല എന്റെ നിശ്ചയം. അവളെ ബി. എസ്സ്. സിക്കു പഠിപ്പിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞു."

"എന്നാൽ അവളുടെ ആഗ്രഹം ഇവിടെ പഠിക്കണമെന്നാണല്ലോ. അതിനെന്താണു ദോഷം?"

"ഞാൻ അവളുടെ രക്ഷാകർത്രിയാണു്. എനിക്കിഷ്ടമുള്ളിടത്തു് അവളെ പഠിപ്പിക്കുവാൻ എനിക്കധികാരമുണ്ടു്."

"നിങ്ങൾക്കധികാരമുണ്ടു്; ശരിതന്നെ. എന്നാൽ......"

"നിങ്ങൾ രണ്ടുപേരുംകൂടി ഈ കാര്യത്തിൽ ശണ്ഠ കൂടണ്ടാ." ചിരിച്ചുകൊണ്ടു ലീല പറഞ്ഞു. "കുറച്ചു ദിവസം കഴിഞ്ഞു നമുക്കതു തീർച്ചപ്പെടുത്താം. എനിക്കിന്നു കപ്പൽ കാണാൻ പോകണം. ജ്യേഷ്ഠത്തി കൂടെ വരുമോ?"

നിശീഥിനി—"എനിക്കിന്നു സമയമില്ല. ആശുപത്രിയിൽ പോകണം.

ലീല--"മി. മോഹനനോ?"

നിശീഥിനി—"അദ്ദേഹത്തിനും പരീക്ഷ അടുത്തതുകൊണ്ടു് സൗകര്യമുണ്ടായിരിക്കയില്ല."

ലീല മോഹനന്റെ മുഖത്തേക്കു നോക്കി. അയാൾ നിശീഥിനിയോടായി പറഞ്ഞു. "ഞാനിന്നു ലീലയോടുകൂടി പോകാം. എന്നും കപ്പൽ കാണാൻ സൗകര്യം ലഭിക്കുകയില്ലല്ലോ. രാത്രി ഒരു മണിക്കൂർ കൂടുതൽ വായിച്ചു് ഈ സമയനഷ്ടം പരിഹരിക്കാം."

നിശീഥിനിയുടെ മുഖത്തു് പെട്ടെന്നൊരു കാർമേഘം നിഴലിച്ചു. അവൾ മോഹനന്റെ മുഖത്തേക്കു നോക്കി. ആ നോട്ടത്തിൽ കോപവും താപവും സ്ഫുരിച്ചിരുന്നു. എന്നാൽ മോഹനൻ അതു കണ്ടില്ല. അയാളുടെ ദൃഷ്ടി ലീലയുടെ മുഖത്തായിരുന്നു.

"പോകാൻ താമസമുണ്ടോ?" അയാൾ ചോദിച്ചു.

"ഇല്ല" ലീല മറുപടി പറഞ്ഞു.

"എന്നാൽ പോകാം. താഴെ വണ്ടി കിട്ടും; നിശീഥിനിയും വരുന്നെങ്കിൽ വന്നോളൂ. ആശുപത്രിക്കുസമീപം ഇറങ്ങാം"

ലീലയേയും മോഹനനേയും മാത്രം വിടുന്നതു് നിശീഥിനിക്കിഷ്ടമായിരുന്നില്ല. അവരോടുകൂടി പോയാൽക്കൊള്ളാമെന്നവൾക്കാഗ്രഹമുണ്ടായിരുന്നു. പക്ഷേ, നേരത്തെ സൗകര്യമില്ലെന്നു പറഞ്ഞുപോയതിനാൽ അപ്രകാരം ചെയ്യുന്നതു ശരിയല്ലെന്നവൾക്കു തോന്നി. ആശുപത്രിവരെ ഒന്നിച്ചുപോകാനും അവൾ ഒരുങ്ങിയില്ല.

## III

അത്യധികമായ വിചാരം കൊണ്ടും ക്ഷോഭംകൊണ്ടും നിശീഥിനിക്കു കഠിനമായ തലവേദനയുണ്ടായി. അല്പം കടൽക്കാറേറ്റാൽ ആശ്വാസമുണ്ടാകുമെന്നവൾക്കു തോന്നി. കടൽപ്പുറത്തു് നടക്കാൻ പോകുന്നതിനു് അവൾ ലീലയേക്കൂടി ക്ഷണിച്ചു. എന്നാൽ അവൾ ആ ക്ഷണം സ്വീകരിച്ചില്ല.

"ഞാൻ പറയുന്നതെന്തുകൊണ്ടാണു ലീലേ നീ അനുസരിക്കാത്തതു്? നിശീഥിനി ചോദിച്ചു.

അനുസരിക്കായ്കയല്ല. എന്നാൽ ഇപ്പോൾ കടൽപ്പുറത്തേക്കു പോകാൻ എനിക്കാഗ്രഹമില്ല."

"നീ തനിച്ചിരുന്നു് ഇവിടെ എന്തു ചെയ്യും?"

"ഇവിടെ എന്താണു ചെയ്യാനില്ലാത്തതു്! ഞാൻ ഇവിടെ ഇരിക്കും; കിടക്കും; പാടും; ചൂളം വിളിക്കും; പിന്നീടു വെറുതെ ഇരിക്കും."

"ലീലേ നിന്റെ കാര്യങ്ങൾ വളരെ വിചിത്രമായിരിക്കുന്നല്ലോ"

"എന്താണു്?"

"നീ എന്തുകൊണ്ടാണ് ബോംബെയിൽ നിന്നും പോകാത്തതു്?"

ലീല മറുപടിയൊന്നും പറഞ്ഞില്ല.

"പറയൂ"–നിശീഥിനി നിർബന്ധിച്ചു.

"വെറുതെ"

"വെറുതെയോ? കാരണമൊന്നുമില്ലേ?"

"കാരണം—പറയാനൊന്നുമില്ല"

"നീ എന്താണു തുറന്നു പറയാത്തതു്?"

"എന്തു്?"

"നീ മോഹനനേ......"

"ഇല്ല, ഇല്ല"–ലീല ഇടയ്ക്കു കയറി പറഞ്ഞു.

"എന്നോടു കള്ളം പറയണ്ടാ. ഹാ ലീലേ! നീ എന്നോടെന്തൊരു കടുംകയ്യാണു പ്രവർത്തിക്കുന്നതെന്നു് നിനക്കറിഞ്ഞുകൂടെ?"

"ജ്യേഷ്ഠത്തിയോടോ!?"

"അതേ, എന്നോടു് പക്ഷേ നിനക്കതു മനസ്സിലായിട്ടില്ലായിരിക്കാം."

ലീല പിന്നീടൊന്നും പറഞ്ഞില്ല. നിശീഥിനിയും സംഭാഷണം ദീർഘിപ്പിക്കാനാഗ്രഹിച്ചില്ല. അവൾ കടൽപ്പുറത്തേക്കു തിരിച്ചു. നിശീഥിനി മലബാർ ഹില്ലിലേക്കുള്ള റോഡിലെത്തി. ഒററയ്ക്കാണു് അവൾ നടന്നിരുന്നതു്. എങ്ങോട്ടുപോകണമെന്നവൾക്കൊരു നിശ്ചയവുമില്ലായിരുന്നു. മോഹനനെക്കുറിച്ചവൾ ചിന്തിച്ചു. ദീർഘകാലത്തെ ശ്രമത്തിന്റെ ഫലമായിട്ടാണു് അവൾക്കയാളെ ലഭിച്ചതു്. അവളുടെ ഹൃദയം അയാളിൽ അർപ്പിച്ചിരുന്നു. അയാളെ അടിസ്ഥാനപ്പെടുത്തി പല ആകാശക്കോട്ടകളും അവർ കെട്ടിയിരുന്നു. ആനന്ദമയമായ ഒരു സ്വപ്ന സാമ്രാജ്യം അവൾ നിർമ്മിച്ചിരുന്നു. ഇത്രയുംനാൾ യാതൊന്നിനെ തന്റേതായി അവൾ കരുതിയിരുന്നുവോ അതു് അവളിൽ നിന്നും അപഹരിക്കപ്പെട്ടുന്നതായി അവൾക്കനുഭവപ്പെട്ടു. അവൾ പ്രാണതുല്യം കരുതി സ്നേഹത്തോടുകൂടി വളർത്തിവന്ന സഹോദരിമൂലം അപ്രകാരം സംഭവിക്കുന്നു എന്നുള്ളതായിരുന്നു അവൾക്കു് അസഹ്യമായ വ്യഥ. പുറകിൽ നിന്നും കേട്ട ഒരു കാറിന്റെ ഹാറൺ അവളെ ചിന്തയിൽനിന്നുണർത്തി. അവൾ തിരിഞ്ഞുനോക്കിയതും ഒരു കാർ സമീപത്തുകൂടി കടന്നുപോയതും ഒരുമിച്ചായിരുന്നു. അവളുടെ ദൃഷ്ടി കാറിനുള്ളിലുണ്ടായിരുന്നയാളുകളിൽ പതിഞ്ഞു. മോഹനനും ലീലയും; അവർ ഒരേ സീററിലിരിക്കുന്നു! നിശീഥിനിക്കു് തല കറങ്ങുന്നതായി തോന്നി. കണ്ണുകൾക്കു കാഴ്ചകുറഞ്ഞു, ചെവി അടഞ്ഞു. കാൽ ഒരടി മുന്നോട്ടു ഇളകിയില്ല. ശരീരത്തിനു ചൈതന്യം ഇല്ലാതായി ഹൃദയം പിളരുന്നോ എന്നവൾ സംശയിച്ചു. ഒരുവിധത്തിൽ വഴിയരികിലുണ്ടായിരുന്ന ഒരു ബഞ്ചിൽ അവളിരുന്നു.

ജീവിതം സുമസുരഭിലമായ ഒരു മനോഹരമലർവാടിയായി അവൾ കരുതിയിരുന്നു. വിചിത്രവർണ്ണാങ്കിതവും സുഗന്ധപരിപൂരിതവുമായ ഓരോ പുഷ്പത്തിന്റേയുമടിയിലുള്ള നിശിതകണ്ടകങ്ങൾ അപ്പോൾ അവൾ കണ്ടു.

അവളുടെ ഉള്ളിൽക്കൂടി അനവധി ചിന്തകൾ കടന്നുപോയി. ബാല്യകാലത്തു് സുഖസമ്പൂർണ്ണമായ ഗൃഹത്തിൽ മാതാപിതാക്കന്മാരുടെ കണ്ണിലുണ്ണിയായി തുള്ളിച്ചാടി വസിച്ചിരുന്നു. പിന്നീടു് സഹോദരിയോടൊന്നിച്ചു സന്തോഷകരമായിക്കഴിഞ്ഞുകൂടി. വിദ്യാലയത്തിൽ അദ്ധ്യാപകന്മാരുടെ വാത്സല്യത്തിനും സഹപാഠികളുടെ ആദരവിനും അവൾ പാത്രമായിരുന്നു. കാളേജിൽ വന്നു മോഹനനുമായി പരിചയപ്പെട്ടു. ആ പരിചയം പ്രണയമായി അവസാനിച്ചു. ഇതുവരെയുള്ള ജീവിതമെത്ര ആനന്ദകരമായിരുന്നു. ഹാ! കഷ്ടം! ആ സഹോദരിയും ആ കാമുകനും ഇന്നു് എത്രമാത്രം ഹൃദയവ്യഥയ്ക്കു കാരണമായിത്തീർന്നു.

ഇപ്രകാരം നിശീഥിനി വിചാരമഗ്നയായിരിക്കുമ്പോൾ മോഹനനും ലീലയും കയറിപ്പോയ കാർ തിരിച്ചുപോകുന്നതവൾ കണ്ടു. നിശീഥിനിയുടെ ഹൃദയം കത്തിഎരിഞ്ഞു. മനസ്സു കിടന്നു പിടയ്ക്കാൻ തുടങ്ങി. ആദ്യം മോഹനനോടും പിന്നീടു ലീലയോടും അവൾക്കത്യധികമായ കോപം തോന്നി. പ്രതീകാരബുദ്ധി അവളിൽ ഉദിച്ചു വളർന്നു. ഏതെങ്കിലും വണ്ടിയിൽക്കയറി അവരെ പിൻതുടരാൻ അവൾ ആഗ്രഹിച്ചു. എന്നാൽ ആ വഴി വണ്ടി ഒന്നും വന്നില്ല. പരവശയായി അവൾ വീട്ടിലേക്കു തിരിച്ചു.

നിശീഥിനി വീട്ടിലെത്തിയപ്പോൾ സന്ധ്യ കഴിഞ്ഞു. മുറിയുടെ കതകടച്ചിരിക്കുന്നതായി അവൾ കണ്ടു. ഉള്ളിൽ വിളക്കു കത്തുന്നുണ്ടായിരുന്നു. വാതിലിന്റെ വിടവിൽക്കൂടി അവളകത്തേക്കു നോക്കി. ലീല മേശപ്പുറത്തിരിക്കുന്നു; സമീപത്തായി മോഹനൻ മേശയിൽ ചാരി നിൽക്കുന്നുണ്ടു്! അവർ സംഭാഷണത്തിലേർപ്പെട്ടിരിക്കുകയാണു്. നിശീഥിനി ശ്രദ്ധിച്ചു.

മോഹനൻ—ലീലേ നീ അങ്ങനെ പറയരുതു്.

ലീല— എന്തുകൊണ്ടു്?

"എന്റെ ഹൃദയം തകരുന്നു. നിന്റെ സ്ഥിതിയും അതുതന്നെ ആയിരിക്കണം."

അതെനിക്കറിയാം. എന്നാൽ ജ്യേഷ്ഠത്തിക്കും ഒരു ഹൃദയമുണ്ടെന്നു നിങ്ങൾ ഓർമ്മിക്കാത്തതെന്തുകൊണ്ടാണു്. നിങ്ങൾ അതിനെക്കുറിച്ചാലോചിക്കാറുണ്ടോ?"

"ഞാൻ നല്ലവണ്ണം ആലോചിച്ചു. എന്നാൽ—ലീലേ! നിനക്കെല്ലാവിവരങ്ങളുമറിവുണ്ടല്ലോ. നീ വരുന്നതിനുമുമ്പു് എല്ലാം വളരെ ശരിയായിരുന്നു. യാതൊരു കുഴപ്പവുമുണ്ടായിരുന്നില്ല. ഇപ്പോഴാകട്ടെ, കാര്യങ്ങൾ മറിഞ്ഞുപോയി. നിശീഥിനിക്കു് എന്റെ ഹൃദയത്തിൽ അമൂല്യമായ ഒരു സ്ഥാനമുണ്ടു്. നിന്നെക്കാണുന്നതുവരെ പ്രണയം—യഥാർത്ഥമായ പ്രണയം—എന്താണെന്നു് ഞാൻ അറിഞ്ഞിരുന്നില്ല. ഇപ്പോഴും തകരാറൊന്നുമുണ്ടായിട്ടില്ല. നിശീഥിനി മററാരെ എങ്കിലും........."

"ഇല്ല. മോഹനാ! ജ്യേഷ്ഠത്തിയെ ഞാനറിയുന്നതുപോലെ നിങ്ങളറിയുകയില്ല. ഈ വിവരം അവരറിയുന്നപക്ഷം അതു് അവരുടെ മരണത്തിനു തന്നെ കാരണമായേക്കാം. ഹാ. കഷ്ടം! ഇത്രമാത്രം കുഴപ്പമുണ്ടാകുമെന്നു ഞാൻ അശേഷമൂഹിച്ചിരുന്നില്ല. അല്ലെങ്കിൽ ഒരു ദിവസം പോലും ഞാൻ ബോംബെയിൽ താമസിക്കയില്ലായിരുന്നു. നിങ്ങളുമായി........."

"എന്തായാലും ഇപ്രകാരമെല്ലാം സംഭവിച്ചുകഴിഞ്ഞല്ലോ?"

"അതുപോലെ മററു ചിലതുംകൂടെ സംഭവിക്കാമല്ലേ."

"മററു ചിലതോ?"

"അതെ"

"എന്തോന്നു്"

"നിങ്ങളുടേയും നിശീഥിനിയുടേയും വിവാഹം"

"ഇല്ല. ഒരിക്കലുമില്ല"

"എന്തുകൊണ്ടു്?"

"അപ്രകാരം സംഭവിച്ചാൽ നമ്മുടെ മൂന്നുപേരുടെയും ജീവിതം നഷ്ടമാകും. ഞങ്ങൾക്കും നിനക്കും സൌഖ്യമുണ്ടാകയില്ല."

“എന്നാൽ നമ്മുടെ വിവാഹം നടക്കയില്ല. എന്റെ ഈ സകല അഭ്യുദയത്തിനും കാരണക്കാരിയായ സഹോദരിയെ ദുഃഖിപ്പിച്ചിട്ട് നിങ്ങളോടൊന്നിച്ച് ഞാൻ എങ്ങനെ സുഖം അനുഭവിക്കും.” നിശീഥിനിക്കു കാര്യങ്ങൾ മനസ്സിലാകുവാൻ ത്രാണിയുണ്ടു്. നിശ്ചയമായും അവൾ നമ്മുടെ തെററു ക്ഷമിക്കും. ലീലേ! ഒരാൾക്കു വേണ്ടി മൂന്നാളുകളുടെ ജീവിതം നശിപ്പിക്കരുതു്””

“നമ്മുടെ ഈ ജീവിതം തന്നെ എന്താണു്? നാമൊരുമിച്ചു് ഒരു വർഷം താമസിച്ച ശേഷവും ഇന്നാശിക്കുന്നതുപോലെ സൗഖ്യമുണ്ടായിരിക്കുമെന്നുള്ളതിനെന്താണു ലക്ഷ്യം? അല്പമാലോചിച്ച ശേഷം ലീല തുടർന്നു. “മനുഷ്യജീവിതത്തിൽ തപസ്സിനു്—ത്യാഗത്തിനു്—അതേ നമ്മുടെ സുഖത്തെ മറെറാരാൾക്കു വേണ്ടി ബലി കഴിക്കുന്നതിനു് അത്യുച്ചമായ ഒരു സ്ഥാനമുണ്ടു്. ആ ബലിദാനം ഒന്നുകിൽ നിശീഥിനി നിർവഹിക്കണം; അല്ലെങ്കിൽ ഞാൻ.”

“നീ അപ്രകാരം ചെയ്യുമോ?”

“നിശ്ചയമായും”

“ലീലേ!.........”

“മോഹനൻ! ഇതെന്റെ അവസാനനിശ്ചയമാണു്. ഞാൻ ഇന്നിവിടെനിന്നു പോകുന്നു. നിങ്ങളുമിപ്പോൾ പോകുക—എന്നെന്നേക്കുമായി—ഇനി മേൽ നിങ്ങൾ എന്നെ കാണരുതു്. ഈ ദിവസങ്ങളെക്കുറിച്ചോർമ്മിക്കരുതു്. ഒരു സ്വപ്നം കണ്ടതായി മാത്രം വിചാരിക്കുക. ജ്യേഷ്ഠത്തിയുമായി മുമ്പിലത്തേപ്പോലെ......”

ഇത്രയും പറഞ്ഞു് അശ്രുപൂർണ്ണങ്ങളായ മിഴികളാൽ ലീല മോഹനനെ നോക്കി.

നിശീഥിനി ഇതെല്ലാം കേട്ടു അവൾ സ്തബ്ധയായി. അവളുടെ കോപം പറന്നുപോയി. പ്രതീകാരാഗ്നി തണുത്തു. ലീലയുടെ ഹൃദയം ഇത്ര വിശാലമാണെന്നവൾ അറിഞ്ഞിരുന്നില്ല. ലീലയോടവൾക്കുണ്ടായിരുന്ന സ്നേഹം വർദ്ധിച്ചു. അവൾ നിലവിളിക്കാൻ തുടങ്ങി. വിടവിൽക്കൂടി രണ്ടു മിനിററുസമയം ലീലയേയും മോഹനനേയും അവൾ നോക്കിക്കൊണ്ടുനിന്നു. പിന്നീടു് ഒഴുകുന്ന കണ്ണുനീരോടുകൂടി അവൾ താഴെ റോഡിൽ ഇറങ്ങി എവിടെയോ അപ്രത്യക്ഷയായി.

IV

അടുത്ത ദിവസം വർത്തമാനപ്പത്രങ്ങളിൽ ഇപ്രകാരമൊരു വാർത്ത കണ്ടു.

“മെഡിക്കൽ കോളജിൽ പഠിച്ചുകൊണ്ടിരുന്ന നിശീഥിനി എന്നൊരു വിദ്യാർത്ഥിനി കടലിൽ മുങ്ങി മരിച്ചിരിക്കുന്നു. ശവം ഇതുവരെ കണ്ടുകിട്ടിയിട്ടില്ല. അവളുടെ ചില വസ്ത്രങ്ങളും ഒരെഴുത്തും കടൽപ്പുറത്തുനിന്നു ലഭിച്ചിട്ടുണ്ടു്.”

ഈ വാർത്ത കണ്ടയുടൻ ലീലയും മോഹനനും പോലിസ്സ്റ്റേഷനിൽ എത്തി. അവിടെക്കണ്ട റയിൽസഞ്ചിയും കൈലേസും എഴുത്തും നിശീഥിനിയുടേതുതന്നെ ആയിരുന്നു. അവളുടെ മററു വസ്ത്രങ്ങളെക്കുറിച്ചോ ശവത്തെക്കുറിച്ചോ യാതൊരറിവും ലഭിച്ചിരുന്നില്ല. എഴുത്തു തുറന്നു് അവർ വായിച്ചു.

“ഈ ജീവിതം എന്തു്? ഈ സംസാരം തന്നെ എന്താണു്? രണ്ടും അത്ഭുതകരമായ രഹസ്യങ്ങൾ. അതറിയാൻ ശ്രമിക്കുന്നിടത്തോളം കൂടുതൽ കുഴപ്പമായിത്തീരുന്നു. യാതൊരാളിൽ ഞാൻ എന്റെ സർവ്വസ്വവും അർപ്പിച്ചിരുന്നുവോ അദ്ദേഹം എന്നോടൊന്നിച്ചു് സാതരം ജീവിതം നയിക്കാൻ സാദ്ധ്യമല്ലെന്നു വിചാരിക്കുന്നു. അദ്ദേഹം മറെറാരാളെ സ്നേഹിക്കുന്നു. അവർ ഒരുമിച്ചു സസുഖം ജീവിച്ചുകൊള്ളട്ടെ. അദ്ദേഹത്തിന്റെ ആ പ്രണയിനിക്കു് ഒരന്തക്കരണമുണ്ടു്. എന്നാൽ ഞാൻ ആ അന്തഃകരണത്തിന്റേയും അവരുടെ ആനന്ദത്തിന്റേയും മദ്ധ്യേ നില്ക്കുന്നു. ഞാൻ അതിൽ കുററകാരിയല്ലെന്നും, എനിക്കദ്ദേഹത്തിൽ പ്രഥമാവകാശമുണ്ടെന്നും എനിക്കറിയാം. അതനുസരിച്ചു പ്രവൃത്തിച്ചാൽ ഞാൻ മൂന്നുപേരുടേയും ജീവിതം ദുഃഖമയമാക്കുന്ന മഹാപരാധം പ്രവർത്തിക്കുകയായിരിക്കും. ഈ കുഴപ്പം പരിഹരിക്കുന്നതിനു് ഒരൊററ ഉപായമേ ഞാൻ കാണുന്നുള്ളു. അവരുടെ ആനന്ദത്തിനുവേണ്ടി എന്റെ സുഖത്തെ, എന്റെ ഭാവിയെ ബലി കഴിക്കുക. ഇന്നിതാ ഞാനതു നിർവ്വഹിക്കുന്നു. അവരുടെ ജീവിതമാനന്ദസമ്പൂർണ്ണമായി തീരട്ടെ.

# ചിന്ത.

## ചില മനഃശാസ്ത്രതത്വങ്ങൾ.

(എം. കെ. പത്മനാഭൻ ബി. എ.)

എഴുത്തും വായനയും, കളിയും കുളിയും, ഊണും ഉറക്കവുമായി കഴിയുന്ന പരിഷ്കൃതമനുഷ്യനു സ്വയം ചിന്തിക്കുവാൻ പ്രത്യേക സമയം ശേഷിപ്പുണ്ടാകയില്ലായിരിക്കാം. ഇന്നത്തെ ബ്രഹ്മബുദ്ധികളായ വിദ്യാർത്ഥികൾ അച്ചിലിട്ടവയെല്ലാം വിഴുങ്ങിയും ഛർദ്ദിച്ചും ചിന്താശക്തിയെ നിഷ്പ്രഭമാക്കിത്തീർക്കുന്നു. മനുഷ്യൻ മനുഷ്യനായി ജീവിക്കുന്നതിനു അത്യാവശ്യമായ ചിന്താശക്തിയെ പരിശീലിപ്പിച്ചു പരിപുഷ്ടമാക്കുവാൻ കൂടുതൽ ശ്രദ്ധപതിയേണ്ടിയിരിക്കുന്നു. ഇതരവൃത്തികളെ ബലികഴിക്കണമെന്നു ഇതുകൊണ്ടു അർത്ഥമാക്കേണ്ടതില്ല. വായനയ്ക്കു നിവൃത്തിയില്ലാതെ ചിന്തയിൽ മാത്രം ശ്രദ്ധ ചെലുത്തുവാൻ ഡെമോക്രിററസ് ചെയ്തതുപോലെ രണ്ടു കണ്ണും കുത്തി പൊട്ടിക്കുന്നതു അനാവശ്യമായ സാഹസമാണുതാനും. ബാഹ്യേന്ദ്രിയങ്ങൾവഴി ലഭിക്കുന്ന ആശയകുസുമങ്ങളെ ചിന്താതന്തുവിൽ കോർത്തിണക്കുമ്പോഴാണു അതു ആരം അണിയാൻ യോഗ്യമായിത്തീരുന്നതു്.

ചിന്തയുടെ ഉല്പത്തിസ്ഥാനമായ മനസ്സും അതിന്റെ പോഷകമാർഗ്ഗങ്ങളായ നിരീക്ഷണം, വായന, വിവേചനം, സാമൂഹ്യസമ്പർക്കം, സഞ്ചാരം എന്നിവയും നാം പ്രത്യേകം പ്രായോഗികപഠനവിഷയമാക്കേണ്ടതാണു്. നമ്മുടെ ചിന്തയെ ശരിയായ മാർഗ്ഗങ്ങളിൽക്കൂടി നയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പ്രേരകഭാവങ്ങളെ അറിഞ്ഞു ആശ്രയിക്കുന്നതിനും, വിപരീതഭാവങ്ങളെ ത്യജിക്കുന്നതിനും വേണ്ട കഴിവും പരിശീലനവും നാം സമ്പാദിക്കണം. സൃഷ്ടിപരമായ ചിന്തയും തന്മൂലകങ്ങളായ സിദ്ധാന്തങ്ങളും അവയിൽനിന്നു ജനിക്കുന്ന സാന്മാർഗ്ഗികവാദങ്ങളും നമ്മുടെ ജീവിതത്തെ സുകരമാക്കുന്നു.

ചിന്താശക്തിയുടെ ശാസ്ത്രീയവശത്തെ പററി ആലോചിക്കാതെ ചിന്ത ധാരാളമായി ഉണ്ടാകട്ടെ. അതിനാൽ മന

ശ്ശാസ്ത്രമോ ചിന്തയുടെ ശാസ്ത്രീയവശമോ പഠിക്കുവാൻ സമയം കളയാതെ ചിന്തയെ മുന്നോട്ടു നയിക്കുക. ശാസ്ത്രം പിന്നാലെ വന്നുകൊള്ളട്ടെ. ചിന്തിക്കാത്ത മനുഷ്യനു ചിന്താശക്തിയെപ്പററി എത്രമാത്രം ശാസ്ത്രീയബോധമുണ്ടായാലും പ്രയോജനമില്ല. പാടാൻ പാടില്ലാത്തവർ സംഗീതശാസ്ത്രം എത്ര പഠിച്ചാലും സംഗീതം വരികയില്ല. അതിനാൽ ചിന്തയെ ചിന്തയിൽക്കൂടിത്തന്നെ വളർത്തണം. അതിനു ഉപയുക്തമായ നിർദ്ദേശങ്ങൾ മാത്രം സ്വീകരിച്ചാൽ മതി.

ചിന്താശക്തി.

മനശ്ശാസ്ത്രജ്ഞന്മാർ മനശ്ശക്തിയെ ഇച്ഛാശക്തി, ബുദ്ധിശക്തി, നിശ്ചയശക്തി എന്നു മൂന്നായി തരംതിരിക്കുന്നു. മനസ്സ് ഒരു വസ്തുവല്ല. അതിനെ മൂന്നു വ്യത്യസ്ത ഭാഗങ്ങളായി വ്യവച്ഛേദിക്കുവാനും നിവൃത്തിയില്ല. മനസ്സിന്റെ മൂന്നുതരം കഴിവുകളാണിവ. ഈ മൂന്നു ശക്തികളും പരസ്പരബന്ധമില്ലാതെ വേർതിരിഞ്ഞുനില്ക്കുവാൻ സാധ്യമല്ല. മനസ്സിന്റെ ഏതു വ്യാപാരത്തിലും ഈ മൂന്നു കഴിവുകളും പരസ്പരസഹായകങ്ങളായി പ്രവർത്തിക്കുന്നുണ്ട്. ആദ്യമായി മനസ്സിലുദിക്കുന്ന വികാരം ക്രമേണ വിചാരമായി മാറുകയും ഒടുവിൽ ഒരു നിശ്ചയത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു.

വികാരം പെട്ടെന്നു മനസ്സിൽ ഉദയം ചെയ്യുന്നു. ഓരോ മനുഷ്യന്റെയും കലാപരവും, ശാസ്ത്രീയവും, സാന്മാർഗ്ഗികവുമായ സ്ഥിതിഗതികളെ സാരമായി ആധാരമാക്കിയാണു അയാളിൽ വികാരങ്ങൾ ഉണ്ടാകുന്നതു്. പ്രത്യക്ഷമായ ഒരു കാരണം കണ്ടുപിടിക്കുവാൻ കഴികയില്ലെങ്കിലും വികാരത്തിനു ഇങ്ങനെ ആന്തരികമായ ഒരു അടിസ്ഥാനമുണ്ടെന്നു സൂക്ഷ്മ പരിശോധനയിൽ നമുക്കു ബോധ്യമാകുന്നു. വിജ്ഞാനം മനസ്സിനെ നിയന്ത്രിക്കുന്നതു വികാരങ്ങളെ സംബന്ധിച്ചിടത്തോളം മിക്കവാറും അസാധ്യമാകുന്നു.

അടിയുറച്ച ആന്തരികസ്ഥിതിഗതികൾക്കു അനുസരണമായി പൊട്ടുന്നനവേ ഉദിക്കുന്ന വികാരങ്ങളെ നമ്മുടെ വിജ്ഞാനത്തിനു അനുസരണമായി വളർത്തിക്കൊണ്ടുപോകുന്നതു ബുദ്ധിശക്തിയാണ്. ഇച്ഛകളിൽനിന്നാണല്ലോ വിചാരങ്ങൾ ഉണ്ടാകുന്നതു്. ബുദ്ധിയുടെ ആലോചനയിൽ എല്ലാം പരിശോധിക്കപ്പെടുന്നു. ഇച്ഛകളെ പരിശോധിച്ചു നിയന്ത്രിക്കുന്നതിനും യുക്തമായ മാർഗ്ഗങ്ങളിലേക്കു വിചാരങ്ങളെ പ്രവൃത്തിയിൽ കൊണ്ടുവരുവാൻ നിശ്ചയശക്തിക്കാണു കഴിവുള്ളതു്.

ഒരു പിത്തരോഗിക്കു് അരി തിന്നണമെന്നു് ഒരു ഇച്ഛയുണ്ടാകുന്നു. അയാളുടെ ശാരീരികമായ അവസ്ഥയോ ദുഷിച്ച വാസനയോ ഇച്ഛയുടെ അടിസ്ഥാനമായിരിക്കാം. എന്നാൽ ഇച്ഛ സ്വയം ഉത്ഭവിക്കുന്നതാണ്. ഉടനെ അയാൾ ആലോചിക്കുന്നു. അയാളുടെ വിചാരങ്ങൾ കാര്യകാരണബന്ധമുള്ളവയായിരിക്കും. അയാളുടെ വിജ്ഞാനത്തിനു അതിൽ ഒരു സ്ഥാനമുണ്ട്. ഒടുവിൽ അരി തിന്നുകയില്ലെന്നു ഒരു നിശ്ചയത്തിൽ ചെന്നുചേരുന്നു. ഇങ്ങനെ നോക്കിയാൽ "എനിക്കു തോന്നി, ഞാൻ ആലോചിച്ചു, ഞാൻ തീർച്ചയാക്കി" എന്നു മനോവ്യാപാരങ്ങളെ സംക്ഷേപിക്കാം.

ചിന്താപരിപോഷണം.

അന്ധകാരരാജാവിന്റെ വലിയ ശത്രു ചിന്താശീലനായ മനുഷ്യനാണെന്നു കാർലൈൽ പറയുന്നു. ചിന്താശീലത്തെ വർദ്ധിപ്പിക്കുവാൻ നാം ശ്രമിക്കണം. പ്രേരണകൂടാതെ ഇച്ഛാശക്തിയിൽ ഉദയംചെയ്യുന്ന ചിന്തകൾ ആവശ്യാനുസരണം സ്വയം വളർന്നുകൊള്ളുമെന്നു വിചാരിക്കാമെങ്കിലും പരിശീലനം ഏതു കഴിവിനേയും പരിശുദ്ധവും പരിപുഷ്ടവും ആക്കുന്നുണ്ട്. അതിനാൽ ചിന്തയെ പോഷിപ്പിക്കുന്ന വിവിധ മാർഗ്ഗങ്ങൾ നാം ഗ്രഹിക്കണം.

നിരീക്ഷണം വിജ്ഞാനത്തിന്റെ സൌഖ്യശീതളപാദപമാണെന്നു ഒരു കുട്ടിയുടെ മാനസികവളർച്ചയിൽനിന്നു മനസ്സിലാക്കാം. കുട്ടി വളർന്നുവരുന്തോറും തന്നെയും മററുള്ളവരെയും വിഭിന്നങ്ങളെന്നും വ്യത്യസ്തഗുണങ്ങളുള്ളവയെന്നും കണ്ടും കേട്ടും അറിയുന്നു. പ്രായമായവരിൽ ഇതു കൂടുതൽ പ്രകടമാകുന്നു. നിരീക്ഷണത്തിനുള്ള മാനസികപരിധികളെ നാം വികസിപ്പിക്കുന്നു. ഇതു് ആളുകളുടെ സ്വാഭാവികകഴിവുകളെയാണു മിക്കവാറും ആശ്രയിച്ചിരിക്കുന്നതു്. ചില ആളുകളുടെ ഗൃദ്ധ്രദൃഷ്ടികളിൽ സർവ്വവും വിഷയീഭവിക്കും. മററുള്ളവർക്കു മ്ലാനവും വിരസവുമായി തോന്നുന്നവയിലും ഇവർ രസപൂർണ്ണമായ ജീവചൈതന്യം കണ്ടെത്തും. വെറും യാദൃച്ഛികമായ നിരീക്ഷണങ്ങളിൽനിന്നുപോലും വലിയ ശാസ്ത്രതത്വങ്ങൾ ഉദയംചെയ്യാറുണ്ട്. അച്ചടി, എക്സറേ മുതലായവയുടെ ഉത്ഭവം കേവലം യാദൃച്ഛികമായിരുന്നു. നിരീക്ഷണം ശാസ്ത്രത്തിൽ മാത്രമല്ല കലകളിലും ഗുണകരമാണ്. നിരീക്ഷണസാമർത്ഥ്യം ആഖ്യാകായികാരന്മാരെ സുപ്രസിദ്ധരാക്കുന്നു എന്നു നമുക്കു അറിയാമല്ലോ. മനുഷ്യപ്രകൃതിയെ നിരീക്ഷിക്കുന്നതിനുള്ള സ്ഥലകാലങ്ങളെപററി ചിലർക്കു സംശയമുണ്ടാകാം. എവിടെയും എപ്പോഴും നിരീക്ഷണത്തിനുള്ള വഴിയുണ്ട്. നാം പരിചയിക്കുന്ന ആളുകളുടെ ബാഹ്യലക്ഷണങ്ങളും ആന്തരികാനുഭവങ്ങൾക്കു അവയോടുള്ള ബന്ധവും സൂക്ഷിച്ചു പഠിക്കണം. അങ്ങനെ പരിശീലനം സിദ്ധിച്ച നമ്മുടെ കണ്ണുകൾ ചിന്തയുടെ ശരിയായ മാർഗ്ഗം തുറക്കും.

വിശാലമനസ്കതയോടുകൂടിയ ജിജ്ഞാസ നമ്മെ നിരീക്ഷണതല്പരരാക്കുന്നു. നിരീക്ഷണഫലങ്ങളെ തരംതിരിച്ചു അടുക്കി വെക്കുന്നതിനാണു വിജയം നിലനില്ക്കുന്നതു്. സാദൃശ്യവ്യത്യസ്തതകളെ പ്രത്യേകം പരിഗണിക്കാൻ സൗകര്യമുള്ള പ്രകൃതിശാസ്ത്രപഠനം ഈ വിഷയത്തിൽ വളരെ പരിചയം നൽകുന്നു. കൈവിരൽ പാടുകളോ മുഖഭാവങ്ങളെ കാണിക്കുന്ന ചിത്രങ്ങളോ ശേഖരിച്ചു പഠനം നടത്തുന്നതും ഗുണപ്രദമാകുന്നു.

നിരീക്ഷണത്തിന് ഒരു പാഠ്യപുസ്തകത്തിന്റെ സ്ഥാനമുള്ളപ്പോൾ പരിചിന്തനത്തിനു ഒരു വ്യാഖ്യാനത്തിന്റെ സ്ഥാനമാണുള്ളതു്. ചില ആളുകൾ പലതും കാണുമെങ്കിലും ഒന്നും ഒരുവിധ ചിന്തയും അവരിൽ ഉളവാക്കാൻ ശക്തമാകുന്നില്ല. എന്തെങ്കിലും കണ്ടാൽ അതിന്റെ രണ്ടു വശങ്ങളെപ്പററിയും പരിചിന്തനം ചെയ്തു നിരീക്ഷണത്തിന്റെ ഫലമുണ്ടാക്കണം.

വായന ചിന്താശീലത്തെ വളരെയധികം പോഷിപ്പിക്കുന്നു. ഗ്രന്ഥകർത്താക്കളുടെ പ്രതിപാദനരീതിയുടെ ആകർഷണീയതയിൽ മനംമയങ്ങാതെയും, ശാസനാസ്വഭാവത്തിൽ തലകുനിഞ്ഞുപോകാതെയും, കാർക്കശ്യത്തിൽ അമ്പരക്കാതെയും വസ്തുതകൾ നിരൂപണബുദ്ധിയോടുകൂടി ഗ്രഹിച്ചു പാകപ്പെടുത്തി നമ്മുടെ വിജ്ഞാനത്തിൽ ലയിപ്പിക്കണം. ഇങ്ങനെ ത്യാജ്യങ്ങളും സ്വീകാര്യങ്ങളും വിവേചനം ചെയ്തുള്ള സൃഷ്ടിപരമായ വായനകൊണ്ടു മാത്രമേ നമ്മുടെ വിജ്ഞാനത്തെ ഏകീകൃതവും ദൃഢവും പരിപുഷ്ടവുമാക്കാൻ കഴിയൂ.

സാമൂഹ്യസമ്പർക്കത്താൽ വളരുന്ന സംഭാഷണസാമർത്ഥ്യം വിജ്ഞാനത്തിന്റെയും ചിന്തയുടേയും വഴി തുറക്കുന്നതു

കൂടാതെ വിജ്ഞാനത്തെ പരിശോധിച്ചു ശരിപ്പെടുത്തുകയും ചെയ്യുന്നു.

സഞ്ചാരത്തിൽ കാര്യങ്ങൾ നേരിട്ടു കണ്ടറിയാൻ സൗകര്യം കിട്ടുന്നു. വസ്തുതകൾ എങ്ങനെയായിരിക്കാമെന്നു വിഭാവനം ചെയ്യുന്നതിനു പകരം എങ്ങനെയാണെന്നു കാണുവാനും അങ്ങനെ വിഭാവനയെ യാഥാർത്ഥ്യത്താൽ നിയമനം ചെയ്‌വാനും സഞ്ചാരം അത്യന്തം ഉപകരിക്കുന്നു. അതിനാൽ നമ്മുടെ ദേശീയദുരഭിമാനം നശിച്ചു വിശാലവീക്ഷണമുണ്ടാകുന്നു. കാണാൻ കഴിവുള്ള കണ്ണും ഗ്രഹിക്കാൻ കഴിവുള്ള മനസ്സും വേണമെന്നേയുള്ളു.

അന്ധബോധങ്ങൾ.

തെളിവുകളെക്കുറിച്ചു ലേശവും ചിന്തിക്കാതെ കാലേക്കൂട്ടി തീരുമാനം ചെയ്തു ഓരോ മനുഷ്യനും ഉറപ്പിച്ചുവെച്ചിട്ടുള്ള ചില ധാരണകൾ ഉണ്ട്. അവ തെറ്റോ ശരിയോ ആകാം. എങ്കിലും പരിശോധന കൂടാതെ അന്ധമായി സ്വീകരിച്ചിട്ടുള്ള ബോധങ്ങളാണവ. ഇത്തരം ബോധങ്ങൾ ചിന്തയെ സാരമായി ബാധിക്കുന്നു.

നമുക്കു പ്രത്യക്ഷബോധ്യമായ ചില അന്ധബോധങ്ങളുണ്ട്. നമ്മുടെ വിശ്വാസങ്ങൾ പലതും ഇത്തരത്തിൽ പെട്ടതാണ്. പരപ്രത്യയനേയബുദ്ധികളായി നാം നിരൂപണപാടവം കൂടാതെ ഈ വിശ്വാസങ്ങളെ അംഗീകരിക്കുന്നു. എതിർവശത്തെപ്പറ്റി ചിന്തിച്ചിട്ടില്ലെന്നു നമുക്കു തന്നെ ബോധമുണ്ടായിരിക്കും. എന്നാൽ ചില അന്ധബോധങ്ങളെപ്പറ്റി നമുക്കു ഈ പോലെ ബോധമുണ്ടായിരിക്കയില്ല. സൂര്യൻ ഭൂമിയുടെ ചുറ്റും സഞ്ചരിക്കുന്നു എന്നു വിശ്വസിച്ചിരുന്ന കാലത്തു് അതു അറിയാതെകിടന്ന ഒരു അന്ധബോധമായിരുന്നു. സത്യപ്രതിപത്തികൊണ്ടുണ്ടായതെന്നു ഇന്നു നാം കരുതുന്ന പല ബോധങ്ങളും നമ്മുടെ ഉപബോധമനസ്സിന്റെ ഗൂഢപ്രേരണയിൽ നമ്മിൽ ചിരസ്ഥായികളായിത്തീർന്ന അന്ധബോധങ്ങളാണെന്നു ഭാവിയിൽ അറിയാറാകും. അതു ഇന്നു നാം അറിയുന്നില്ല. ഇങ്ങനെ നാം അറിഞ്ഞും അറിയാതെയും അന്ധബോധങ്ങൾ പുലർത്തുന്നുണ്ട്.

ദേശീയമായ ചില അന്ധബോധങ്ങളുണ്ട്. സകല ശാസ്ത്രങ്ങളും ജ്ഞാനവും ഭാരതഭൂമിയിൽനിന്നു പോയിട്ടുള്ളതാണെന്നും വിമാനനിർമ്മാണംപോലും പാശ്ചാത്യർ പകർത്തിയതാണെന്നും ചിന്തിക്കാതെ പറയുന്ന പലരേയും കാണാറുണ്ടല്ലോ. പരമാർത്ഥം എങ്ങനെയിരുന്നാലും ചിന്തിക്കാതെ ഉറപ്പിച്ചിട്ടുള്ള ഈ ബോധം ചിന്തയെ ശല്യപ്പെടുത്തുന്നു. തെറ്റായാലും ശരിയായാലും എന്റെ രാജ്യം ശ്രേഷ്ഠം എന്ന ബോധം ചിന്താശീലത്തിനു യോജിച്ചതല്ല.

ചിലരുടെ വിശ്വാസഗതി ചിന്താശീലത്തെ അപകടപ്പെടുത്തുന്നു. താൻ വിശ്വസിക്കുന്ന മതത്തിനു അനുകൂലമായതെല്ലാം ശരിയെന്നും പ്രതികൂലമായതെല്ലാം തെറ്റെന്നും ഒരാൾക്കു് ചിന്താരഹിതമായ ബോധം ഉറയ്ക്കുന്നു. ലോകം മിഥ്യയാണെന്നു വിശ്വസിക്കുന്ന ഒരു സന്യാസി ആദ്ധ്യാത്മികമാർഗ്ഗദർശകമായ ഒരു കൃതിയെ അത്യുത്തമമായി കാണുമ്പോൾ ഒരു ഭൗതികവാദി ലൗകികക്ലേശനിവാരണത്തെ ലക്ഷ്യമാക്കുന്ന ഒരു കൃതിയെ സർവോൽകൃഷ്ടമായി ഗണിക്കുന്നു. അവരുടെ വിശ്വാസം അവർക്കു ഒരു കാമലബാധയായിത്തീരുന്നു. അവരവരിൽ ഉറച്ചിട്ടുള്ള വിശ്വാസങ്ങൾക്കു എതിരായോ മറു വിശ്വാസങ്ങൾക്കു അനുകൂലമായോ അവർ ചിന്തിക്കുവാൻ പ്രാപ്തരാകുന്നില്ല. നാം നേരത്തെ ഒരുക്കിയിട്ടിരിക്കുന്ന ചിത്തതലത്തിൽ അതിനു യോജിച്ച ചിന്തകൾ മാത്രമേ വേരുറയ്ക്കുന്നുള്ളു.

ചില തത്വവാദികളിലും ഈ ദൂഷ്യം കാണുന്നുണ്ട്. നാം സ്വീകരിക്കുന്ന ശാസ്ത്രീയമോ, ആത്മികമോ, വ്യാവസായികമോ മറ്റോ ആയ തത്വങ്ങൾക്കു യോജിക്കുന്ന രീതിയിൽ നാം സർവ്വവും വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നു. രാമായണകഥ ആര്യദ്രാവിഡമത്സരമാണെന്നു വാദിക്കുന്നവർ രാമായണത്തിന്റെ അകത്തും പുറത്തും നിന്നു കിട്ടുന്ന വിവരങ്ങളെയെല്ലാം അതിനു അനുകൂലമായി വ്യാഖ്യാനിക്കുന്നു. ശാസ്ത്രജ്ഞന്മാരും ചരിത്രകാരന്മാരും ഈ ദൂഷ്യത്തിന്റെ പിടിയിൽപെട്ടു പിടയുന്നുണ്ടെന്നു നമുക്കു കാണാൻ കഴിയും.

ബുദ്ധിഹീനമായ യാഥാസ്ഥിതികത്വം പുലർത്തുന്നവരെ ഈ ദൂഷ്യത്തിൽ നിന്നു മോചിപ്പിക്കുവാൻ അസാദ്ധ്യംതന്നെ എന്നു തോന്നിപ്പോകും. രാമേശ്വരം ചിറയുടേയും എല്ലോറാ ഗുഹയുടേയും സംസ്കൃതമഹാകാവ്യങ്ങളുടേയും മുമ്പിൽ മുട്ടുകുത്തുന്ന അവർ ഇന്നത്തെ പാലംപണിയേയും ചിത്രവേലയേയും ഖണ്ഡകാവ്യങ്ങളേയും അധിക്ഷേപിക്കുന്നു. മഹദ്വാക്യമോ പഴമൊഴിയോ ഉദ്ധരിക്കാത്തുള്ള അഭിപ്രായം അവർ സ്വീകരിക്കയില്ല. ക

## നമസ്ക്കരിക്കാം.

(വിദ്വാൻ അടയത്തു കൃഷ്ണപിള്ള)

(കല്യാണി കളവാണി—എന്ന മട്ട്)

പാലൊളിക്കതിർതൂകിപ്പാരിടം പാലാഴിയായ്
പാടവേ പകർത്തുന്ന ദിനകരനും
ശാരദാംബരപ്രസൂനതാരകനിരചൂഴ-
മാരമ്യസുധാകരവരബിംബവും,
പാടലസുമം തോറും തേടിനടന്നുവീശും-
ഭൂരിസുരഭിലസൽക്കുളിർതെന്നലും,
പാരിടവധൂടിതൻ ഭാവം പകർത്തീടുന്ന-
ചാരുഷഡൃതുക്കളും ഭേകളതും,
അല്പമഹസ്സും വീചിതല്ലജത്തല്ലുകളാൽ-
ചൊല്ലുമനൃനതരജലധികളും,
ഉത്തുംഗശൃംഗശാലികളൊത്തുവാനൊട്ടനേക്കു-
മുത്തമോത്തമമാം ഗിരിനിരയും
ഒത്തുചേർന്നലകാകം നത്തനരംഗം തന്നിൽ
നൃത്തമാടുന്നിതാർതൻ പവിട്ടടിയിൽ
സത്യരൂപനീശനെയപ്പരമാത്മാവിനെ
നിത്യശാന്ത്യർത്ഥമെന്നും നമസ്ക്കരിക്കാം.

അൽഭുതദ്വീപിലെ

ഐന്ദ്രജാലികൻ

സംഭ്രമജനകമായ ഒരു നോവൽ.

വില 8 ണ.

മാനേജർ,

കേരളപബ്ളിഷിംഗ് കമ്പനി

പുളിക്കീഴ്—തിരുവല്ലാ.

പ്പലിൽ കയറുന്നതിനു ഗീത അനുവദിക്കുന്നുണ്ടോ എന്നു അവർ നോക്കും.

നമുക്കു പ്രതിപത്തിയുണ്ടായിട്ടുള്ള അഭിപ്രായം ശരിയാക്കുവാനല്ല, ശരിയെന്നു ബോധ്യം വന്ന അഭിപ്രായത്തിൽ പ്രതിപത്തിയുണ്ടാക്കുവാനാണു നാം ശ്രമിക്കേണ്ടതു്. ഗുണദോഷങ്ങളെ പ്രത്യേകം പരിശോധിച്ചതിനുശേഷമേ ഏതു അഭിപ്രായവും സ്വീകരിക്കാവൂ. ആദർശപരവും ഭൂമിശാസ്ത്രപരവുമായ ബന്ധത്തെ മുൻനിറുത്തി നമുക്കുള്ള ന്യൂനവശങ്ങളെ നാം ശരിയായി മനസ്സിലാക്കണം. പിന്നീടു ന്യായാന്യായവിചിന്തനം ചെയ്തു അഭിപ്രായങ്ങൾ കൈക്കൊള്ളണം. മനശ്ശാസ്ത്രപരമായ ഈ വിഷയത്തെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ അടുത്തപ്രാവശ്യമെഴുതാം.

K. JACOB THOMAS ... PUBLIC LIBRARY MANNARGHAT

# മുഖസ്തുതിയും ആത്മപ്രശംസയും.

## കാളിദാസൻ ഭോജരാജാവിനെ പ്രീണിപ്പിച്ച വിധം.

(വിദ്വാൻ ചെന്നിത്തല കെ. കൃഷ്ണയ്യർ)

മുഖസ്തുതിയും ആത്മപ്രശംസയും ഒരിക്കലും പിരിഞ്ഞിരിക്കാത്ത കൂട്ടുകാരാണ്. ഒന്നില്ലെങ്കിൽ മറേറതുമില്ല. ആക്ടം ആത്മപ്രശംസയിൽ അഭിരുചിയില്ലെങ്കിൽ മുഖസ്തുതിക്കാരൻ തൻെറ ജോലി രാജി വയ്ക്കേണ്ടിവരും. അയാളുടെ പിഴപ്പു കഴപ്പത്തിലാകും.

മുഖസ്തുതി ഇന്നൊ ഇന്നലയൊ ഉണ്ടായതല്ല. പുരാതനകാലം മുതല്ക്കുതന്നെ അതു നടപ്പുണ്ട്. കാളിദാസമഹാകവി ഭോജരാജാവിനെ സ്തുതിക്കുന്നതു നോക്കുക:

"അല്ലയോ മഹാരാജാവേ അങ്ങയുടെ കീത്തിമൂലം ലോകമാസകലം വെളുത്തുപോയി. അതിനാൽ മഹാവിഷ്ണു പാലാഴിയേയും പരമശിവൻ കൈലാസഗിരിയേയും ഇന്ദ്രൻ ഐരാവതത്തേയും രാഹു ചന്ദ്രനേയും ബ്രഹ്മാവു് അരയന്നത്തേയും അന്വേഷിച്ചു നടക്കുന്നു." കവി പിന്നെയും പറയുന്നു:—"അല്ലയോ വിദ്വൽപ്രഭോ! ബ്രഹ്മാവു് അങ്ങയുടെ യശസ്സിനെ ഒരു തട്ടിലും കൈലാസത്തെ മറേറ തട്ടിലും വച്ചു നോക്കിയതിൽ തൂക്കം ശരിയാകാഞ്ഞതിനാൽ കൈലാസത്തിൻെറ മുകളിൽ ശിവൻെറ വാഹനമായ വൃഷഭത്തേയും അതിൻെറ മുകളിൽ ശിവനേയും ശിവൻെറ മീതെ ഗംഗയേയും അതിനു മുകളിൽ അനന്തനേയും അനന്തൻെറ മുകളിൽ ചന്ദ്രനേയും വയ്ക്കുന്നു." ഇതുകൊണ്ടും കവിയ്ക്കു തൃപ്തി വരുന്നില്ല. കവി വീണ്ടും പറയുന്നു:—"അല്ലയോ മഹാപ്രഭോ! അങ്ങയുടെ ദാനശീലത്തെപ്പററി കേട്ട കാമധേനുവിൻെറ മുലയിൽ ഒരു ചൊട്ടു പാലുപോലുമില്ലാതായി. ഭൂമിയിൽ പോയി ധാരാളം പുല്ലു പറിച്ചു കൊണ്ടുവന്നു് അവൾക്കു കൊടുക്കാമെന്നു വച്ചാൽ അതെല്ലാം അങ്ങയുടെ ശത്രുക്കൾ തിന്നുതീർത്തുകഴിഞ്ഞു. എന്താണു ചെയ്യുക." ഇതിലധികം വീർപ്പുമുട്ടി സ്തുതിക്കുന്നതു് എങ്ങനെയാണ്?

ഓരോരുത്തരും ഓരോ വിഷയത്തെ ആസ്പദമാക്കിയാണു സ്തുതിക്കുന്നതു്. ചിലർ സമ്പത്തിനേയും മററുചിലർ സൗന്ദര്യത്തേയും വേറെ ചിലർ പഠിപ്പിനേയും ലാക്കാക്കി സ്തുതിക്കുന്നു. ചില പൊങ്ങച്ചന്മാക്കു തങ്ങളെ സ്തുതിക്കണമെന്നില്ല. തങ്ങളുടെ ഏഴാമടത്തെ പുകഴ്ത്തിക്കേട്ടാൽ മതി. "അവരോ മഹാലക്ഷ്മിയാണു്. വീട്ടിനു മണിവിളക്കാണു്. അവരുടെ വൈഭവമാണു് ഇവിടെ കാണുന്നതെല്ലാം. ആ ഭാഗ്യവതി കാലെടുത്തുവച്ചതിനുശേഷമാണു് ഈ ഭവനത്തിൽ ഇത്രയും ഐശ്വര്യം" എന്നും മററും തട്ടിവിട്ടാൽ ഗൃഹസ്ഥനു പഞ്ചാമൃതം സേവിച്ചാലുള്ള സുഖമുണ്ടാകും. ഗൃഹനായിക വന്ധ്യയാണെങ്കിൽ താമസിയാതെ അവൾക്കു ഒരു പുരുഷസന്താനം ജനിക്കാനുള്ള യോഗമുണ്ടെന്നുവേണം പറയാൻ.

വൃദ്ധന്മാർ, നരയന്മാർ, വിരൂപന്മാർ, കഷണ്ടിക്കാർ ഇവരെ മുഖസ്തുതി കൊണ്ടു് എളുപ്പത്തിൽ മയക്കാൻ കഴിയും. ൭൦ വയസ്സുള്ള വൃദ്ധനു ൫൦ വയസ്സേ മതിക്കാവൂ. അപ്പോൾ അയാൾക്കുണ്ടാകുന്ന ആനന്ദം എന്തു പറയാം! അയാൾ പറയും. "കുഞ്ഞേ! ഇതിലും കുറച്ചേ തോന്നുകയുള്ളായിരുന്നു. എന്തു ചെയ്യാം ഇയ്യിടെ പാലുകുടിയും തേച്ചുകുളിയും കുറവാണു്. മനോവിചാരവും ക്രമത്തിലധികമുണ്ടു്." നരയന്മാരോടു് അവരുടെ തല നരച്ചിരിക്കുന്നുവെന്നും മററും പറഞ്ഞുപോകരുതു്. "ഇതൊരു നരയാണോ? അവിടവിടെ ഓരോ രോമത്തിനു അല്പം നിറഭേദം വന്നിരിക്കുന്നതല്ലാതുണ്ടോ? എൻെറ തല നോക്കുക. വെഞ്ചാമരം പോലെയായല്ലൊ. നിങ്ങൾ ചെറുപ്പമല്ലേ? ആരു പറഞ്ഞിരിക്കുന്നു തല നരച്ചിരിക്കുന്നുവെന്നു? അവൻെറ മുഖത്തു കണ്ണില്ലേ? ഒരാട്ടുവച്ചുകൊടുക്കാരുന്നല്ലോ" എന്നും മററും തട്ടിവിടണം. ഇതുപോലെ കഷണ്ടിക്കാരനേയും സമാധാനപ്പെടുത്തണം. അയാൾക്കു പറയത്തക്കവണ്ണം കഷണ്ടിയില്ലെന്നും അല്പമുണ്ടെങ്കിൽത്തന്നെയും അതു് അയാൾക്കു ഒരു അഴകാണെന്നും ആംഗ്ലമഹാകവിയായ ഷേക്സ്പീയരുടേതുപോലെ അതു് ഒരു ഭാഗ്യകഷണ്ടിയാണെന്നും കഷണ്ടിയിൽ അവിടവിടെ രോമങ്ങൾ മുളച്ചു വരുന്നുണ്ടെന്നും മററും പറഞ്ഞാൽ നമ്മുടെ കണ്ണാടിക്കഷണ്ടിക്കാരനു പഞ്ചസാരപ്പാൽപ്പായസംകുടിച്ചാലുള്ളസുഖമുണ്ടാകും.

മുഖസ്തുതി കേട്ടു പെട്ടെന്നിളകിവശാകുന്ന ചില രാവണന്മാരുമുണ്ടു്. ഒരിക്കൽ ഒരു സ്കൂൾകെട്ടിടത്തിൻെറ പണിയെപ്പററി ആലോചിക്കുന്നതിനായി ഒരു യോഗം കൂടി. ഈ യോഗത്തിൽ ആധ്യക്ഷം വഹിച്ചതു ധനികനെങ്കിലും പിശുക്കനായ ഒരു മുഖസ്തുതിപ്രിയനായിരുന്നു. സ്ക്കൂൾകെട്ടിടത്തിൻെറ പണി വകയ്ക്കു താൻ ൫൦൦ രൂപ സംഭാവന ചെയ്തിരിക്കുന്നുവെന്നു് അയാൾ സഭസ്സിൽ പ്രസ്താവിച്ചു. ഈ പിശുക്കനിൽനിന്നും ഒരു നല്ല തുക പററിക്കണമെന്നും നിശ്ചയിച്ചു സദസ്യരിൽ ഒരാൾ എണീററു "മഹാനുഭാവനും ഉദാരശീലനുമായ നമ്മുടെ അധ്യക്ഷനവർകൾ ഇതാ സ്കൂൾ വകയ്ക്കു ൫൦൦ രൂപ സംഭാവന ചെയ്തിരിക്കുന്നു" എന്നു് ഉറക്കെ പറഞ്ഞു. എല്ലാവരും ഹസ്തതാഡനം ചെയ്തു. ഇതു കേട്ടു നമ്മുടെ പൊങ്ങച്ചൻ ഇളകിപ്പോയി. അയാൾ പറഞ്ഞു:— "അഞ്ഞൂറല്ല, ആയിരം." അപ്പോൾ വേറൊരാൾ എണീററു് ഈ വങ്കൻെറ മഹാമനസ്കതയേയും പൊതുക്കാര്യപ്രസക്തിയേയും മററും പ്രശംസിച്ചു ദീർഘമായ ഒരു പ്രസംഗം ചെയ്തു. സഭസ്സിൽ കുറേനേരത്തേക്കു ഹസ്തതാഡനം മുഴങ്ങി. നമ്മുടെ സ്തുതിപ്രിയൻ എന്തെന്നില്ലാതെ ഇളകി വശായി. ആയിരമല്ല രണ്ടായിരമാണു താൻ സംഭാവന ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നതെന്നു അയാൾ വിളിച്ചുപറകയും ആ തുക ഉടൻ തന്നെ വരുത്തിക്കൊടുക്കുകയും ചെയ്തു.

വേറൊരിക്കൽ വൃദ്ധനായ ഒരു ഗൃഹസ്ഥനെ കാണാൻ ഒരു മുഖസ്തുതിക്കാരൻ പോയി. ഗൃഹസ്ഥൻ മുഖസ്തുതി കേട്ടു ക്രമത്തിലധികം പൊങ്ങുന്ന കൂട്ടത്തിലായിരുന്നു. മുഖസ്തുതിക്കാരൻ വൃദ്ധനെ നോക്കി പറഞ്ഞു. "അങ്ങു മഹാഭാഗ്യവാനാണു്.

സുകൃതമുള്ളവൎക്കേ അങ്ങേ കാണാൻ സാധിക്കൂ. അങ്ങേപ്പററി കേൾക്കാത്ത ദേശങ്ങളോ പ്രസ്താവിക്കാത്ത പത്രങ്ങളോ ഇല്ല. അങ്ങില്ലെങ്കിൽ ഈ ദിക്കുകാരെല്ലാം ഇവിടം വിട്ട് ഓടിപ്പോകുമായിരുന്നു" ഇത്രയും പറഞ്ഞുതീൎന്നപ്പോഴേക്കു് ഒരു ഗൗളി ഗൃഹസ്ഥൻെറ ശരീരത്തിൽ വീണു. ഇതൊരു ശുഭലക്ഷണമാണെന്നു് മുഖസ്തുതിക്കാരൻ, ഗൃഹസ്ഥനെ ധരിപ്പിച്ചു. അതു കേട്ടു ഗൃഹസ്ഥൻ പറഞ്ഞു. "ഹാ! ഹാ! ഗൗളി ശരീരത്തിൽ മാത്രമല്ല ചിലപ്പോൾ തലയിലും മററു ചിലപ്പോൾ അതിനു മുകളിലും വീഴും." എന്നാൽ, അങ്ങയുടെ പുത്രനു താമസിയാതെ മന്ത്രിപദം ലഭിക്കും" എന്നു മുഖസ്തുതിക്കാരൻ പറഞ്ഞു. ഗൃഹസ്ഥൻ ആഹ്ളാദഭരിതനായിത്തീൎന്നു. തൽക്കാലം ഇത്രയേ കിടപ്പുള്ളു എന്നു പറഞ്ഞു് ഒരു പത്തുരൂപാനോട്ടു് അയാൾ മുഖസ്തുതിക്കാരനു കൊടുത്തു. അവനു വല്ലതും ചേതമുണ്ടോ? അഞ്ചു മിനിട്ടിലെ മുഖസ്തുതി. ഒരു പത്തുരൂപനോട്ടു കൈയിൽ!

പാശ്ചാത്യ നോവലെഴുത്തുകാരനായ സാമുവൽ റിച്ചാർഡ്സൻ ഒരു മുഖസ്തുതിപ്രിയനായിരുന്നു. ഒരിക്കൽ അദ്ദേഹം ഒരു വിരുന്നുസൽക്കാരത്തിനായി അനേകം മഹാന്മാരെ ക്ഷണിച്ചുവരുത്തിയിരുന്നു. ആയിടെ പാരീസിൽനിന്നു മടങ്ങിയെത്തിയ ഒരു മാന്യൻകൂടി അക്കൂട്ടത്തിലുണ്ടായിരുന്നു. റിച്ചാർഡ്സൻ എഴുതിയ ഒരു നോവൽ പരന്ത്രീസുരാജാവിൻെറ സഹോദരൻെറ മേശപ്പുറത്തു കിടക്കുന്നതു താൻ കണ്ടുവെന്നു റിച്ചാർഡ്സനെ സന്തോഷിപ്പിക്കാനായി ആ മാന്യൻ പറഞ്ഞു. അവിടെ കൂടിയിരുന്നവരിൽ മിക്കപേരും അപ്പോൾ സംസാരിച്ചുകൊണ്ടിരുന്നതിനാൽ റിച്ചാർഡ്സൻ അതു കേട്ടതായി ഭാവിച്ചില്ല. അഭിമാനകരമായ ആ സംഗതി മററുള്ളവരെക്കൂടി ധരിപ്പിക്കണമെന്നു വിചാരിച്ചു, സംസാരം നിറുത്തിയപ്പോൾ റിച്ചാർഡ്സൻ ആ മാന്യനോടു "നിങ്ങൾമുൻപേ എന്തോ പറഞ്ഞല്ലോ. ഞാനതുശ്രദ്ധിച്ചില്ല" എന്നുപറഞ്ഞു ഇൗകളം മനസ്സിലാക്കിയ ആ മാന്യൻ, "ഛെയ്! പറയാനുംമാത്രമൊന്നുമില്ല" എന്നു മറുപടി പറഞ്ഞു. ഇതുകേട്ടു റിച്ചാർഡ്സൻ ഇളിഭ്യനായി. അദ്ദേഹം പിന്നീടു യാതൊന്നും പറഞ്ഞില്ല.

ലുബ്ധന്മാരായ ചില മുഖസ്തുതിക്കാർ പൊങ്ങച്ചന്മാരായ ചില സാധുക്കളെ കണക്കിനു പററിക്കാറുണ്ടു്. ഒരിക്കൽ ഒരു ലുബ്ധൻെറ വീട്ടിൽ ഒരു പൊങ്ങച്ചൻ സദ്യയുണ്ണാൻ പോയി. സദ്യയ്ക്കു ഇലയിട്ടു വിളമ്പിത്തുടങ്ങിയപ്പോൾ ലുബ്ധൻ പൊങ്ങച്ചൻെറ അടുക്കൽ ചെന്നിരുന്നു പറഞ്ഞു. "അതെന്താ! ചോറാ. അല്ലേ? നാലായി നുറുങ്ങിയ പഴയരിയുടെ ചോറാണെങ്കിൽ അവിടെ വിളമ്പിയാൽ മതി. അദ്ദേഹം നമ്മളെപ്പോലെ നെടിയരിച്ചോറുണ്ടു ശീലിച്ചിട്ടില്ല." അപ്പോൾ പൊങ്ങച്ചൻ പറഞ്ഞു. "ശരിയാ പഴയരിച്ചോറാണെങ്കിൽ എനിക്കു വിളമ്പിയാൽ മതി വെറുതേ ശേഷിച്ചുകളയേണ്ടല്ലൊ." എങ്കിലും വിളമ്പുകാരൻ ദയതോന്നി അല്പം വിളമ്പി. ഇതുപോലെ ഓരോവിഭവവും ഊഠൽമാക്കി. ഒടുവിൽ പായസം കൊണ്ടുവന്നു. ലുബ്ധൻ പറഞ്ഞു. "അടപ്രഥമനോ പഴപ്രഥമനോ ആണെങ്കിൽ അവിടെ വിളമ്പിയാൽ മതി, നമ്മളെപ്പോലെ പുളിവെള്ളം കുടിക്കുന്ന ആളല്ല അദ്ദേഹം. ആളും തരവും നോക്കണം." എന്തിനു? പൊങ്ങച്ചനെക്കൊണ്ടു പായസം വേണ്ടെന്നുതന്നെ ലുബ്ധൻ പറയിച്ചു. ആ പാവത്തിനു് അൎദ്ധഗ്രാസമായി. അയാൾ വീട്ടിൽച്ചെന്നു് ആഹാരം കഴിച്ചു. വിശപ്പടക്കി.

ആത്മപ്രശംസയും പണ്ടേതന്നെയുള്ളതാണു്. നാടകങ്ങളിൽ ആത്മപ്രശംസ ധാരാളം കാണാം. സൂത്രധാരനും നടിയും രംഗപ്രവേശം ചെയ്യുന്നതു കവിയെ പ്രശംസിക്കാനായിട്ടല്ലയൊ എന്നു് തോന്നിപ്പോകുന്നു. ചില കവികൾ തങ്ങളുടെ രൂപത്തെക്കൂടി വൎണ്ണിക്കുന്നു. ഉദ്ദണ്ഡൻ, ശ്രീഹർഷൻ, ഭവഭൂതി, മുരാരി, അനന്തഭട്ടൻ, മല്ലിനാഥൻ, വെങ്കടാദ്ധ്വരി, വാമനഭട്ടബാണൻ, ജയദേവൻ, കാക്കശ്ശേരി, മുതലായ പല കവികളും ആത്മപ്രശംസാപ്രിയന്മാരായിരുന്നു. ശ്രീഹർഷൻ പറയുന്നു: – "കാന്യകുബ്ജരാജാവിൽനിന്നും അനേകം സ്ഥാനമാനങ്ങളും ബഹുമതികളും ലഭിച്ചുപോരുന്നവനും സമാധിയിൽ പരബ്രഹ്മത്തെ സാക്ഷാൽകരിക്കുന്നവനും അമൃതമധുരമായ കാവ്യത്തെ നിൎമ്മിച്ചവനും തൎക്കത്തിൽ എതിരാളിയെ കൊന്നുകുത്തിക്കളയുന്നവെണ്ണമുള്ള വാഗ്വിലാസമുള്ളവനുമാണു ഞാൻ." കാക്കശ്ശേരി ചോദിക്കുന്നു. കാളിയെ ആരാധിക്കാതെയും സാരസ്വതഗുളിക ആസ്വദിക്കാതെയും ലോകപ്രസിദ്ധങ്ങളായ ഗ്രന്ഥങ്ങൾ നിൎമ്മിക്കുന്നതിൽ സാമൎത്ഥ്യം എനിക്കല്ലാതെ മററാൎക്കുണ്ടു്?"

## അന്തിനക്ഷത്രം.

(എൻ. മാധവൻ, കരുംകുളം.)

—ടാഗോർ ഗീതാഞ്ജലി—

വാരുണീവക്ഷസിലുന്മത്തനായ് ദിനദേവൻ
വാടിയ മുഖവുമായ് ചെന്നു വീണൊരഞ്ഞവേ,
ക്രൂരതം തിക്കിത്തിക്കിക്കേറിവന്നിട്ടും നേര-
ത്താഴിതന്നൊരഞ്ചാറുവാര ദൂരത്തായ് മേലേ
വന്നുദിച്ചുയൎന്നഹൊ! മിന്നിടും നക്ഷത്രമേ!
വന്ദനം! ഭവാൻെറയീസന്മനസ്സാണുത്തമം!
മററു നക്ഷത്രങ്ങളെ കാത്തുനിന്നിടാതെ നിൻ
കൎത്തവ്യബോധത്തെ ഞാനെത്രശ്ലാഘിച്ചാൽ പോ
ത്യാഗിയാണങ്ങല്ലെങ്കിലേകനായിരുട്ടത്തു (ഛം!
ചാകുവാൻ ചിരിച്ചുംകൊണ്ടോടിയെത്തുമോയേവം
എത്രവേഗമാണങ്ങ, യാഴിതന്നകത്തേയ്ക്കു
തട്ടിയങ്ങെറിയുന്നു വിധിതൻ കളി നോക്കൂ
എങ്കിലും ഭവാൻ്ധന്യൻ മററുഡുക്കളെക്കാളും
തൻകടമയെ തന്നെനേടി നീ ജയിക്കുന്നു.

പണ്ഡിതന്മാരുടെ ആത്മപ്രശംസ ഇരിക്കട്ടെ. അവൎക്കു അപ്രകാരമുള്ള ഗുണങ്ങളുണ്ടെന്നു വിചാരിക്കാം. അതൊന്നുമില്ലാത്ത മൂഢന്മാരും തങ്ങളെപ്പററി പുകഴ്ത്തുമ്പോഴാണു് ചിരിവന്നുപോകുന്നതു്. ഒരിക്കൽ ഒരു പണ്ഡിതമ്മന്യൻ കേരളകാളിദാസൻ തിരുമനസ്സിലെ മണിപ്രവാളശാകുന്തളം ഭവരൊന്നളെപഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു സംശയം ജനിച്ചു. വളരെനേരം ആലോചിച്ചിട്ടും സംശയനിവൃത്തി വന്നില്ല. അപ്പോൾ ശിഷ്യൻ, "തിരുമേനിയോടു തന്നെ എഴുതിച്ചോദിക്കരുതോ?" എന്നു ഗുരുവിനോടു ചോദിച്ചു. ഗുരുവിനു് അതൊട്ടും രസിച്ചില്ല. "ഞാൻ തമ്പുരാനോടു സംശയം ചോദിക്കുകനോ! ശിക്ഷയായി അത്രക്കായില്ല. വേണമെങ്കിൽ താൻ എഴുതി ചോദിക്കു." എന്നായി ഗുരു. ശിഷ്യൻ എഴുതിച്ചോദിച്ചാൽ തൻെറ ഫലനം വിടാതെതന്നെ കാര്യം സാധിക്കാമല്ലോ എന്നായിരുന്നു അയാളുടെ വിചാരം.

മുഖസ്തുതിയും ആത്മപ്രശംസയും ഒന്നുപോലെ വൎജ്ജ്യമാണു്. രണ്ടും മനസ്സാക്ഷിയെ വഞ്ചിക്കുന്ന ദുൎഗ്ഗുണങ്ങളാണു്. വിവേകബുദ്ധിയുള്ള മനുഷ്യൻ ഇതുകൾക്കു വിധേയനാകാൻ പാടില്ലാത്തതാണു്. ലോകം ധൎമ്മപഥത്തിൽ നിന്നു വ്യതിചലിക്കാതിരുന്നുകൊള്ളട്ടെ!

ചെറു കഥ.

# പ്രേമഭിക്ഷ.

*(ജോർജ്ജ് കരുവിള, തിരുവല്ല.)*

മേഘാവൃതമായ ആകാശത്തിലേക്കു വികാരവിവശയായി അവൾ നോക്കി. നിരാശയുടെ നിഴൽപോലെ അന്ധകാരം അവിടമെങ്ങും വ്യാപിച്ചുകഴിഞ്ഞു. കോസലരാജ്യത്തിലെ മന്ത്രിപുംഗവനായിരുന്നു അവളുടെ അച്ഛൻ. തന്റെ മഹാരാജാവിന്റെ ജീവരക്ഷക്കുവേണ്ടി സ്വന്തം ജീവൻ ബലികഴിച്ച ആ രാജഭക്തന്റെ രക്തം തന്നെയാണ് ഈ കുലീനാകന്യകയുടെ സിരകളിലും പായുന്നതു്. ഇന്ന് ഒരു നിസ്സഹായത അവളുടെ മുഖത്തു ദൃശ്യമായിട്ടുണ്ട്. ഒരു മിന്നൽപിണർ. തേജസ്വിയായ ഒരു യുവാവ് ഒരശ്വത്തെ നടത്തിക്കൊണ്ടു അവളെ സമീപിച്ചു.

"ശാന്തേ!" അവൾ ഏറെനാളായി കൊതിച്ചുകൊണ്ടിരുന്ന ആ മധുരസ്വരം.

"ദേവി" ആ ശബ്ദം നിശ്ശബ്ദതയെ ഒന്നുകൂടി ഭഞ്ജിച്ചു. ആ യുവാവ് അവളോടു വളരെ അടുത്തുനിന്നു. കനകകാന്തിയെവെല്ലുന്ന ആ കവിൾത്തടങ്ങളിൽകൂടി അശ്രുക്കൾ ധാരധാരയായി പ്രവഹിക്കുന്നതു് അയാൾ കണ്ടു.

"ശാന്തേ! രാജ്യഭ്രഷ്ടനായി ഞാനിങ്ങനെ അലഞ്ഞു നടക്കുന്നതിനെപ്പററി നിനക്കു വിചാരമില്ലേ?" അയാൾ തന്റെ പ്രണയിനിയുടെ മുഖത്തു ദൃഷ്ടികൾ ഉറപ്പിച്ചുകൊണ്ടു ചോദിച്ചു.

"കുമാരാ, എന്റെ ഈ ദയനീയാവസ്ഥ അങ്ങയുടെ ഹൃദയത്തെ ഒട്ടും സ്പർശിക്കുന്നില്ലേ?" ആ യുവാവിന്റെ മുൻപിൽ ശാന്ത ഹൃദയം തുറന്നു കാണിച്ചു.

"ദേവീ ഞാൻ ഒരു ഭ്രാന്തനെപ്പോലെ ഇന്നു് അലയുകയാണു്. എന്റെ നിശ്ചയം ഞാൻ ഭവതിയെ ധരിപ്പിച്ചിട്ടുണ്ടു്. രാജസ്ഥാനത്തിലുള്ള മോഹമാണിതെന്നു വിചാരിക്കരുതു്. പക്ഷെ അനീതിയോടു ഞാൻ പോരാടും. എന്റെ ജ്യേഷ്ഠൻ പ്രജാവത്സലനാണു്. രാജ്യഭരണത്തിനു് അതിസമർത്ഥനുമാണു്. അദ്ദേഹം വാർദ്ധക്യദശയെ പ്രാപിച്ചുകഴിഞ്ഞു എന്നാൽ അടുത്ത അവകാശിയായ എന്നെ അവഗണിച്ചു രാജ്യഭരണം മറെറാരാളെ ഏല്പിക്കാൻ അദ്ദേഹം നിശ്ചയിച്ചിരിക്കുന്നു. എന്റെ അവകാശം ഞാനാവശ്യപ്പെട്ടതിനുള്ള ശിക്ഷയാണിതു്." അയാൾ നെടുവീർപ്പിട്ടുകൊണ്ടു തുടർന്നു:—

"ശാന്തേ ഈ സമയം നിന്റെ സഹായം എനിക്കാവശ്യമുണ്ടു്. ഇതാ ഞാൻ ഒരു സമരത്തിനൊരുങ്ങിക്കഴിഞ്ഞു. അൻപതിനായിരം യോദ്ധാക്കൾ എനിക്കു പിൻതുണയുണ്ടു്. ഒരു ഗുപ്തസങ്കേതം എനിക്കാവശ്യമാണു്. ഈ രാജ്യത്തിന്റെ വടക്കേ അതിർത്തിയിലുള്ള വനപ്രദേശങ്ങൾ, നിന്റെ ആവശ്യത്തിനു വിട്ടുതരണമെന്നു കോസലാധിപനോടു നീ ആവശ്യപ്പെട്ടാൽ അദ്ദേഹം അതു നിരസിക്കയില്ലാ."



മി: ജോർജ്ജ് കരുവിള

ശാന്ത ആ യുവാവിന്റെ വാക്കുകൾ ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്നു. അവളുടെ ലോലഹൃദയത്തിനു താങ്ങാൻ പാടില്ലാത്ത ദുഃഖം ആ നിമിഷം അവളെ ഗ്രസിച്ചു. അത്യന്തം ദയനീയമായ സ്വരത്തിൽ അവൾ പറഞ്ഞു. "പ്രഭോ ഞാൻ അങ്ങേയ്ക്കു വേണ്ടി എന്തു ക്ലേശങ്ങളും സഹിച്ചുകൊള്ളാം. എന്റെ പ്രാണൻ പോലും അങ്ങയുടെ വാൾത്തലയ്ക്കൽ സമർപ്പിക്കും. എന്നാൽ എനിക്കു ചെയ്വാൻ പാടില്ലാത്ത ഒരു കാര്യമുണ്ടു്. രാജദ്രോഹം. അതിനു അങ്ങെന്നോടാവശ്യപ്പെടരുതു്.

"ശാന്തേ!"—പ്രതാപൻ കൂടുതൽ ദൃഢതയോടെ പറഞ്ഞു." നീ ഇതു ചെയ്യുകയില്ല. അല്ലേ? എന്നാൽ ഇതാ ഞാൻ പോകുന്നു. നാം തമ്മിൽ ഇനി മേലാൽ ഒരു സന്ദർശനം ഉണ്ടാകയില്ലാ."

അയാൾ തന്റെ കുതിരയുടെ സമീപത്തേക്കു നടന്നു. ഒരു ദീനരോദനം. അയാൾ തിരിഞ്ഞു നോക്കി. ശാന്തചേതനയറ്റ വിഗ്രഹംപോലെ തറയിൽ കിടക്കുന്നു. ആ ഗംഭീരഹൃദയൻ ഒരു നിമിഷം ചിന്താകുലനായി. അയാൾ അവളുടെ സമീപത്തേക്കു പാഞ്ഞു. രണ്ടു ചുടുനീർത്തുള്ളികൾ ആ പ്രേമപരവശന്റെ കണ്ണുകളിൽനിന്നു് അവളുടെ നെററിത്തടത്തിൽ പതിച്ചു. അവൾ ഉണർന്നു. ആ മൃദുകരങ്ങൾ അയാളുടെ കണ്ഠത്തെ വലയം ചെയ്തു. ഏതോ അപ്രതിരോദ്ധ്യമായ സ്വാതന്ത്ര്യം അവൾക്കു അയാളുടെ മേൽ ഉണ്ടായിരുന്നു.

പ്രതാപൻ പ്രകാശമേറിയ ആ കണ്ണുകളിലേക്കു നോക്കിക്കൊണ്ടു ചോദിച്ചു. "ശാന്തേ! എന്റെ ആഗ്രഹം നീ സാധിച്ചു തരുമോ?"

"നാഥാ അങ്ങേയ്ക്കു വേണ്ടി ഞാൻ അങ്ങിനെ ചെയ്യാം."

ആ സമ്മതം അവളുടെ ഹൃദയത്തെ കലുക്കി.

* * * * *

കോസലരാജാവിന്റെ കൊട്ടാരത്തിൽ പ്രവേശിക്കുന്നതിനു് ശാന്തയ്ക്കു സമയം കാത്തു നിൽക്കേണ്ടിവന്നില്ലാ. അവൾ തിരുമുൻപിൽ വിനീതയായി ചെന്നു നിന്നു.

"വത്സേ നിനക്കെന്തു വേണം "മഹാരാജാവു് കരുണയോടുകൂടി ചോദിച്ചു. ശാന്തയുടെ ഉള്ളിൽ ശക്തിയായ വികാരങ്ങൾ തമ്മിൽ ഒരു പോരാട്ടം നടന്നു. അവൾ കുറേനേരത്തേക്കു ഒന്നും മിണ്ടിയില്ലാ.

"കുഞ്ഞേ മടിക്കണ്ടാ പറഞ്ഞുകൊള്ളൂ." മഹാരാജാവു സ്വന്തം മകളെപ്പോലെ അവളെ കരുതിയിരുന്നു.

"തിരുമേനി മഗധയോടു തൊട്ടുകിടക്കുന്ന വനപ്രദേശങ്ങൾക്കു സമീപം കുറെ സ്ഥലം എനിക്കാവശ്യമുണ്ടു്."

"കുട്ടീ! ഇത്ര നിസ്സാരമായ ഒരു കാര്യം നീ അവശ്യപ്പെടുന്നതെന്തു്? അതാ നോക്കു ഈ കൊട്ടാരത്തിനു ചുററും എത്ര മനോഹരമായ സ്ഥലങ്ങൾ കാണുന്നുണ്ടു്."

"തിരുമേനി വനപ്രദേശങ്ങളല്ലാതെ മറെറാന്നും എനിക്കാവശ്യമില്ലാ.

"കുമാരീ! അല്പം ക്ഷമിക്കൂ."– അദ്ദേഹം വളരെ താണസ്വരത്തിൽ പറഞ്ഞു. നിന്റെ ഏതാഗ്രഹവും നാം സാധിച്ചു തരാം. നിന്നെക്കാണുമ്പോൾ നാം നമ്മുടെ പ്രിയസുഹൃത്തായ ആ മഹാനുഭാവനെ സ്മരിക്കുന്നു. എന്നാൽ നീ ആവശ്യപ്പെടുന്ന ആ വനപ്രദേശങ്ങൾ നമ്മുടെ രാജ്യരക്ഷയ്ക്കു ഏററവും ആവശ്യമാണു്. അനുജൻ നമ്മോടു മത്സരത്തിനൊരുങ്ങുന്നുണ്ടുപോലും. അവനെ നാം രാജ്യഭാരം ഏൾപ്പിക്കുമായിരുന്നു. പക്ഷെ അവൻ ചില ശത്രുക്കളുടെ ആലോചനയ്ക്കു വഴിപ്പെട്ടു. നമ്മെ ഉപദ്രവിക്കാൻ ശ്രമിച്ചതായി നാം അറിഞ്ഞു. പ്രതാപന്റെ നടപടികൾ സൂക്ഷിക്കാൻ ഒരു സംഘം രഹസ്യഭടന്മാർ ആ വനപ്രദേശങ്ങളിൽ വസിക്കുന്നുണ്ടു്.

"തിരുമേനി!" "ശാന്ത പറഞ്ഞു. ഈ രാജ്യത്തിന്റെ വടക്കേ അതിർത്തിയിൽ

എവിടെയെങ്കിലും കുറെ സ്ഥലം എനിക്കനുവദിച്ചുതന്നാൽ മതി. എന്റെ സ്വൈരജീവിതത്തിനു് അവിടം ഉപകരിക്കുന്നതായിരിക്കണമെന്നേ എനിക്കു നിർബ്ബന്ധമുള്ളു.

"വത്സേ! മഗധ നമ്മുടെ ശത്രുരാജ്യമാണു്. ആ രാജാവിന്റെ ദുരുപദേശമാണു് അനുജനെ ഇത്രമേൽ വഷളാക്കിയതു്. മഗധയോടടുത്തു കിടക്കുന്ന നമ്മുടെ വടക്കേ അതിർത്തി വളരെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. എന്നാൽ നിന്റെ അഭീഷ്ടം നാം നിരസിക്കുന്നില്ല. നിന്റെ അച്ഛനോടു നമുക്കുള്ള കടമ തീർക്കുന്നതിനു ഈ രാജസ്ഥാനം തന്നെ ഉപേക്ഷിക്കാൻ നാം മടിക്കുന്നതല്ല."

ശാന്ത ഒന്നും മറുപടി പറഞ്ഞില്ല. തിരുമുൻപിൽനിന്നു് ഒരു പ്രതിമ പോലെ അവൾ നടന്നു പോയി.

* * * * *

ശരച്ചന്ദ്രികയിൽ കുളിച്ചു ഒരു രമണീയോദ്യാനത്തിന്റെ പാർശ്വഭാഗത്തുകൂടെ വെള്ളിക്കമ്പിപോലെ ഒഴുകുന്ന കൈത്തോടിന്റെ തീരത്തു് നിന്ന ശാന്തയുടെ സന്നിധിയിൽ അശ്വാരൂഢനായി രാജകുമാരൻ പ്രത്യക്ഷനായി. അദ്ദേഹം പടച്ചട്ടയും കയ്യിൽ ഖഡ്ഗവും ധരിച്ചിരുന്നു. അശ്വത്തിൽ നിന്നിറങ്ങി ശാന്തയുടെ കരങ്ങൾ ഗ്രഹിച്ചുകൊണ്ടു അദ്ദേഹം അവിടെ മണൽപ്പുറത്തിരുന്നു. പ്രതാപൻ ഒരു നിമിഷം ശാന്തയുടെ മുഖത്തു ദൃഷ്ടികൾ ഉറപ്പിച്ചു. അവളുടെ നെററിയിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന കുറുനിരകൾ ഒതുക്കിക്കൊണ്ടു ആ യുവാവു പറഞ്ഞു.

"ഓമനേ, നമ്മുടെ ഒരുക്കങ്ങൾ പൂർത്തിയായി. ആയുധധാരികളായ ഇരുനൂറു ഭടന്മാർ വനാന്തരങ്ങളിൽ അങ്ങിങ്ങായി കാത്തു നിൽക്കുന്നു. നിശയുടെ നിസ്തബ്ധതയിൽ അർദ്ധരാത്രിയുടെ അന്ത്യയാമങ്ങളിൽ ഞങ്ങൾ കൊട്ടാരത്തിനുള്ളിൽ പ്രവേശിക്കും. അദ്ദേഹത്തെ ബന്ധനസ്ഥനാക്കും. കൊന്നുകളയും."

"കുമാരാ അദ്ദേഹത്തിന്റെ മഹാശക്തമായ സേനയോടുഈ ഇരുനൂറു ഭടന്മാർ പൊരുതു ജയിക്കുമോ?"

"ശാന്തേ! അൻപതിനായിരം ധീരയോദ്ധാക്കൾ എന്റെ ഏതാജ്ഞകളേയും ശിരസാ വഹിക്കുവാൻ ജാഗരൂകരായി കാത്തു നിൽക്കുന്നുണ്ടു്. പക്ഷെ ഇന്നു ഇരുനൂറുപേരുടെ ആവശ്യമെയുള്ളു. ഈ വനപ്രദേശത്തു് ഒരു ഗൂഢസംഘം എന്റെ പ്രവൃത്തികൾ സൂക്ഷിക്കാൻ താവളമുറപ്പിച്ചിരുന്നു. ആ സംഘത്തെ ഞങ്ങൾ വളഞ്ഞു. ഇനിയും അവരിൽ ഒരുവനും ശേഷിച്ചിട്ടില്ല. വിദിശ മഗധയുടെ ശത്രുരാജ്യമാണു്. വിദിശയിലെ രാജാവിന്റെ അപേക്ഷപ്രകാരം ഒരു വലിയ സൈന്യത്തെ ഇവിടെ നിന്നു് അങ്ങോട്ടയച്ചിട്ടുണ്ടു്. കോസലാധിപന്റെ ഗൂഢസംഘത്തെ ഞാൻ ആക്രമിച്ചിരിക്കുന്നതായി അദ്ദേഹത്തെ അറിയിച്ചിട്ടുമുണ്ടു്. ഇനിയും ശേഷിച്ചിരിക്കുന്ന സൈന്യത്തെ അദ്ദേഹം ഇങ്ങോട്ടയക്കാതിരിക്കയില്ല."

"കുമാരാ" അവൾ അശ്രുപൂർണ്ണങ്ങളായ ദൃഷ്ടികൾ അയാളുടെ മേൽ ഉറപ്പിച്ചുകൊണ്ടു പറഞ്ഞു." "ആ തിരുമേനി എന്നെ വിശ്വസിച്ചു. സ്വന്തം മകളെപ്പോലെ എന്നെ സ്നേഹിച്ചു. ഞാനാകട്ടെ അദ്ദേഹത്തിന്റെ ഘാതകരുടെ സഹായിയായി..."

"ഓമനേ, ഈ അന്ത്യനിമിഷത്തിൽ എന്റെ ഉദ്യമങ്ങൾ നീ വിഫലപ്പെടുത്തരുതു്. എന്റെ ആശാസൗധത്തെ തകർത്തുകളയരുതു്. ഇന്നു് ഈ രാത്രിയിൽ ഇതു സാധിക്കണം. ദേവി എന്റെ അവകാശം ഞാൻ വിട്ടുകൊടുക്കട്ടെ. കോസലരാജ്യത്തിന്റെ മഹാറാണിയായി വാഴേണ്ടവളാണു് നീ. അതാ ഒരു ഭടൻ എനിക്കു രണാങ്കണത്തിലേക്കു പോകാൻ സമയമായി. ഓമനേ! അതിധീരയായ നിന്നിൽ എന്താണീ ചാപല്യം. ഞാൻ പോകട്ടെ. വിജയശ്രീലാളിതനായി ഉടനെ തിരിച്ചുവരാം."

പ്രതാപൻ ഒന്നുകുതിച്ചു. ഒരു ഞൊടിയിടയിൽ അദ്ദേഹം കുതിരപ്പുറത്തു കയറി അപ്രത്യക്ഷനായി.

വിവിധവികാരങ്ങൾ അവളെ അസ്വസ്ഥയാക്കി. ഒരു ഭ്രാന്തിയെപ്പോലെ അവൾ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

"ഹാ തിരുമേനിയെ വധിക്കാൻ

# പോർവിളി.

(വെട്ടൂർ എസ്സ് രാമൻനായർ)

മന്ദാരവാടിയിലെന്നുമിതേവിധം
മന്ദാനിലനേററിരിക്കയോ നീ?
ആററിൻകരയിലപ്പാടത്തിരുന്നതാ-
മാററക്കിളികൾ പറന്നുപോയി.
വെണ്മതിലേഖയെച്ചുംബിക്കുവാനൊരു
വെണ്മേഘംവാനിലിറങ്ങിവന്നു.
ഗ്രുവളച്ചോട്ടിൽ കുരുമൊഴിമുല്ലകൾ
പൂവും വിരിച്ചുചിരിക്കയായി!
കാവിന്നരികിലക്കാനനാന്തങ്ങളിൽ
കൂവിത്തുടങ്ങി കുറുനരികൾ,
നാളെപ്പുലരിയിൽ പോക്കളം പൂകുവാ-
നാളുകളെല്ലാമൊരുക്കമായി!
മന്ദാരവാടിയിലീമട്ടിനിയും നീ
മന്ദാനിലനേററിരിക്കയാണോ?

* * * * *

ഈമലർത്തോപ്പിലെ തൂമണിക്കാററല്ല
പൂമഴച്ചാറലല്ലായോധനം.
നിസ്സാരമല്ല നിൻ മുന്നിലക്കാണുന്ന
വിസ്തൃതവിശ്വരണാങ്കണങ്ങൾ.
ചെഞ്ചോരച്ചാറിനാലേറെനാളിങ്ങനെ
മന്ത്രിരിച്ചാറുമുകന്നിടത്തിൽ;
ആയിരമായിരമായോധനാഗ്രമ-
രായാസപ്പൊട്ടോരീപ്പോർക്കളത്തിൽ
തെല്ലും പയററിൽ പരിചയിക്കാതെയാ-
ണല്ലോ നിനക്കു പുറപ്പെടേണ്ടു.
കൈകാൽ കുഴയിലും ദേഹംതളരിലും
അയ്യോ! നിനക്കില്ല പിൻതുണക്കാർ!

* * * * *

കുന്നിൻചരിവിലക്കുഞ്ഞാടുമേയുന്ന
ഭംഗികണ്ടിത്ഥം ഭ്രമിച്ചുനിന്നാൽ;
സങ്കല്പശാലയിൽതങ്കക്കിനാവുമായ്
സല്ലപിച്ചെന്നുമിരുന്നുപോയാൽ
നിന്നെപ്പുണർന്നണത്തീടുവാനിന്നാത്തെ
മന്ദാനിലനുമെത്തുകില്ല......."

* * * * *

പാടിയുമാടിയുമീമട്ടിരിക്കുവാൻ
പാടില്ലിനിയുമൊരല്പനേരം
കൊൾമയിർക്കൊള്ളുകില്ലിന്നിമേൽവിശ്വ
ക്കോമളവേണുസംഗീതവായ്പിൽ. (മ
അത്രമേൽമാർദ്ദവമില്ലാത്തതാണിന്നു
ചിത്തമീലോകത്തിനെന്തുകൊണ്ടോ!
രക്തം! ഹാ! രക്തമൊഴിച്ചു മറെറാക്കെയും
ത്യക്തമാണെന്നതിനു നിൻ പ്രയത്നം?

* * * *

ചക്രവാളത്തിലുദയകിരണങ്ങൾ
രക്തച്ചൊരിച്ചിലിൻ നാന്ദിചെൽവൂ
അങ്ങതാകേൾക്കുന്നു കാഹള; മിന്നിയും
മങ്ങിമയങ്ങിക്കിടക്കയോ നീ?

ഞാൻ സമ്മതിക്കയില്ലാ." "അവൾദൃഢനിശ്ചയം ചെയ്തു.

ഊടുവഴികളും ദുഷ്ടപാതകളും കടന്നു രാജവീഥിയിൽ കൂടി അവൾ അതിവേഗം ഓടി. ദൂരെ ദീപയഷ്ടികളുടെ പ്രകാശം പരന്നിരുന്നു. ഒരു വലിയ സൈന്യം അവളുടെ സമീപത്തുകൂടി കടന്നുപോയി. ഒരു ബലിഷ്ഠഗാത്രൻ അതിനെ നയിച്ചുകൊണ്ടിരുന്നു. ആ നേതാവിനോടു അവൾ ഉദ്വേഗപൂർവം പറഞ്ഞു. "സേനാധിപാ, നിങ്ങൾ ഉടൻ രാജധാനിയിലേക്കു മടങ്ങുക. യുവരാജാവു് സൈന്യസമേതം കൊട്ടാരം ആക്രമിക്കാൻ പുറപ്പെട്ടിട്ടുണ്ടു്."

* * * * *

പ്രഭാതമായി. കോസലമഹാരാജാവിൻെറ കൊട്ടാരമുററത്തു് രക്തം ഉറഞ്ഞുകട്ടിയായി കിടക്കുന്നു. ഭടന്മാരുടെ മൃതശരീരം കുന്നുകുന്നായി അവിടെ കൂടിക്കിടക്കുന്നു. രാജധാനിയിലെ ന്യായാധിപാലയത്തിൽ മോഹനചന്ദ്രമഹാരാജാവു ഉപവിഷ്ടനായിരിക്കുന്നു. യുവരാജാവു അയശ്ശൃംഖലകളാൽ ബദ്ധനായി ബന്ധനസ്ഥരായ അനേകം അനുയായികളോടുകൂടി അവിടെ നില്ക്കുന്നുണ്ടു.

"രാജദ്രോഹികളെ ശിരശ്ഛേദം ചെയ്തു കൊന്നുകളയട്ടെ"—ആകാശം തകന്നുവീഴത്തക്കവണ്ണമുള്ള ആ കല്പന ഇടിനാദംപോലെ കേട്ടു.

ശാന്ത അവിടെ നിന്നിരുന്നു. അവൾ മുൻപോട്ടു വന്നു പറഞ്ഞു. "തിരുമേനി അടിയനു് ഒററ ഒരപേക്ഷകൂടിയുണ്ടു്. എൻെറ അന്ത്യയാചന."

"മകളെ ഒരിക്കൽ നിൻെറ അച്ഛൻ എനിക്കു വേണ്ടി തൻെറ ജീവൻ ബലികഴിച്ചു. ഇന്നു നീ എന്നെ മരണത്തിൽനിന്നു രക്ഷിച്ചു. നിൻെറ ആഗ്രഹം എന്തായാലും നിർവിഘ്നം നിർവ്വഹിക്കപ്പെടും"– രാജഹൃദയം തുടിച്ചു.

തിരുമേനീ, യഥാർത്ഥത്തിൽ ശിക്ഷ അനുഭവിക്കേണ്ടു ഒരു കുററക്കാരനു മാപ്പു കൊടുക്കണമെന്നു ഒരു രജപുത്രകന്യക ആവശ്യപ്പെടുകയില്ലാ. രാജനീതിക്കു വിരുദ്ധമായി അങ്ങു ഒന്നും തന്നെ ചെയ്യേണ്ടതില്ലാ. എന്നാൽ ഈ യുവാവിനോടൊപ്പം(അവൾപ്രതാപനെ ചൂണ്ടിക്കാണിച്ചു) എന്നെയും ശിക്ഷിക്കുവാൻ കല്പിക്കണം–"

രാജസദസ്സ് സ്തബ്ധമായി. മഹാരാജാവു ഞെട്ടി പുറകോട്ടു മലച്ചു:— എൻെറ മകളെ അദ്ദേഹം ഗദ്ഗദത്തോടുകൂടി പറഞ്ഞു:—നീ എൻെറ ജീവനെ ആവശ്യപ്പെടുകയായിരുന്നു ഇതിലും നല്ലതു്."

പക്ഷെ നിവൃത്തിയുണ്ടായിരുന്നില്ല. അവളുടെ അപേക്ഷ അനുവദിക്കുന്നതിനു് മഹാരാജാവു നിർബന്ധിതനായി.

വധവേദികയിൽ ശിരസ്സു കുനിച്ചു് ആ യുവമിഥുനങ്ങൾ നിർവികാരരായി നിന്നു. ആരാച്ചാരുടെ കത്തി ഒന്നു്-രണ്ടു-ഉയന്നു. ആകാശത്തിൽ ഒരു നിമിഷം തിളങ്ങിത്താണു-ഝിൽ-ഝിൽ- ഒരു ഇരുമ്പുദണ്ഡു കൊണ്ടു് കൊട്ടംകത്തികൾ ദൂരെ തെറിക്കപ്പെട്ടു. "മഹാരാജകല്പന അരുതു് ഇവരെ വധിക്കരുതു്."

തങ്ങളുടെ പ്രാണദാതാവായ ആ അശ്വാരൂഢനെ ശാന്തയും പ്രതാപനും നോക്കി. "ഹാ! തിരുമേനി"—രണ്ടുപേരും ഒരുമിച്ചു വിളച്ചുപറഞ്ഞു. 'അതെ അതു മഹാരാജാവു തന്നെയായിരുന്നു."

---

# ഘടദീപം

## പരേതനായ മൂത്തേടത്തു കുഞ്ചുപോററിയുടെ ചില കവിതക്കുത്തുകൾ.

(പ്രയാററു്, ശങ്കരൻപോററി)

"വാസുദേവഗീർവ്വാണകവി" എന്ന അപരാഭിധാനത്താൽ പ്രസിദ്ധനായിരുന്ന മൂത്തേടത്തു വാസുദേവൻ പോററി അവർകളേ കേട്ടിട്ടില്ലാത്ത ഭാഷാഭിമാനികൾ ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. പാണ്ഡിത്യംകൊണ്ടും കവിതാവാസനകൊണ്ടും പരമ്പരയാ പ്രസിദ്ധന്മാരാണു് മൂത്തേടത്തു മഠത്തിൽ ജീവിച്ചിരുന്നവർ. വാസുദേവഗീർവ്വാണകവിയുടെ ഏററവും ഇളയ പുത്രനായിരുന്നു സ്മർത്തവ്യപുരുഷൻ. കുഞ്ചുപ്പോററി അവർകളും പരമ്പരാസിദ്ധമായ പാണ്ഡിത്യത്തോടും കവനകലാനൈപുണ്യത്തോടും കൂടിയ ആളായിരുന്നതിനും പുറമേ നല്ല ഒരു ഫലിതരസികൻ കൂടിയായിരുന്നു. ഇദ്ദേഹത്തിൻെറ ജ്യേഷ്ഠൻ കുഞ്ഞിക്കുട്ടൻ പോററി അവർകളും ഒന്നാംതരം ഒരു ഭാഷാകവിയായിരുന്നു. ഏതാനും വർഷങ്ങൾക്കു മുമ്പ് "മനോരമ"യിൽ കണ്ടിരുന്ന ഒരു സമസ്യ മൂത്തേടത്തു മഠത്തിൽ അന്നുണ്ടായിരുന്ന നാലോ അഞ്ചോ പേർ പൂരിപ്പിച്ചയച്ചതു അടുത്തത്തു തന്നെ പത്രത്തിൽ കണ്ടപ്പോൾ ഒരു കവി; മൂത്തേടത്തു മഠത്തിലേക്കു കവിതാവാസന കാരാണ്മയായി കിട്ടിയിരിക്കയാണോ?" എന്നു ചോദിച്ചതും കഥാപുരുഷൻെറ ജ്യേഷ്ഠൻ!—

കാരാണ്മയല്ല സുമതേ കവിതാവകാശ
മൂരാണ്മയായ് കമലയോനിനമുക്കുതന്നു"

എന്നു പത്രം വഴിതന്നെ മറുപടി എഴുതിയതും ഈയവസരത്തിൽ ഓർമ്മ വരുന്നു.

കുഞ്ചുപ്പോററി അവർകളേ എനിക്കു വളരെക്കുറച്ചു കാലത്തെ പരിചയമേയുള്ളു. വളരെ വേഗത്തിൽ പദ്യങ്ങൾ എഴുതുവാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നു. ഞാൻ ചില വികൃതശ്ലോകങ്ങൾ അയച്ചു. അതിനു അദ്ദേഹം അയച്ച മറുപടി ഇങ്ങനെയായിരുന്നു:—

"പലമാതിരിമാധുരീഭരം
കലരും താവകപദ്യപത്രിക
നലമോടു കരത്തിലെത്തിയുൾ-
മലർമാന്ദ്യം മറയത്തു നീക്കിമേ.
നവമായ് ഗ്രഹഭാരമേൽക്കയാ-
ലിവനേതും സുഖമില്ലയെങ്കിലും
ഭുവനേശ്വരിതൻ കൃപാവശാ-
ലവധാനത്തൊടു വാണിടുന്നു ഞാൻ

* * * * *

അലസാതെ പരിശ്രമിച്ചുമേൽ-
പലസൽബുക്കു മുറക്കു തീർക്കുവാൻ
വിലയാന്നവിശിഷ്ട വിദ്യയിൽ-
കലരട്ടേ തവബുദ്ധി നിത്യവും
അഴകററൊരു പദ്യമേവമി-
ക്കിഴവച്ചാരു കുറിച്ചിടുന്നു ഞാൻ
പിഴപോക്കിയിതിൽ ഭവന്മന-
സ്സുഴലാതുന്നണമെന്നപേക്ഷമേ"

ഇതുപോലെ അദ്ദേഹമയച്ചിട്ടുള്ള പല പദ്യക്കത്തുകളും എന്റെ പക്കലുണ്ട്. ഒരു കത്തുകൂടി താഴെ ചേക്കാം.

പരമേശ്വരിഭക്തലോകരക്ഷാ-
പരമേന്മേൽ കരുണാകടാക്ഷപൂൎവ്വം
പരമേതഴലും കളഞ്ഞുസമ്പൽ-
ഭരമേകട്ടവിടേക്കഭംഗമെന്നും

സുകവീന്ദ്ര! ഭവാനയച്ചപദ്യ-
പ്രകരക്കത്തിവിടെത്തിയപ്പൊഴീഞാൻ
അകലെഗ്ഗതനായിരുന്നുഭാഗ്യ-
പ്പകപററിപ്പതു പാരിലേവമല്ലോ
തിരികെസ്വപുരത്തിലെത്തിയപ്പോൾ
പെരികെപ്പൊയ്ദിനമേവമല്ലെയെങ്കിൽ
വരികില്ലെതിർകത്തിനീയമാന്തം
പുരികം നിങ്ങൾവളച്ചുനോക്കിടൊല്ലെ.
അകലത്തെസ്സുഖം വസിച്ചിട്ടന്നോ
ക്കുളങ്കപ്രണയപ്രസന്നപദ്യം
സ്വകമിത്രജനം കുറിച്ചയച്ചാ-
ലകമത്രയ്ക്കു സമാശ്വസിക്കുമല്ലോ
അഖിലാംബികതൻ കൃപാകടാക്ഷാൽ
സുഖലാഭക്കുറവിങ്ങൊരാൾക്കുമില്ല
വികലാത്മകുടുംബഭാരമേററാ-
ലകലാതാശയസൗഖ്യമാക്കുമില്ല.
മഴമാറിയുദിച്ചുമഞ്ഞു മാവിൽ
പഴമെങ്ങും നഹി ചക്കയ്ക്കിൽ മാത്രം
അഴകിക്കുറിനെല്ലിനെന്നുകേൾപൂ-
മൊഴികാലസ്ഥിതിയിപ്പൊഴിപ്രകാരം.

ഇങ്ങനെ പോകുന്നു അദ്ദേഹത്തിന്റെ കവിതാതടിനി. ഇടയ്ക്കു കുറച്ചു കാലത്തേക്കു കത്തുകളൊന്നും അയച്ചുകാണാത്തതിനെപ്പററി ഞാൻ അയച്ചിരുന്ന എഴുത്തിനു;

"മണ്ടയ്ക്കുമന്ദിരമെട്ടത്തുകടത്തിൽമുങ്ങി-
ക്കൊണ്ടത്തൽ മൂത്തുകുഴയുന്നവനീമ്മുതുക്കൻ
പണ്ടത്തെമട്ടുകവനംകഴവേററിമോദ-
പ്പൂണ്ടത്തെ എങ്ങിനെ സുമിത്രജനത്തിനേ
(കും"

എന്നാണ് മറുപടി അയച്ചതു് പിന്നീടു കുറച്ചുകാലത്തേക്കു അദ്ദേഹത്തിന്റെ കവിതകൾ ഞാൻ കണ്ടിട്ടില്ല.

സുപ്രസിദ്ധ കവിയായിരുന്ന ഒറവങ്കരരാജന്റെ "രാജാ"സ്ഥാനത്തെപ്പററി പണ്ടു് പത്രവഴി,

"രാജശബ്ദമവനീസുരസ്യതേ
ഭോ! ജനിപ്പതിനുവന്നകാരണം
വ്യാജഹീനമുരചെയ്യുകേൾപ്പതി
ന്നീജനത്തിനഭിലാഷമേധതേ!"

എന്നെഴുതിചോദിച്ചതും,

"നേരോടിന്നെന്റെ രാജാഭിധയുടെ വിവരം ചൊല്ലിടാം തെല്ലുകേൾപ്പാൻ
നേരംപോക്കുണ്ടൊരണ്ണൻമമമഹിതകവേ! മുന്നമുണ്ടായിരുന്നു
പാരം ഭ്രാന്തായി രാജാവഹമിദമുരചെയ്തുക്രമത്തെത്തുടർന്നു
കാരാഗാരേകിടന്നു ചിലദിനമൊടുവിൽ ദേവലോകേനടന്നു
ചാലേതഭ്രാജ,മണ്ടും തദവരജതയാവിൽതുടച്ചാവകാശ
ത്താലേവന്നുനമുക്കെന്നിഹചില പരിഹാസജ്ഞരോതിത്തുടങ്ങി
മാലോകക്കുള്ളൊരിഷ്ടത്തിനു ശമമുണ്ണവാനായ ഞാൻ സമ്മതിച്ചു
കാലത്താൽ പേരുറച്ചു കവിവര!ഗുണമായെന്നു ഞാനും നിനച്ചു"

എന്നു രാജൻനമ്പൂതിരി മറുപടി എഴുതിയതും സാഹിത്യരസികന്മാർ മറന്നിരിക്കയില്ല.

നടുവത്തച്ഛൻ നമ്പൂതിരി വെണ്മണി ഒറവങ്കര മുതലായി പഴയ കവികളിൽ ഒട്ടധികം പേരും കുഞ്ചുപ്പേററി അവർകളുടെ സ്നേഹിതന്മാരായിരുന്നു.

അനവധി കൃതിഖണ്ഡങ്ങൾ ഇദ്ദേഹം കൃതിച്ചതായുണ്ടെങ്കിലും അജാമിളമോക്ഷം ആട്ടക്കഥ മാത്രമേ മുദ്രണം ചെയ്തു ഞാൻ കണ്ടിട്ടുള്ളു. ഇദ്ദേഹം (65-ാമത്തെ വയസ്സിലാണെന്നു തോന്നുന്നു-) രണ്ടുവർഷം മുമ്പാണ് ദിവംഗതനായതു്. ഇദ്ദേഹത്തെപോലെയുള്ള എത്ര എത്ര സരസകവികളാണ് ഏടദീപങ്ങളായിരുന്നു പ്രപഞ്ചയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തിട്ടുള്ളതു്.

# സൗന്ദര്യപൂജ.

(ജി. കുമാർ)

—മാകന്ദമഞ്ജരി—

ആനന്ദ നൎത്തനലോലയായാനീല-
വാനിൽമനോജ്ഞമാം പൂവനിയിൽ
സുന്ദരചന്ദ്രികാസുസ്മിതംതൂകി വ-
ന്നുദ്യാനദേവത ലാലസിക്കേ,
ആയിരമായിരം താരകത്താരുക-
ളാരമണീയമാമാരാമത്തെ
കോമളമാമേതോദിവ്യപ്രഭാഞ്ചിത
രോമാഞ്ചകഞ്ചുകം ചാൎത്തിനില്ക്കേ,
എന്നെയും തന്നെ മറന്നു ഞാനങ്ങിനെ
നിൎന്നിമേഷാക്ഷനായ് നോക്കിനില്ക്കും

II

പച്ചവിരിച്ചൊരക്കാനനച്ഛായയിൽ
സ്വച്ഛന്ദംവിശ്രമം തേടിടുന്ന
കൊച്ചാട്ടിടയന്റെ വേണുവിൽനിന്നുരു-
മച്ചാരുസംഗീതവീചിലേശം
മാമകകൎണ്ണത്തിൽ മാധുൎയ്യമേറുന്ന
മുന്തിരിച്ചാറു പകൎന്നുനില്ക്കേ
സ്വൎഗ്ഗീയമാമേതോ ദിവ്യാനുഭൂതിതൻ
സുന്ദരോത്സത്തിൽ ഞാൻ നീളെനീന്തും

III

പൂന്തെന്നൽ പുൽകവേ പുഞ്ചിരിതൂകിയ
ചെന്തളിർ തോഴിമാരോടുകൂടി
പൊട്ടിച്ചിരിക്കുമക്കാട്ടാറിൻതീരത്തു
പൊന്നൊളിവീശി ലസിച്ചിടുന്ന
കുന്ദസൂനങ്ങളെക്കാണവേയെന്നുള്ളിൽ
മിന്നലൊരായിരം പായുകയായ്

IV

മാന്ത്രികശക്തിയാലെന്നപോൽ ഞാനേ-
ഗന്ധൎവ്വലോകത്തിൻതാഴ്‌വരയിൽ [തോ
ആനന്ദംപൂവിട്ടൊരാകൎഷണീയമാ-
മാരാമവേദിയിലെത്തുമപ്പോൾ.
അങ്ങെല്ലാംനിത്യസംഗീതത്തിൽദിവ്യമാം
മങ്ഗലവീചിയിൽ മുങ്ങിനില്ക്കും
നിത്യപ്രകാശത്തിൻ നിൎമ്മലവീചികൾ
നിസ്തുലപ്പൊന്നലുകിട്ടുനില്ക്കും.
ആയതിൽദീപ്തിയിലാകവേയൊന്നുചേ-
ന്നാരാൽ ഞാനാനന്ദകാരനാകും

*　　*　　*　　*　　*

തെല്ലിടപോകവേയെല്ലാം കഴിഞ്ഞുപോ-
യെല്ലാമീമായയിൽ ചേൎന്നുപോയി
ആടലോടപ്പോൾ ഞാനാരമ്യരൂപിയാം
വാടാവെളിച്ചത്തെത്തേടി നില്ക്കും.
കൈകളാൽകൈരവകോരകം നിൎമ്മിച്ചാ
കൈവല്യമൂൎത്തിയെപ്പൂജചെയ്യും.


# പൂമാല.

മി: പി. സി. കോരുത് എഴുതിയിട്ടുള്ള ഏററവും രസകരങ്ങളും തന്മയത്വസമ്പൂൎണ്ണങ്ങളുമായ പത്തു ചെറുകഥകളുടെ സമുച്ചയം. വില ൻ ണ.

മാനേജർ,
കേരളപബ്ളിഷിംഗ് കമ്പനി,
പുളിക്കീഴ്—തിരുവല്ലാ.

## നിങ്ങൾക്ക്

**തുച്ഛമായ ചെലവിൽ ഹോമിയോപ്പതി പഠിക്കുവാൻ ഞങ്ങളുടെ ഹോമിയോപ്പതി ഗ്രന്ഥം പോലെ പററിയ മററൊന്നില്ല. ക്രൗൺ സൈസിൽ 300-ൽ** പരം വശങ്ങളുള്ള ഈ പുസ്തകത്തിനു് വില 1 ക. ആയി കുറച്ചിരിക്കുന്നു. കുറച്ചു പ്രതികൾ മാത്രം. ഉടനെ ആവശ്യപ്പെടുക.

വി. പി. ഏർപ്പാടില്ല.

ഏ. കെ. ജോൺ
ആലുംമൂട്ടിൽ പീടികയിൽ
പുളിക്കീഴ്, തിരുവല്ല.

## കനകലത.

ഗ്രന്ഥകർത്താ:— കിടാരക്കുഴി
വി. എസ്സ്. രാജാ; വെങ്ങാന്തൂർ.

സഹൃദയസമ്മതി ലഭിച്ചിട്ടുള്ള പതിനെട്ടു കവിതാതല്ലജങ്ങളുടെ ക്രോഡീകരണം. വെള്ളമേനിക്കടലാസിൽ അച്ചടിച്ചു തയ്യാറാക്കിയിട്ടുള്ള ഈ സുന്ദരകൃതിക്കു് വില 4 ണ മാത്രം.

ഗ്രന്ഥകാരനോടാവശ്യപ്പെടുക.

## ഹസ്തശാസ്ത്രം

നിങ്ങളുടെ ഭാവിയെപ്പററി അറിയണമെങ്കിൽ, സാമുദ്രിക (ലക്ഷണ) ശാസ്ത്രം കുടിച്ചേർന്നിട്ടുള്ള ഈ പുസ്തകം വാങ്ങി പഠിക്കുക. വില 6 ണ. പോഷിണിവരിക്കാൎക്കു മൂന്നണമാത്രം.

മാനേജർ,
കേരളപബ്ളിഷിംഗ് കമ്പനി
പുളിക്കീഴ്—തിരുവല്ലാ.

# മെററൽവാൾനോട്ടീസ്

# ടൈപ്പുകൾ

## കേരള ടൈപ്പ് ഫൌണ്ടറി, കൊല്ലം

താഴെപ്പറയുന്ന ഇരുപത്തിയൊന്നു പ്രൗഢകവികളുടെ ജീവചരിത്രസംക്ഷേപവും അവരുടെ കൃതികളെപ്പററിയുള്ള നിരൂപണവും അടങ്ങിയ

### "കവിരത്നമാലിക" (1-ാം ഭാഗം.)

(വിദ്വാൻ ചെന്നിത്തല കെ. കൃഷ്ണയ്യർ.)

ഉടൻ പുറപ്പെടുന്നതാണു്.

൧) മഹാകവി ഉള്ളൂർ. (൨) ഗ്രാമത്തിൽ രാമവൎമ്മ കോയിത്തമ്പുരാൻ. (൩) എണ്ണക്കാട്ടുകൊട്ടാരത്തിൽ രാജരാജവൎമ്മ തമ്പുരാൻ. (൪) മാവേലിക്കര എം. ഉദയവൎമ്മതമ്പുരാൻ, B. A. (൫) കണ്ടിയൂർ കുഞ്ഞുവാര്യർ. (൬) മൂത്തേടത്തു വാസുദേവഗീൎവ്വാണകവിരാജൻ. (൭) കുറവഴിയത്തു വാസുദേവൻ പോററി. (൮) കണ്ടിയൂർ മഹാദേവശാസ്ത്രികൾ. (൯) കല്ലമ്പള്ളിൽ ഗോവിന്ദൻ നമ്പൂതിരി. (൰) വിലാട്ടത്തു രാഘവൻ നമ്പ്യാർ. ൰൧) ചുനക്കര ഉണ്ണികൃഷ്ണവാര്യർ. (൰൨) കുന്നത്തു സുബ്രഹ്മണ്യൻ പോററി. (൰൩) മൂത്തേടത്തു കുഞ്ഞിക്കുട്ടൻ പോററി. (൰൪) കണ്ടിയൂർ ശിവരാമപ്പിഷാരടി. (൰൫) എരുവയിൽ എം. ചക്രപാണിവാര്യർ. (൰൬) പെരുമ്പാറ വാസുദേവഭട്ടതിരി ൰൭) മുതുകുളം കെ. വേലുപ്പിള്ള (൰൮) മുരിങ്ങൂർ ശങ്കരൻ പോററി. (൰൯) കുറവേലിൽ രാമൻപിള്ള. (൨൰) ചെങ്ങഴശ്ശേരിൽ കൃഷ്ണപിള്ള. (൨൰൧) ചേകോട്ടാശാൻ."

ശ്രീ. പൊൻകുന്നം വി. എ. വൎക്കി
അവൎകളുടെ 2 സുന്ദരകൃതികൾ.

## വികാരസദനം

വികാരോത്തേജകങ്ങളായ ചെറുകഥകൾ, ജീവിതയാത്രയിലെ അസുലഭങ്ങളായ വിശ്രമമന്ദിരങ്ങൾ. അവതാരിക, പി. ശങ്കരൻനമ്പ്യാർ അവർകൾ എം. എ. ഇംഗ്ലീഷ് മട്ടിൽ കവർ ചിത്രങ്ങളോടു കൂടിയതു്.

വില രൂപാ 1—0—0

## തിരുമുൽക്കാഴ്ച

ഹൃദയത്തെ വിളിച്ചുണർത്തിച്ചിന്തിപ്പിക്കുന്ന സുന്ദരങ്ങളായ ഗദ്യകവിതകൾ. അവതാരിക മഹാകവി ഉള്ളൂർ.

വില രൂപാ 1—0—0

മേൽവിലാസം,
കെ. വി. ജോസഫ്, കട്ടപ്പുറത്തു്,
പൊൻകുന്നം A. O. കാഞ്ഞിരപ്പള്ളി P. O.

# THE BHASHAPOSHINI TIRUVALLA.

**THE OLDEST AND MOST WIDELY CIRCULATED**
**ILLUSTRATED MONTHLY ON THE WEST COAST**




## വരിസംഖ്യ

| | രൂ | ണ |
|---|---|---|
| ഒരാണ്ടത്തേക്ക് | 1 | 8 |
| ഒററപ്രതിക്ക് | | 2 |

## പരസ്യക്കൂലി

| | |
|---|---|
| ഒരു പ്രാവശ്യം മുഴുവൻ പേജ് | 10 രൂ |
| അരപ്പേജ് | 5 " |
| കാൽപ്പേജ് | 3 " |
| 12 പ്രാവശ്യം മുഴുവൻപേജ് | 100 " |
| " അരപ്പേജ് | 50 " |

മാനേജർ, ഭാഷാപോഷിണി
പുളിക്കീഴ്—തിരുവല്ലാ.
തിരുവിതാംകൂർ.

Printed and Published by K. C. Itty at the Bhagyodayam Press, Pulikeezh—Thiruvalla.